# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 13, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--339]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 2815 മുതൽ 2912 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : 2913 മുതൽ 2974 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : 2975 മുതൽ 3085 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 3086 മുതൽ 3153 വരെ |

### രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടികൾ

2815. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ 2 വരെയുള്ള കാലയളിൽ സംസ്ഥാനത്ത് എത്ര ജില്ലകളിലാണ് രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടികൾ നടത്തിയതെന്നും ഓരോ കേന്ദ്രത്തിലും എത്ര പരാതികൾ വീതമാണ് ലഭിച്ചതെന്നും ലഭിച്ച പരാതികളിൽ എത്രയെണ്ണം വീതം തീർപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര തുക വീതം സാമ്പത്തികസഹായമായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുവരെ പൂർത്തിയാക്കിയ ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനും, സുരക്ഷ ഒരുക്കുന്നതിനുമായി ഓരോ കേന്ദ്രങ്ങളിലും എത്ര പോലീസ് ഉദ്യോഗസ്ഥരുടെ വീതം സേവനമാണ് ഏർപ്പെടുത്തിയിരുന്നതെന്നും ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണ് ചുമതല നൽകിയിരുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നടത്തിയ രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടികളിൽ ഓരോ കേന്ദ്രങ്ങളിലും പന്തൽ, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവുകൾക്കായി എത്ര തുക വീതം ഓരോ ജില്ലകളിലും ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ജനസമ്പർക്ക പരിപാടികളുടെ മുഖ്യ നടത്തിപ്പ് ചുമതല ഏത് വകുപ്പിനായിരുന്നു നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഇൻ സർവ്വീസ് ട്രെയിനിംഗ്

2816. **ശ്രീ.സി.എഫ്.തോമസ്**

**,, മോൻസ് ജോസഫ്**

**,, റ്റി.യു. കുരുവിള**

**,, തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സേവനം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിന് അഡ്വൈസ് സമയം മുതൽ വിവിധ ഘട്ടങ്ങളിൽ എല്ലാവർക്കും ഇൻ സർവ്വീസ് ട്രെയിനിംഗ് നൽകുന്നതിന് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ - പൊതുമേഖലകളിലെ സേവനം കാര്യക്ഷമമാക്കുന്നതിന് ഒരു പുതിയ ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കുവാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഹർത്താലുകൾ മൂലമുള്ള നഷ്ടം</u>

2817. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹർത്താലുകൾ മൂലമുള്ള നഷ്ടപരിഹാരമായി എത്ര രൂപയാണ് ഈടാക്കിയിട്ടുള്ളത് ; ഇതിൽ എത്ര തുക കെ.എസ്.ആർ.ടി.സി യ്ക്ക് കൈമാറിയിട്ടുണ്ട് എന്ന് അറിയിക്കാമോ ?

<u>ഇ- ഫയലിങ്ങ് സമ്പ്രദായം</u>

2818. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഫയൽ സമ്പ്രദായം പൂർണമായും നടപ്പിലാക്കാതെ ചില വകുപ്പുകളിൽ ഫിസിക്കൽ ഫയൽ സ്വീകരിക്കില്ലെന്ന നിലപാടെടുക്കുന്നതു കൊണ്ടുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസമൊഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

<u>എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി മാറ്റി നൽകുന്നത്</u>

2819. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വെച്ച് നടന്ന മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ കാർഡ് ബി.പി.എൽ ആക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; അപേക്ഷകരുടെ പേരും മേൽവിലാസവും സഹിതം വിശദമാക്കാമോ ?

## യു.എ.ഇ സാമ്പത്തിക വകുപ്പിന്റെ അഞ്ചാമത് വാർഷിക സംഗമം

2820. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 30 മുതൽ മൂന്നു ദിവസം ദുബൈ വേൾഡ് ട്രേഡ് സെന്ററിലെ ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്ന യു.എ.ഇ സാമ്പത്തിക വകുപ്പിന്റെ അഞ്ചാമത് വാർഷിക സംഗമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ യാത്രയ്ക്ക് ചെലവഴിച്ച തുക എത്രയാണ് ?

## പി.എസ്.സി നിയമനം

2821. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ പി.എസ്.സി വഴി എത്ര പേർക്കാണ് നിയമനം നൽകിയതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

## എം.എൽ.എ. മാർക്ക് ഐഡിയാസ് പാസ് വേഡ് നല്കാൻ നടപടി

2822. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഫയലിംഗ് നടപ്പിലാക്കിയപ്പോൾ എം.എൽ.എ. മാർക്ക് ഫയൽ ഫോളോ അപ് നടത്തുന്നതിന് വലിയ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐഡിയാസ് വഴി ഫയലിന്റെ നീക്കം കണ്ടുപിടിക്കുന്നതിന് എം.എൽ.എ. മാർക്ക് പാസ് വേഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ പ്രധാന തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഐഡിയാസിൽ ഇ-ഫയലിംഗിന്റെ ഭാഗമായി എം.എൽ.എ. മാർക്ക് പാസ് വേഡ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. ബഹു. മുഖ്യമന്ത്രിക്ക് നൽകിയ 9067/V1 P/CM/14 dated 10.10.2014 ലെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## ഭരണ ഭാഷ മലയാളത്തിലാക്കിയതിന്റെ അവലോകനം

2823. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ ഭാഷ മലയാളമാക്കിയതിനു ശേഷം നിലവിലുള്ള ഏതെല്ലാം വകുപ്പുകളിലെ നിയമങ്ങളും ഉത്തരവുകളുമാണ് മലയാളമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഇപ്പോഴും ഇംഗ്ലീഷ് ഭാഷ തന്നെ ഉപയോഗിക്കുന്ന വകുപ്പുകൾ ഏതൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഭരണ ഭാഷ മലയാളമാക്കുന്നതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് തലവൻമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>കരുണ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വാഹനം</u>

2824. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിലിൽ എറണാകുളത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ നായരമ്പലം കരുണ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വാഹനം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദീകരിക്കാമോ;

(സി) ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്കായി അനുവദിക്കാനുദ്ദേശിക്കുന്ന യാത്രാ വാഹനം എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

<u>കൃഷി അസിസ്റ്റന്റുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ്</u>

2825. ശ്രീ.വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 57/09 കാറ്റഗറി നമ്പരിലുള്ള രണ്ടാം ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണെന്നു വ്യക്തമാക്കുമോ ;

(ബി) പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം നീട്ടികൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൃഷി അസിസ്റ്റൻറുമാരുടെ റാങ്ക് ലിസ്റ്റിൻെറ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ;

(സി) രണ്ടാം ഗ്രേഡ് കൃഷി അസിസ്റ്റൻറുമാരുടെ റാങ്ക് ലിസ്റ്റിൻെറ കാലാവധി അവസാനിക്കുന്നതെന്നാണ് ; ഈ ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ?

<u>വിവിധ സർക്കാർ കാലയളവുകളിലെ മന്ത്രിമാരുടെ ഡൽഹി യാത്ര ചെലവും ലഭിച്ച ഉറപ്പുകളും</u>

2826. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മുഖ്യമന്ത്രിയും മറ്റ മന്ത്രിമാരും പ്രധാനമന്ത്രിയെയും മറ്റ കേന്ദ്ര മന്ത്രിമാരെയും സന്ദർശിച്ച ഓരോ വേളയിലും പ്രധാനമന്ത്രിയോടും മറ്റ കേന്ദ്ര മന്ത്രിമാരോടും സംസ്ഥാന വികസനത്തിനായി ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമെന്നും ഇവയിൽ സംസ്ഥാനത്തിന് ലഭ്യമായവ എന്തെല്ലാമെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ യാത്രയിലും ആവശ്യപ്പെട്ട സംസ്ഥാന ആവശ്യങ്ങളിൽ ഉറപ്പുകൾ ലഭിച്ചതിൽ നടപ്പിലായത് ഏതെല്ലാമെന്നും നടപ്പിലാകാത്തത് ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ യാത്ര വഴിയും കേന്ദ്ര സർക്കാർ അനുവദിച്ച സംസ്ഥാന ആവശ്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു വന്ന അപാകതകൾ മൂലം നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങൾ ഏതെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ദേശീയ പെൻഷൻ പദ്ധതിയും നിയമനവും

2827. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം NPS (National Pension Scheme) നടപ്പിലാക്കുന്നതിന് മുൻപ് പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വകുപ്പുകൾ തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) NPS നടപ്പിലാക്കിയശേഷം PSC മുഖേന നടത്തിയ നിയമനങ്ങൾ എത്ര ; വകുപ്പുതിരിച്ചുളള വിശദവിവരം നൽകുമോ;

(സി) NPS ൽ ജീവനക്കാരിൽ നിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ Matching Grant അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുള്ള പണിമുടക്ക് നോട്ടീസ്

2828. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണം അടിയന്തിരമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് വിവിധ സർവ്വീസ് സംഘടനകൾ അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ടോ ; പണിമുടക്ക് ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

2829. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഘട്ടങ്ങളിൽ ജില്ലയിൽ ചികിത്സാ സഹായ ഇനത്തിൽ എത്ര തുക അനുവദിച്ചിരുന്നു; പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ;

(സി) ജില്ലയിൽ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നടത്തിയ പുതിയ പദ്ധതി പ്രഖ്യാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് ഏതു തരത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീമതി ജി. ശൈലജാദേവിയുടെ ജോലി സ്ഥിരപ്പെടുത്തുന്നതിന് നടപടി

2830. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ കഴിഞ്ഞ 12 വർഷമായി ജോലി ചെയ്യുന്ന ഇ.സി.ജി.ടെക്നീഷ്യൻ ശ്രീമതി ജി. ശൈലജാദേവിയുടെ ജോലി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലിൽ (No.50226/11/2014) തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ആർ.സി.സി.യിൽ 10 വർഷക്കാലത്തിലേറെ ജോലി നോക്കിയിരുന്ന വിവിധ തസ്തികകയിലുള്ള ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയിട്ടും 12 വർഷമായി ജോലി നോക്കുന്ന ശ്രീമതി ജി.ഷൈലജാദേവിയെ സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ശ്രീമതി ജി.ഷൈലജാദേവിയുടെ ജോലി സ്ഥിരപ്പെടുത്തുന്നതിൽ ഉടൻ തീരുമാനമെടുക്കുമോ?

## ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറി

2831. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, കണ്ണൂർ, കോട്ടയം ജില്ലകളിലെ ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികൾ നടത്തപ്പെടുന്നതായി പട്ടികജാതി ഗോത്ര കമ്മീഷന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ലഭിച്ച പരാതികളിൽ അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

## റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന നിവേദനവുമായുള്ള ഡൽഹി യാത്ര

2832. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകുവാൻ മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യത്തിനായുള്ള നിവേദക സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം മറ്റേതെങ്കിലും മന്ത്രിമാർ ഉണ്ടായിരുന്നോ ; എങ്കിൽ ആരൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം കേന്ദ്രമന്ത്രിമാരെയാണ് നിവേദക സംഘം കണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിവേദനം സമർപ്പിച്ചതിന്റെ ഫലമായി നാളിതുവരെയായി എന്തെങ്കിലും തരത്തിലുള്ള അനുകൂല നടപടികൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ ?

## ആലപ്പുഴ ജില്ലയിൽ ബി.പി.എൽ. - ലേക്ക് മാറ്റിയ റേഷൻ കാർഡുകൾ

2833. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മൂന്നുഘട്ടങ്ങളിലായി നടന്ന ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡിൽ നിന്നും ബി.പി.എൽ. - റേഷൻ കാർഡിലേക്ക് മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നു വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡുകൾ അനുവദിച്ചു; ഇതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) അമ്പലപ്പുഴ താലൂക്കിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് ലഭിച്ചു എന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിൽ ജനസമ്പർക്ക പരിപാടി

2834. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നടന്ന ജന സമ്പർക്ക പരിപാടി 2015 ലൂടെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട് ;

(ബി) അനുവദിച്ചതിൽ ഏറ്റവും ഉയർന്ന തുകയും കുറഞ്ഞ തുകയും എത്രയാണ് ;

(സി) അക്ഷയ മുഖാന്തിരം അപേക്ഷിച്ചവർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ചികിത്സയ്ക്കായി അനുവദിച്ച ധനസഹായം വൈകാനിടയാകുന്ന സാഹചര്യം വിശദീകരിക്കാമോ ;

(ഇ) ഫണ്ടിന്റെ ദൗർലഭ്യമാണ് കാരണമെങ്കിൽ തിടുക്കത്തിൽ ജനസമ്പർക്ക പരിപാടി നടത്താൻ പ്രേരിപ്പിച്ച ഘടകങ്ങൾ വിശദീകരിക്കാമോ ;

(എഫ്) ചികിത്സാ സഹായം അനുവദിക്കപ്പെട്ട എല്ലാ പേർക്കും ധനസഹായം എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയും ?

എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി

2835. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ 2015 ഏപ്രിലിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകുകയും നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടും ഇതുവരെ സഹായധനം ലഭിക്കാതെ അപേക്ഷകർ ബുദ്ധിമുട്ടുന്നുവെന്ന വരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചതിന് ശേഷവും വില്ലേജ് ഓഫീസറുടെയും മറ്റും അന്വേഷണ റിപ്പോർട്ടിനായി നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾക്കാണ് ഇനിയും ധനസഹായം വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി

2836. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ജനസമ്പർക്ക പരിപാടിയിൽ എറണാകുളം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായും ഇതര വിഭാഗത്തിലും നൽകിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയവ എത്രയെന്നും തീർപ്പാക്കാത്തവ എത്രയെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

<u>അരിവാൾ രോഗികൾക്ക് പെൻഷൻ നൽകുന്നതിന് നടപടി</u>

2837. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ സംഘടിപ്പിച്ച കരുതൽ 2015-ൽ വച്ച് എല്ലാ അരിവാൾ രോഗികൾക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇവർക്ക് പെൻഷൻ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>സേവനാവകാശ നിയമം</u>

2838. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമം നടപ്പിലാക്കാത്ത വകുപ്പുകളിൽ ആയത് നടപ്പിലാക്കുന്നതിന് എന്തെല്ലാം പ്രായോഗിക തടസ്സങ്ങൾ ആണ് ഉള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

<u>അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച നിവേദനങ്ങൾ</u>

2839. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ ഒന്നുമുതൽ 28 വരെ മുഖ്യമന്ത്രിയുൾപ്പടെ മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾ അരുവിക്കര നിയോജക മണ്ഡലത്തിൽ പര്യടനം നടത്തുകയുണ്ടായിട്ടുണ്ട്;

(ബി) ഈ കാലയളവിൽ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും അരുവിക്കര അസംബ്ലി മണ്ഡലത്തിലെ നിവാസികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ലഭിച്ച നിവേദനങ്ങൾ എത്ര വീതമാണെന്ന് വിശദമാക്കാമോ; മുഖ്യമന്ത്രിയും മന്ത്രിമാരും തങ്ങൾക്ക് അരുവിക്കര നിവാസികളിൽ നിന്നും ലഭിച്ച നിവേദനങ്ങളിൽ എത്രയെണ്ണത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തുടർ നടപടികൾ സ്വീകരിക്കാതെ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തത് എത്ര വീതം;

(സി) അരുവിക്കര അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ട് 2015 ജൂൺ മാസത്തിൽ ഫയലുകളിൽ മന്ത്രിമാർ തീരുമാനം എടുക്കുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

## മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ

2840. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് ; ഒന്നിൽ കൂടുതൽ എം.എ.സി.റ്റി .ഏതെങ്കിലും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കാസർകോട് ജില്ലയിൽ ഇതുവരെ എം.എ.സി.റ്റി.സ്ഥാപിക്കാത്തതിന്റെ കാരണമെന്താണ് ; ഈ ജില്ലയിൽ എം.എ.സി.റ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ ?

## കാസർഗോഡ് ജില്ലയിലെ വർഗ്ഗീയ സംഘട്ടനങ്ങൾ

2841. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വർഗ്ഗീയതയും ജാതീയതയും പ്രചരിപ്പിക്കുകയും നിസ്സാര കാരണങ്ങൾപോലും വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ വഴിമാറ്റപ്പെടുകയും ചെയ്യുന്ന ആസൂത്രിത സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും ജനങ്ങളിൽ വർഗ്ഗീയതക്കും ജാതീയതക്കും തീവ്രവാദത്തിനുമെതിരെ അവബോധം വളർത്തി ജില്ലയിൽ മതസൗഹാർദ്ദം കാത്തു സൂക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

## ഡിജിറ്റൽ ഡോക്യുമെൻറ് ഫയലിംഗ് സിസ്റ്റം

2842. ശ്രീ.ഹൈബി ഈഡൻ

,, കെ.അച്ചുതൻ

,, പി.സി വിഷ്ണുനാഥ്

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെൻറ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത സംവിധാനത്തിൻെറ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനം മുഖേന ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

## സർക്കാർ ഡയറി

2843. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണവകുപ്പ് അച്ചടിച്ച 2015-ലെ ഡയറിയിൽ സർക്കാർ ഗസ്റ്റ് ഹൗസുകളുടെ ടെലഫോൺ നമ്പറുകളുടെ കൂടെ സ്വകാര്യ റിസോർട്ടിന്റെ നമ്പർ അച്ചടിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്വകാര്യ റിസോർട്ടുകളുടെ നമ്പറുകളാണ് അച്ചടിച്ചത് എന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ ഡയറിയിൽ സ്വകാര്യ റിസോട്ടുകളുടെ നമ്പർ നൽകുന്നതുകൊണ്ട് സർക്കാരിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാവുക എന്ന് വിശദമാക്കാമോ ?

## സർക്കാർ ധനസഹായ വിതരണത്തിൽ നിന്ന് ജനപ്രതിനിധികളെ വിലക്കിയുള്ള ഉത്തരവ്

2844. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർധനസഹായ വിതരണത്തിൽ നിന്ന് ജനപ്രതിനിധികളെ വിലക്കിക്കൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് ഇറക്കിയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സർക്കാർ ഓഫീസുകൾ ലഹരിമുക്തമാക്കാൻ നടപടി

2845. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ ജോലി സമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ജോലി സമയത്ത് ലഹരി ഉപയോഗിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ ആലോചനയുണ്ടോ ; വ്യക്തമാക്കുമോ ?

## സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്ക്

2846. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരും അധ്യാപകരും അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പണിമുടക്കിന് കാരണമായി ഉന്നയിക്കുന്ന ഡിമാന്റുകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ആവശ്യങ്ങളിൽ ഓരോന്നിലുമുള്ള നിലപാട് പ്രത്യേകം വിശദമാക്കാമോ ?

<u>സ്പോർട്സ് ക്വാട്ട നിയമനം</u>

2847. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ സ്പോർട്സ് ക്വാട്ട നിയമനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2010 മുതൽ നിയമനം നടക്കാതിരിക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) സ്പോർട്സ് ക്വാട്ട നിയമനം വഴി എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ജനസമ്പർക്ക പരിപാടികൾ</u>

2848. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണത്തിൽ അന്തിമ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>മുഖ്യമന്ത്രി ഉപയോഗിക്കുന്ന മൊബൈൽ ഫോണുകൾ</u>

2849. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയ്ക്ക് സർക്കാർ നൽകിയ മൊബൈൽ ഫോൺ ഉപയോഗിക്കാറുണ്ടോ;എന്നുമുതലാണ് ഉപയോഗിച്ചുതുടങ്ങിയത്;അതിന് മുൻപ് യാത്രവേളകളിലും ഓഫീസിലും മുഖ്യമന്ത്രി ഉപയോഗിച്ചുപോന്നിരുന്ന മൊബൈൽ ഫോൺ ഏതായിരുന്നു;

(ബി) നിലവിൽ മുഖ്യമന്ത്രി ഉപയോഗിക്കുന്ന മൊബൈൽ ഫോണുകൾ ഏതൊക്കയാണ്; അതിൽ സർക്കാർ നൽകിയത് ഏത്; മൊബൈൽ ചാർജ്ജ് ഇനത്തിൽ ഇതിനകം മുഖ്യമന്ത്രിക്ക് വേണ്ടി ചെലവായ തുക എത്ര?

<u>മന്ത്രിമാരുടെ വിദേശ യാത്ര</u>

2850. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ മന്ത്രിമാരും ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിദേശ യാത്രകൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ?

## സർവ്വീസിൽ നിന്ന് വിരമിച്ചവർ

2851. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മുതൽ ജൂൺ 30 വരെ സംസ്ഥാന സിവിൽ സർവ്വീസിൽ നിന്ന് എത്ര പേർ വിരമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 2015 മാർച്ച് 31 ന് എത്ര അദ്ധ്യാപകർ വിരമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

## അദാനിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

2852. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ ക്വാട്ട് നൽകിയ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിലുള്ള ശ്രീ. കെ.വി.തോമസ് എം.പി യുടെ വീട്ടിൽ വെച്ച് സംസാരിക്കുകയുണ്ടായോ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു; ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ആഫീസുകളും സംവിധാനങ്ങളും നിലനിൽക്കെ ഒരു എം.പിയുടെ വീട്ടിൽ വച്ച് അദാനിയുമായി സംസാരിക്കേണ്ടിവന്നത് എന്തു സാഹചര്യത്തിലായിരുന്നു;

(ബി) എം.പി യുടെ വീട്ടിലെത്തിയ ഉദ്യോഗസ്ഥന്മാരും, അല്ലാത്തവരും ആരൊക്കെയായിരുന്നു;വീട്ടിലെത്തിയവരിൽ മുഖ്യമന്ത്രിയും അദാനിയും തമ്മിലുള്ള ചർച്ചയിൽ ആദ്യവസാനം പങ്കെടുത്തവർ ആരൊക്കെയായിരുന്നു; ചർച്ച ഔദ്യോഗിമോ വ്യക്തിപരമോ ആയിരുന്നുവോ; ഔദ്യോഗികമായിരുന്നുവെങ്കിൽ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(സി) കൂടിക്കാഴ്ചയിൽ അദാനിയുമായി മുഖ്യമന്ത്രി എന്തെല്ലാം കാര്യങ്ങൾ സംസാരിക്കുകയും ധാരണയിലെത്തുകയും ചെയ്തു; വിശദമാക്കാമോ;

## വെട്ടിക്കുറച്ച തസ്തികകൾ

2853. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തസ്തികകൾ വെട്ടി ക്കുറച്ചിട്ടുണ്ടെന്ന് വ്യകത്മാക്കാമോ;

(ബി) ഓരോ വകുപ്പിലും വെട്ടിക്കുറച്ച തസ്തികകൾ എത്രയാണെന്ന് വിശദമാക്കാമോ ?

## ഹെലിക്കോപ്റ്റർ യാത്രച്ചെലവ്

2854. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്കും മറ്റും ഹെലിക്കോപ്റ്റർ യാത്രയിനത്തിൽ ഖജനാവിൽ നിന്ന് ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിവരിക്കുമോ ;

(ബി) മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഓരോ വർഷവും (2011-2015) ചെലവാക്കിയ തുകയും മന്ത്രിമാരുടെ പേരുവിവരവും വെളിപ്പെടുത്തുമോ ?

## സ്വകാര്യമേഖലയിൽ സംവരണം

2855. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ സംവരണമാകാമെന്ന തരത്തിൽ കേന്ദ്ര സർക്കാരിന്റെയോ സുപ്രീം കോടതിയുടേയോ എന്തെങ്കിലും വിധിയോ പരാമർശമോ നിലവിലുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കോടതിയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി)

## സെക്രട്ടേറിയറ്റിന് മുമ്പിലെ സമരങ്ങൾ

2856. ശ്രീ.ഹൈബി ഈഡൻ

,, ടി.എൻ. പ്രതാപൻ

,, ആർ . സെൽവരാജ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയപാർട്ടികൾക്ക് നൽകിയിട്ടുണ്ടോ;വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സെക്രട്ടേറിയറ്റിന് മുൻപിലും പരിസരത്തുമുള്ള സമരങ്ങൾ ജനങ്ങളെ ബുദ്ധിമുട്ടിക്കാത്തവിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ടോ;വിശദാംശങ്ങൾ എന്തെല്ലാം?

## ടൈപ്പിസ്റ്റുമാരുടെ ശമ്പള സ്കെയിൽ ഏകീകരണം

2857. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും സർക്കാരിന്റെ വിവിധ വകുപ്പുകളിലും സർവ്വകലാശാലകളിലും ജോലി ചെയ്യുന്ന ടൈപ്പിസ്റ്റുമാർക്ക് ഒരേ യോഗ്യതയും വ്യത്യസ്ത

നിരക്കിലുള്ള ശമ്പളവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൈപ്പിസ്റ്റുമാരുടെ ശമ്പള സ്കെയിൽ ഏകീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി പുനർ നാമകരണം ചെയ്യുമോ;

(ഡി) ടൈപ്പിസ്റ്റ് തസ്തികയിലെ പ്രമോഷൻ പോസ്റ്റായ ഫെയർ കോപ്പി സൂപ്രണ്ട് ഗസറ്റഡായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ടൈപ്പിസ്റ്റ് തസ്തിക സാങ്കേതിക തസ്തികയാക്കി (Technical post) മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മന്ത്രിമാർക്കായി വാങ്ങിയ വാഹനങ്ങൾ

2858. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഓരോ മന്ത്രിമാരുടെയും ആവശ്യങ്ങൾക്കായി വാങ്ങിയ വാഹനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഓരോ മന്ത്രിമാർക്കും നാളിതുവരെ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത് എന്നതും സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) വാഹനങ്ങൾ വാങ്ങുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ?

ഹെഡ്ക്വാർട്ടേഴ്സ് നിയമനം

2859. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിക്കുന്ന ജില്ലാതല ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിലേക്ക് നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ ; ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ റിക്രൂട്ട്മെന്റിൽപ്പെട്ട ഇവർക്ക് അന്തർജില്ലാ /വകുപ്പ് മാറ്റങ്ങളുടെ നിബന്ധനകളില്ലാതെ സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വ്യക്തമാക്കുമോ ?

പാലക്കാട് ജില്ലയിലെ കോടതികൾ

T 2860. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ കോടതികളിലായി എത്ര കേസുകൾ തീർപ്പാക്കുവാനുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജില്ലയിൽ കൂടുതൽ അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; നിലവിൽ ജില്ലയിൽ എത്ര അതിവേഗകോടതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

കോടതികളുടെ പഴക്കവും അസൗകര്യവും

T 2861. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വിവിധ കോടതികളുടെ പഴക്കവും അസൗകര്യവും മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കോടതിയുടെ സൗകര്യങ്ങൾ കാലികമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ജഡ്ജിമാരുടെ ഒഴിവ്

T 2862. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ കോടതിയിൽ ജഡ്ജിമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

(ബി) എത്ര കേസുകളാണ് ഇവിടെ വിചാരണ കാത്ത് കിടക്കുന്നതെന്ന് കണക്കുകൾ ലഭ്യമാക്കാമോ;

(സി) കാസർഗോഡ് കുടുംബ കോടതിയിൽ ജഡ്ജിയുടെ ഒഴിവ് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജഡ്ജിമാരുടെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സിന് ഭൂമി

T 2863. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സിന് കല്ലട ജലസേചന പദ്ധതിയിൽ നിന്ന് ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥലത്തുള്ള കെട്ടിടത്തിൽ കോടതി പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

കുടുംബകോടതിയിൽ പുതിയതായി ഫയൽ ചെയ്ത കേസ്സുകൾ

2864. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മുതൽ ജൂൺ 30 വരെ വിവിധ കുടുംബകോടതികളിലായി എത്ര കേസ്സുകൾ പുതിയതായി ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 2014 ൽ ഇതേ കാലയളവിൽ വിവിധ ജില്ലകളിലായി എത്ര കേസ്സുകൾ ഫയൽ ചെയ്തിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

കടലോര പ്രദേശത്തെ തീക്കാറ്റ്

2865. ശ്രീ.റോഷി അഗസ്റ്റിന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളില്‍ കാണപ്പെടുന്ന അസാധാരണ പ്രതിഭാസമായ തീക്കാറ്റിന്റെ ശാസ്ത്രീയവശം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനായി ശാസ്ത്രജ്ഞരെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കുമോ ;

(സി) ഇതുമൂലം കടലോര ജനതയ്ക്കുണ്ടായിട്ടുള്ള ഭയാശങ്കകള്‍ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

ഇടുക്കി - തേനി അതിര്‍ത്തിയില്‍ കണിക പരീക്ഷണശാല

2866. ശ്രീ.എസ്.രാജേന്ദ്രന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി - തേനി അതിര്‍ത്തിയില്‍ കണിക പരീക്ഷണശാലയും അതിനോട് ചേര്‍ന്ന് ഭൂഗര്‍ഭ ആണവ മാലിന്യ സംഭരണികളും നിര്‍മ്മിക്കാനുള്ള നീക്കം നടക്കുന്നു എന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് സംസ്ഥാനത്തെ ഏതെങ്കിലും തരത്തില്‍ ബാധിക്കുമോ എന്നതു സംബന്ധിച്ച് പഠനം നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ജനങ്ങളുടെ ആശങ്ക പരിഹരിക്കാന്‍ ഏതെങ്കിലും തരത്തിലുള്ള ഇടപെടല്‍ കേന്ദ്രസര്‍ക്കാരില്‍ നടത്തുകയുണ്ടായോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ?

ഫെലോഷിപ്പ് തുക

2867. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗണ്‍സിലിന്റെ കീഴില്‍ ജൂനിയര്‍ റിസര്‍ച്ച് ഫെലോഷിപ്പിന് (ഫോര്‍ പി.എച്ച്.ഡി) നിലവില്‍ കൊടുത്തുവരുന്ന പ്രതിമാസ സംഖ്യ എത്ര;

(ബി) കേന്ദ്ര മാനവവിഭവശേഷി വകുപ്പും, കേന്ദ്ര ശാസ്ത്ര സാങ്കേതികവകുപ്പും മേല്‍പ്പറഞ്ഞ ഫെലോഷിപ്പ് വര്‍ദ്ധിപ്പിച്ച് വിജ്ഞാപനം ഇറക്കിയത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ആയത് കേരളത്തില്‍ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണമെന്താണ്; അത് പൂര്‍വ്വകാല പ്രാബല്യത്തോടെ വിതരണം ചെയ്യാന്‍ നടപടി സ്വീകരിക്കുമോ?

തീരപരിപാലന നിയമം

2868. ശ്രീ.പി.തിലോത്തമന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തീരപരിപാലന നിയമം നടപ്പിലാക്കുമ്പോൾ കടലിന്റെയും കായലിന്റെയും തീരങ്ങളിലുള്ള സർക്കാർ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ഒട്ടേറെ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ദീർഘകാലമായി കായലിനോട് ചേർന്ന് നില്ക്കുന്ന ആശുപത്രികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പോലുള്ള സർക്കാർ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനവും പുതിയ വാർഡുകളുടെ നിർമ്മാണവുമെല്ലാം ഈ നിയമം മൂലം തടസ്സപ്പെടുമെന്നിരിക്കേ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കാവുന്ന ഈ വിഷയത്തിൽ എന്തു പരിഹാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും മറ്റ് സർക്കാർ സ്ഥാപനങ്ങളെയും പ്രസ്തുത നിയമം മൂലമുള്ള വികസന പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>തീരപ്രദേശങ്ങളിൽ ഉണ്ടായ തീക്കാറ്റ്</u>

2869. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ശക്തമായ കാലവർഷത്തോടൊപ്പം തീക്കാറ്റ് അടിക്കുകയും വൃക്ഷങ്ങളും മറ്റും ഉണങ്ങുകയും ചെയ്തതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഇത് സംഭവിച്ചത് എന്ന് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>എച്ച്. എസ്. എ. മലയാളം റാങ്ക് ലിസ്റ്റ്</u>

2870. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എച്ച്. എസ്. എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ; പ്രസ്തുത ലിസ്റ്റിൻെറ കാലാവധി എന്ന് അവസാനിക്കും ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് ഇതുവരെ നിയമനം നൽകി ; വിവിധ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

<u>പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടും നിയമനം ലഭിച്ചില്ലെന്ന പരാതി</u>

2871. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടും നിയമനം ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളുടെ റാങ്ക് ലിസ്റ്റിൽ നിന്നും ശിപാർശ ലഭിച്ചവർക്കാണ് ഇതിനകം നിയമനം നൽകാനുള്ളത്;

(ബി) ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് എന്നാണ് നിയമന ശിപാർശ നൽകിയത്;

(സി) പി.എസ്.സി. ചട്ടങ്ങൾ പ്രകാരം എത്ര ദിവസത്തിനകമാണ് ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നത്;

(ഡി) ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം നിയമനം കാത്തുനിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവർ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## പി.എസ്.സി ഓൺലൈൻ പരീക്ഷ

2872. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തിയ പരീക്ഷകൾ കുറ്റമറ്റരീതിയിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്;

(ബി) പി.എസ്.സി ഓൺലൈൻ പരീക്ഷ നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## പി.എസ്.സി പരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ

2873. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 279/2011 പ്രകാരം പി.എസ്.സി നടത്തിയ പരീക്ഷയിൽ യോഗ്യത നേടിയ എത്ര ഉദ്യോഗാർത്ഥികൾ ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നോ എന്ന് വിശദമാക്കുമോ;

(സി) വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നത് പോലെ പ്രസ്തുത ഉദ്യോഗാർത്ഥകളുടെ അപേക്ഷകൾ നിരസിച്ചോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) ഉത്തരക്കടലാസ് പുന:പരിശോധനയ്ക്ക് അപേക്ഷിച്ചവർക്ക് ആദ്യം ലഭിച്ച മാർക്കും പുന:പരിശോധനയ്ക്കുശേഷം ലഭിച്ച മാർക്കും വിശദമാക്കുമോ?

## പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ .

2874. ശ്രീ.അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, വർക്കല കഹാർ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തസ്തികകൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ദിവസ വേതനാടിസ്ഥാനത്തിലുള്ള അനധികൃത നിയമനം</u>

2875. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ, യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ടുചെയ്യാതെ ടി ഒഴിവുകളിൽ തങ്ങൾക്കു താൽപര്യമുള്ളവർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 89 ദിവസം ജോലി നൽകുകയും പിന്നെ ഒരു ദിവസത്തെ ബ്രേക്ക് നൽകി ഈ പ്രക്രിയ ആവർത്തിക്കുക വഴി വർഷങ്ങളോളം ജോലിയിൽ തുടരാൻ അനുവദിക്കുകയും ഇതുവഴി പി.എസ്.സി. ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം നിഷേധിക്കുകയും ചെയ്യുന്നു എന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നടപടി</u>

2876. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഡിപ്പാർട്ടുമെന്റുകളിലും ഉയർന്ന തസ്തികകൾ പ്രമോഷൻ വഴി നികത്താതെ ഒഴിച്ചിടുന്നതുമൂലം ഫീഡർ തസ്തികയായ എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന തസ്തികകളിലേക്ക്സമയബന്ധിതമായി പ്രോമോഷൻ നൽകി അവ നികത്തുന്നതിനും അതു വഴി എൽ.ഡി ക്ലാർക്ക് തസ്തികകളിൽ വരുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ടു ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

<u>സഹകരണ വകുപ്പിലെ നിയമനങ്ങളിലെ കാലതാമസം</u>

2877. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട പരീക്ഷാ നടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലും അനാവശ്യമായ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 28-12-2011 ൽ വിജ്ഞാപനം പുറപ്പെടുവിച്ച കാറ്റഗറി നമ്പർ 449/11 ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നാളിതുവരെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഒഴിവുകളിലേക്ക് എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയും എന്നറിയിക്കാമോ?

## ഹയർ സെക്കന്ററി സ്കൂൾ കോമേഴ്സ് അധ്യാപകരുടെ നിയമനം

T 2878. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ കോമേഴ്സ് അധ്യാപകരെ നിയമിക്കാനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി ;

(സി) ആരെയും നിയമിച്ചിട്ടില്ലെങ്കിൽ നിയമനം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

## വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

2879. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും മറ്റ ജില്ലകളെ അപേക്ഷിച്ച് നിയമനം വളരെ കുറവാണ് നടന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയത് എന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നും അറിയിക്കുമോ ;

(ഡി) ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പടെ വേഗത്തിൽ റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

## ബോട്ട് ലാസ്കർ തസ്തികയിലേക്കുള്ള പി.എസ്.സി നിയമനം

2880. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് ലാസ്കർ തസ്തികയിലേക്കായി 95/2007 കാറ്റഗറി നമ്പറിൽ പി.എസ്.സി പുറത്തിറക്കിയ ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശം സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഹിന്ദു നാടാർ വിഭാഗത്തിൽപെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇല്ല എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും ആകെ നൽകിയിട്ടുള്ള നിയമനങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>കാസറഗോഡ് സിവിൽ സ്റ്റേഷൻ ജീവനക്കാർക്ക് എച്ച്.ആർ.എ</u>

2881. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് മുനിസിപ്പൽ അതിർത്തിയിലെ ചെങ്കള പഞ്ചായത്തിലാണ് കാസറഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതിചെയ്യുന്നു എന്നുള്ളതുകൊണ്ട് അവിടത്തെ ജീവനക്കാർക്ക് പഞ്ചായത്തിലെ നിരക്കിൽ മാത്രമേ എച്ച്.ആർ.എ. നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം കാസറഗോഡ് സിവിൽ സ്റ്റേഷനിൽ നിയമനം ലഭിക്കാൻ ജീവനക്കാർ താല്പര്യം കാണിക്കാത്ത സാഹചര്യം പരിഗണിച്ച് സിവിൽ സ്റ്റേഷൻ ജീവനക്കാർക്ക് മുൻസിപ്പാലിറ്റിയിലെ നിരക്കിൽ എച്ച്.ആർ.എ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>സിവിൽ സർവ്വീസ് ബോർഡ്</u>

2882. **ശ്രീ.വി.റ്റി.ബൽറാം**

**,,** ജോസഫ് വാഴയ്ക്കൻ

**,,** പാലോട് രവി

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഉദ്യോഗസ്ഥരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ നിയമനം</u>

2883. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന് കെ.പി.എസ്.സി അവസാനമായി പരീക്ഷ നടത്തിയ തീയതി എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് വൈകുന്നതിൻെറ കാരണം വിശദമാക്കാമോ;

(ഡി) ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് പി.എസ്.സി യിലേയ്ക്ക്

ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നിയമനങ്ങൾ പി.എസ്.സി. വഴി

2884. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഏതെല്ലാം റിക്രൂട്ട്മെന്റ് ബോർഡുകൾ പ്രവർത്തനം ആരംഭിച്ചു ; പ്രസ്തുത ബോർഡുകളിലെ അംഗങ്ങൾ, ഉദ്യോഗസ്ഥ സംവിധാനം, നിയമന രീതികൾ തുടങ്ങിയവ വ്യക്തമാക്കുമോ ;

(ഇ) ഈ ബോർഡുകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

## സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും മറ്റുമുള്ള അംഗത്വം

2885. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും കമ്മിറ്റികളിലും അംഗമാകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വ്യക്തി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന ഇത്തരം നീക്കങ്ങളിൽ നിന്ന് പിന്തിരിയുവാനും സംഘടനകളുടെ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ ജീവനക്കാർക്ക് അതിൽ അംഗമായി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

## ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രമോഷൻ

2886. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റ് വരെയുള്ള ക്ലാസ്സ് 3, 4 ജീവനക്കാരുടെ പ്രമോഷൻ യഥാസമയം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുമോ ;

(ഡി) നിലവിൽ ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഡെപ്യൂട്ടേഷൻ വ്യവസ്ഥകളുടെ നവീകരണം

2887. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ ഉദാരമാക്കുമോ ;

(ബി) നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ സർക്കാർ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

കാലാവധികഴിയുന്ന പി.എസ്.സി. ലിസ്റ്റുകൾ

2888. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 -ലെ വിവിധ മാസങ്ങളിൽ കാലാവധികഴിയുന്ന പി.എസ്.സി. ലിസ്റ്റുകൾ ഏതൊക്കെയാണെന്നും അവയുടെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

സെക്രട്ടറിയേറ്റ് -പി.എസ്സ്.സി എന്നിവടങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും

2889. ശ്രീ.മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് -പി.എസ്സ്.സി എന്നിവിടങ്ങളിലെ താഴ്ന്നവിഭാഗം ജീവനക്കാർക്ക് അർഹമായ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടറിയേറ്റ് -പി.എസ്സ്.സി എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) യോഗ്യരായ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിൽ ഉൾപ്പെടെ പ്രൊമോഷൻ നൽകുന്നത് 10% ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

2890. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2013 ജനുവരി 5ന് നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ പ്രകാരം എത്ര ഉദ്യോഗാർത്ഥികൾ അടങ്ങിയ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(സി) ഈ ലിസ്റ്റിൽ നിന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; ഇതിന്മേൽ ആനുകൂല നടപടി സ്വീകരിക്കുമോ ?

<u>കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് **II** തസ്തികയിലെ നിയമന ശുപാർശ</u>

2891. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 349/2008 പ്രകാരമുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയ തീയതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീയതിക്ക് ശേഷം ടി തസ്തികയിൽ സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഏറ്റവും ഒടുവിൽ നിയമന ശിപാർശ നടത്തി ആറുമാസം കഴിഞ്ഞിട്ടും നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന ശിപാർശ നൽകാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ അയയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം</u>

T 2892. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത മ്യൂസിയം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>സ്വാതന്ത്ര്യ സമരസേനാനികളുടെ ഡി.എ. പരിഷ്കരണം</u>

2893. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്ന സ്വാതന്ത്ര്യ സമര സേനാനികൾക്ക് നിലവിൽ എത്ര ശതമാനം ഡി.എ. ആണ് നൽകുന്നത് എന്നും നിലവിലുള്ള ഡി.എ എന്നുമുതലാണ് നൽകിവരുന്നത് എന്നും അറിയിക്കാമോ ;

(ബി) സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ ; ജീവിതവില സൂചിക ഒട്ടേറെ ഉയർന്നിട്ടും സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ കഴിഞ്ഞ നാല് വർഷമായി പരിഷ്കരിച്ച് നൽകിയിട്ടില്ല എന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തു കാരണത്താലാണ് ഡി.എ പരിഷ്കരിച്ച് നൽകാത്തത് എന്ന് വ്യക്തമാക്കുമോ ;

(സി) സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി. എ അടിയന്തരമായി വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

2894. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പട്ടിത്താനം, കോനാട്ടുവീട്ടിൽ ശ്രീ. നാരായണന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF No.34852/2013 dated 11/10/2013-ൽ അനുവദിച്ച Rs.10000/- രൂപ ടിയാന് കിട്ടാത്തതിന്റെ കാരണം വ്യക്തമാക്കാമോ; തുക അനുവദിച്ചത് സംബന്ധിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; പ്രസ്തുത കക്ഷിക്ക് തുക അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) CMDRF No.13526/CM/2015 dated 17/3/15, No.8046/DRF/CM/2015 dated 23/2/15 എന്നീ അപേക്ഷകളിന്മേൽ ഇറക്കിയിട്ടുള്ള ജി.ഒ. നൽകാമോ; എത്ര രൂപ ചികിത്സാ ധനസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം

2895. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നല്കിയ ശ്രീമതി മണി, കളത്തിൽ, മണപ്പള്ളിവടക്ക്, മണപ്പള്ളി പി.ഒ, തഴവ, പവുമ്പ വില്ലേജ്, കരുനാഗപ്പള്ളി, കൊല്ലം എന്ന വ്യക്തിയ്ക്ക് നാളിതുവരെ ധനസഹായം ലഭ്യമാക്കിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വ്യക്തി എം.എൽ.എ മുഖാന്തിരം അപേക്ഷ നൽകിയിട്ട് ഒരു വർഷമായിട്ടും ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) അടിയന്തരമായി ദുരതാശ്വാസ നിധിയിൽ നിന്നും ധനസഹായം ഈ വ്യക്തിയുടെ കുടുംബത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച ചികിൽസാ സഹായം

2896. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ നിന്നും എം. എൽ.എ.-മാർ മുഖേന ലഭിച്ച ചികിൽസ സഹായ അപേക്ഷകൾ എത്രയാണെന്ന് വർഷം

തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; പ്രസ്തുത അപേക്ഷകളിന്മേൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ വിവിധ മണ്ഡലങ്ങളിൽ നിന്നും എം.എൽ.എ. മാർ മുഖേന നൽകിയ അപേക്ഷകൾ എത്രയെന്നും പ്രസ്തുത അപേക്ഷകളിന്മേൽ അനുവദിച്ച ധനസഹായം എത്രയെന്നും വർഷം തിരിച്ചുള്ള കണക്ക് നൽകാമോ ?

## ചികിത്സാ ധനസഹായം

2897. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാ ധനസഹായം അപേക്ഷകന്റെ താലൂക്കിൽ നിന്നും വിതരണം നടത്തുന്നതിന് പകരം ജില്ലയിലെ മറ്റ് താലൂക്കുകളിൽ നിന്നും വിതരണം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താലൂക്കുകളിൽ ചികിത്സാ ധനസഹായം എത്തി എന്ന വിവരം അപേക്ഷകനെ യഥാസമയം അറിയിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അർഹതപ്പെട്ട ചികിത്സാ സഹായം ഏത് താലൂക്കിൽ നിന്നാണ് ലഭിക്കേണ്ടത് എന്നറിയാതെ രോഗിയായ അപേക്ഷകർ ഓരോ താലൂക്കും കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(ഡി) ചികിത്സാ സഹായം അപേക്ഷകന്റെ താലൂക്കിൽ നിന്നുതന്നെ വിതരണം ചെയ്യുന്നതിനും ചികിത്സാ സഹായം വിതരണം ചെയ്യുന്നു എന്ന വിവരം അപേക്ഷനെ കത്ത് മുഖാന്തരം അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## ദുരിതാശ്വാസ നിധി-ചികിൽസാ സഹായം

2898. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി നാളിതുവരെ ഓരോ ജില്ലയിലേക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പാലക്കാട് ജില്ലയിലേക്ക് ഏത് മാസംവരെയുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ അനുവദിച്ച് കിട്ടിയ തുക മുഴുവനും വിതരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

## ദുരിതാശ്വാസ നിധിയിലെ ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

2899. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിലെ ചികിത്സാ ധനസഹായ വിതരണത്തിലുണ്ടാവുന്ന കാലതാമസം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ:

(ബി) അടിയന്തരമായി ലഭിക്കേണ്ട ചികിത്സാ ധനസഹായം യഥാസമയം ലഭിക്കാത്തത് കാരണം രോഗികൾക്കുണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ:

(സി) രോഗത്തിന്റെ പ്രാധാന്യവും രോഗിയുടെ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കി ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

2900. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ജീവൻ എന്ന കുട്ടി മരണപ്പെട്ടതിനെത്തുടർന്ന് പിതാവായ ശ്രീ.ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ ധനസഹായത്തിന് അപേക്ഷ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല എന്ന കാര്യം അറിയുമോ ;

(സി) തുക എന്നത്തേക്ക് അനുവദിച്ച് ഉത്തരവ് നൽകുമെന്ന് അറിയിക്കുമോ ?

## ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

2901. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ മുളങ്ങ് എന്ന പ്രദേശത്ത് ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരണപ്പെട്ട തൊഴിലാളികളുടെ അവകാശികൾ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു എന്ന് വിശദമാക്കാമോ ;

(സി) സംഭവത്തോടനുബന്ധിച്ച് ഇനിയും ധനസഹായം ലഭിച്ചിട്ടില്ലാത്ത ആളുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവർക്ക് എന്ന് തുക അനുവദിക്കുമെന്ന് വിശദമാക്കാമോ ?

## ജനസമ്പർക്ക പരിപാടി -ഓങ്ങല്ലൂർ അബ്ദുൾഖാദറിന്റെ മരണം

2902. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിലേക്ക് മുഖ്യമന്ത്രിയെ കാണാൻ രോഗശയ്യയിൽ നിന്നും കൂട്ടികൊണ്ടുപോയ ഓങ്ങല്ലൂർ കാരക്കാട് പനങ്ങര കുന്നംകുളത്തിങ്കൽ അബ്ദുൾഖാദർ യാത്രാമധ്യേ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗശയ്യയിൽ കിടക്കുന്നവരെ ജനസമ്പർക്കപരിപാടിയിലേക്ക് വിളിച്ച് വരുത്തുന്ന രീതി അവസാനിപ്പിക്കാനും ഇത്തരമാളുകളുടെ അപേക്ഷകളിൽ ജനസമ്പർക്കപരിപാടി നടക്കുന്നതുവരെ താമസിപ്പിക്കാതെ ആശ്വാസം എത്തിക്കാനും നടപടി സ്വീകരിക്കുമോ;

(സി) യാത്രാമദ്ധ്യേ മരണപ്പെട്ട അബ്ദുൾ ഖാദറിൻെറ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭ്യമാക്കാമോ?

## മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി

2903. ശ്രീ.വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ചികിത്സാസഹായ നിധിയിൽ നിന്ന് എത്രപേർക്ക് ധനസഹായമനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും അസംബ്ലി നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര പേർക്ക് പണമനുവദിച്ചുവെന്ന് അസംബ്ലി നിയോജക മണ്ഡലം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ; അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

2904. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനു വേണ്ടി ശ്രീമതി ഗിരിജ, പാടത്ത് കാപ്പുമ്മൽ, പ്രേരാമ്പ്ര പി.ഒ., കൊയിലാണ്ടി, കോഴിക്കോട് ജില്ല നൽകിയ അപേക്ഷയിന്മേൽ നാളിതുവരെയായി ധനസഹായം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകയ്ക്ക് ധനസഹായം അനുവദിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

2905. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിലും ലഭിക്കുന്നതിലും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്തുകൊണ്ട് ;സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമാകുന്നുണ്ടോ;

(ബി) ധനസഹായം അനുവദിച്ചെന്ന എന്ന്അറിയിപ്പ് ലഭിച്ച റാന്നി നിയോജകമണ്ഡലത്തിലെ പലർക്കും മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭിച്ചിട്ടില്ല എന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത് പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അനുവദിച്ച ധനസഹായത്തിനായി,അപകടമരണം നേരിട്ടവരുടെ ആശ്രിതരും പ്രായമേറിയവരും കടുത്ത രോഗബാധിതരും ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;ഇത്തരം ആളുകൾക്ക് ധനസഹായം അനുവദിച്ചെന്ന അറിയിപ്പ് നൽകുന്ന മുറയ്ക്ക് മണിയോർഡർ ആയി പണം അയയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുംഅനുവദിച്ച തുക

2906. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ 2015-16 വർഷം എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് ഓരോ ഇനത്തിലും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പറമ്പിക്കുളം - ആളിയാർ പദ്ധതി

T 2907. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാറിനെ സംബന്ധിച്ച പുനഃരവലോകന ചർച്ചയിൽ കേരള - തമിഴ് നാട് സർക്കാരുകൾ തമ്മിൽ ഏതെല്ലാം കാര്യങ്ങളിൽ ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കാര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്; ധാരണയാകാത്ത കാര്യങ്ങളിൽ തമിഴ് നാടിന്റെ നിലപാടെന്താണ്; കേരളത്തിന്റെ നിലപാടെന്താണ്; വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച ചർച്ചകളുടെ മിനിട്സിന്റെ (2005-മേയ് മാസത്തിന് ശേഷമുള്ള )പകർപ്പുകൾ ലഭ്യമാക്കുമോ?

## റിവർ അതോറിറ്റിയുടെ രൂപീകരണം

T 2908. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല നദികളും തോടുകളും കുളങ്ങളും നാശോന്മുഖമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നദികളെയും തോടുകളെയും കുളങ്ങളെയും സംരക്ഷിക്കുന്നതിന് റിവർ അതോറിറ്റി നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു അതോറിറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) നദികളും തോടുകളും കുളങ്ങളും ഉപയോഗിക്കുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇവയുടെ സംരക്ഷണത്തിന് എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

## വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം

2909. ശ്രീ.വർക്കല കഹാർ

,, വി.റ്റി.ബൽറാം

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) വികസന പദ്ധതികളിൽ വളരെവേഗം തീരുമാനം എടുക്കുവാനും പദ്ധതികളുടെ പുരോഗതി തൽസമയം അറിയുവാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത സംവിധാനം ഭരണതലത്തിൽ മന്ത്രിമാർക്കും സെക്രട്ടറിമാർക്കും എത്രമാത്രം പ്രയോജനപ്രദമാകും എന്നാണ് കരുതുന്നത് :വ്യക്തമാക്കുമോ?

## മുന്നോക്ക വികസന കോർപ്പറേഷൻ

2910. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വികസന കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ ഇപ്പോൾ ജില്ലകളിലെ അപേക്ഷകൾ എങ്ങനെയാണ് സ്വീകരിച്ച് വരുന്നത് ;

(സി) പ്രസ്തുത കോർപ്പറേഷൻ ചെയർമാന്റെയും ഓഫീസ് പ്രവർത്തനങ്ങളുടെയും ചെലവ് വിവരങ്ങൾ വ്യക്തമാക്കാമോ ?

## മംഗളാദേവി ക്ഷേത്രത്തിന്റെ ഉടമസ്ഥത

2911. ശ്രീ.കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഉടമസ്ഥതയിലുള്ളതും, കേരളവും തമിഴ്നാടുമായി തർക്കത്തിലുള്ളതുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനം ആവശ്യപ്പെടുന്ന തമിഴ്നാടിന് അനുകൂലമായി സംസ്ഥാനത്തെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കണ്ണകി ക്ഷേത്രം കൈവശപ്പെടുത്താൻ തമിഴ്നാട് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ക്ഷേമ പദ്ധതികൾ

T 2912. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നീര ടോഡി ബോർഡ്

2913. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

## നീര ഉൽപ്പാദനത്തിന് ലൈസൻസ്

2914. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിന് ലൈസൻസ് നൽകിയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ എത്ര സംഘങ്ങൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ലൈസൻസിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## ലഹരി വസ്തുക്കളുടെ ഉൽപാദനവും വിപണനവും

2915. ശ്രീ.വി.പി.സജീന്ദ്രൻ

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ ഉൽപാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനകം നടപടി സ്വീകരിച്ചുവെങ്കിൽ അവ വ്യക്തമാക്കുമോ?

<u>പുതിയ എക്സൈസ് നയംമൂലം അടച്ചുപൂട്ടിയ ബാറുകളിലെ പ്രശ്നങ്ങൾ</u>

2916. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി എത്ര ബാറുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്;

(ബി) ഇപ്പോൾ എത്ര ബാറുകളാണ് പ്രവർത്തിച്ചുവരുന്നത്;

(സി) പുതുതായി അടച്ചുപൂട്ടിയ ബാറുകളിൽ എത്ര എണ്ണത്തിലാണ് ബീയർ & വൈൻ പാർലർ അനുവദിച്ചിട്ടുള്ളത്;

(ഡി) മുൻപ് പ്രവർത്തിച്ചിരുന്ന ബാറിലെ തൊഴിലാളികൾക്ക് അവിടെ അനുവദിച്ചിട്ടുള്ള ബീയർ & വൈൻ പാർലറുകളിൽ തൊഴിൽ നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര തൊഴിലാളികൾക്കാണ് നഷ്ടപ്പെട്ട തൊഴിൽ തിരിച്ചുകിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>സുബോധം പദ്ധതി</u>

2917. ശ്രീ.വി.ഡി.സതീശൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് സുബോധം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ലഹരിവിരുദ്ധ ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കിയിട്ടുള്ളത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

<u>അനധികൃത കള്ള് കടത്ത്</u>

2918. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്പോസ്റ്റുകളെ മറികടന്ന് അനധികൃതമായി കള്ള് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അനധികൃതമായി കടത്തുന്ന കള്ള് പിടികൂടുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) അനധികൃതമായി കടത്തിയ കള്ള് പിടികൂടിയ ഏതെങ്കിലും കേസ് നിലവിലുണ്ടോ ?

## എക്സൈസ് അക്കാദമി

2919. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എല്ലാ എക്സൈസ് ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിന് അക്കാദമി എത്രത്തോളം പര്യാപ്തമാണ് ;

(ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## ബീവറേജസ് കോർപ്പറേഷനിലെ വിവിധ തസ്തികകളിലെ നിയമനം .

2920. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ, പ്യൂൺ തസ്തികകളിൽ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയുമോ;

(സി) സ്ത്രീകൾക്ക് നിയമനത്തിനായി ഒഴിവുകൾ പ്രത്യേകം നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാത്ത ഒഴിവുകൾ അടക്കം നിലവിൽ ഹെൽപ്പർ, പ്യൂൺ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഈ തസ്തികകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വ്യാജമദ്യ കേസ്സുകൾ

2921. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബാർ നിരോധനത്തിനുശേഷം എത്ര വ്യാജമദ്യ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശം നൽകുമോ?

താനൂർ തീരപ്രദേശത്തിന് മണ്ണെണ്ണ പമ്പ്

2922. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലം ഏറ്റവും കൂടുതൽ ഇൻബോർഡ് വള്ളങ്ങളുള്ള തീരപ്രദേശങ്ങളിലൊന്നാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) മണ്ണെണ്ണ ലഭിക്കുന്നതിന് താനൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശം ആസ്ഥാനമായി ഒരു മണ്ണെണ്ണ പമ്പ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ എന്നത്തേക്ക് മണ്ണെണ്ണ പമ്പ് തുറക്കാനാകും ; വിശദാംശം നൽകാമോ ?

കായിക്കര പാലം നിർമ്മാണം

2923. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, അഞ്ചുതെങ്ങ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം പദ്ധതി

2924. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖകരാർ അദാനി ഗ്രൂപ്പിന് നൽകാൻ തുറമുഖ കമ്പനി തീരുമാനം എടുത്തത് ഏത് തീയതിയിലായിരുന്നു ; ആരുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്പനി ബോർഡ് യോഗത്തിലാണ് അദാനി ഗ്രൂപ്പിന് കരാർ നൽകാൻ തീരുമാനിച്ചിരുന്നത് ;

(ബി) കരാർ സംബന്ധിച്ച കാര്യത്തിൽ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തതിന്റെ ഉദ്ദേശം എന്തായിരുന്നു ; യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന വാദഗതികൾ എന്തെല്ലാമായിരുന്നു ;

(സി) ഏക ടെണ്ടർ നൽകിയ അദാനി ഗ്രൂപ്പിന് കരാർ നൽകാൻ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അജണ്ട വന്നത് ഏത് തീയതിയിലായിരുന്നു ; ഏത് തീയതിയിൽ നടന്ന

മന്ത്രിസഭായോഗത്തിലാണ് കരാർ അദാനിയ്ക്കുതന്നെ നൽകണമെന്ന് തീരുമാനിച്ചത് ; മന്ത്രിസഭായോഗ തീരുമാനത്തിൽ സർവ്വകക്ഷി യോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ് ;

(ഡി) മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് ലഭ്യമാക്കാമോ ?

വിഴിഞ്ഞം പദ്ധതി

2925. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി അദാനി ഗ്രൂപ്പിന് നൽകുന്നതിന് തീരുമാനിച്ച മന്ത്രിസഭാ തീരുമാനത്തിൻെറ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എംഒയു വിലെ വ്യവസ്ഥകളുടെ വിശദാംശം നൽകുമോ; അല്ലെങ്കിൽ പ്രസ്തുത കരാറിൻെറ കരട് രൂപത്തിൻെറ പകർപ്പ് നൽകുമോ;

(സി) എന്നു മുതൽ പദ്ധതി ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

വിഴിഞ്ഞം തുറമുഖ പദ്ധതി

2926. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ കരാർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്നും അതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ചെലവ് മൊത്തം എത്രയായിരിക്കുമെന്നും, കരാറുകാരനായ ഗൗതം അദാനിയുടെ കമ്പനി എത്ര കോടി രൂപ സ്വന്തം നിലയിൽ കണ്ടെത്തുന്നുണ്ടെന്നും, ബാങ്ക് വഴി അദാനി കണ്ടെത്തുന്ന തുക എത്രയായിരിക്കുമെന്നും വിശദമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യവികസനം, ഭൂമി വില തുടങ്ങിയവ ഉൾപ്പെടെ പദ്ധതിക്ക് സർക്കാരും - കേന്ദ്ര സർക്കാരും ചേർന്ന് ചെലവഴിക്കുന്ന മൊത്തം തുകയുടെ ഇരുപത് വർഷത്തെ പലിശ എത്ര കോടി രൂപ ആയിരിക്കും ; ഇത്തരമൊരു പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പദ്ധതിയിൽ നിന്നും 20 വർഷത്തിനുശേഷം ലഭിക്കുന്ന ഒരു ശതമാനം വരുമാന വിഹിതം മേല്പറഞ്ഞ പലിശ നൽകുന്നതിന് മതിയാകുമോ ; വിശദമാക്കാമോ ?

വിഴിഞ്ഞം തുറമുഖ പദ്ധതി

2927. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കരാർ പ്രകാരം നിലവിൽ വരുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് എത്ര ശതമാനം ഷെയർ

ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഷെയർ എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ബി) പദ്ധതി വികസിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിൽ കമ്പനിയിൽ സർക്കാരിന്റെ റോൾ എന്തായിരിക്കും; കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ നിയോഗിക്കുന്നത് സർക്കാർ ആയിരിക്കുമോയെന്നറിയിക്കുമോ;

(സി) പദ്ധതിക്കായി സർക്കാർ ചെലവഴിക്കുന്ന മൊത്തം തുക എത്ര;ഈ തുകയത്രയും വിനിയോഗിക്കുന്നത് ഏത് നിലയിലായിരിക്കും; ബിഡ് രേഖകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യങ്ങൾ വിശദമാക്കാമോ?

<u>വിഴിഞ്ഞം തുറമുഖ പദ്ധതി ബിഡ് രേഖകളുടെ പകർപ്പ്</u>

2928. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ, ഗൗതം അദാനിയുടെ കമ്പനി സമർപ്പിച്ച ബിഡ് രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>വിഴിഞ്ഞം തുറമുഖ പദ്ധതി.</u>

2929. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ടെണ്ടർ വിളിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ അടക്കം തുറമുഖം വികസിപ്പിക്കുന്നതിന് കണക്കാക്കപ്പെട്ട മൊത്തം തുക എത്ര ;

(ബി) പദ്ധതി നടത്തിപ്പിന്റെ ഘട്ടത്തിലുണ്ടായ നിരക്ക് വർദ്ധന സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള നിയന്ത്രണം ആർക്കായിരിക്കും ;

(ഡി) സർക്കാരും അദാനിയും പദ്ധതിക്ക് ആവശ്യമായ തുക മുതൽ മുടക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ;എത്ര മാസങ്ങൾ കൊണ്ട് പദ്ധതി പൂർത്തീകരിക്കാമെന്നാണ് കരുതുന്നത് ;പദ്ധതി നിർവ്വഹണ ഘട്ടത്തിലുണ്ടാകുന്ന നിരക്ക് വർദ്ധന സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടിലെ വ്യവസ്ഥകൾ വിശദമാക്കാമോ ?

<u>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ചെലവും ഭാവി വരുമാനവും</u>

2930. **ഡോ.ടി.എം.തോമസ് ഐസക് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ, റോഡ്, റയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി എത്ര കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) തുറമുഖ നിർമ്മാണവും പ്രവർത്തനവുമായി ബന്ധപ്പെട്ട് കണക്കാക്കപ്പെട്ട ചെലവ്

എത്രയെന്നും ഇതിൽ എത്ര കോടി രൂപ കേന്ദ്ര -സംസ്ഥാന ഗവൺമെന്റ് വഴി അദാനിക്ക് നൽകേണ്ടതുണ്ട് എന്നും വെളിപ്പെടുത്തുമോ ;

(സി) പദ്ധതി തുകയുടെ എത്ര ശതമാനം തുക കേന്ദ്ര -സംസ്ഥാന സർക്കാരുകൾ നൽകേണ്ടതുണ്ട് എന്ന് വിശദമാക്കുമോ?

(ഡി) പുതിയ കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം 20-ാം വർഷം മുതൽ ഓരോ വർഷവും തുറമുഖ വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട് എന്ന് വിശദീകരിക്കുമോ;

(ഇ) 20-ാം വർഷത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന തുക, കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ആദ്യഘട്ടത്തിൽ പദ്ധതിക്കുവേണ്ടി അദാനിക്ക് നല്കുന്ന 32.5 ശതമാനം തുകയുടെ പലിശയേക്കാൾ കൂടുതലായിരിക്കുമോയെന്നു വ്യക്തമാക്കുമോ;

(എഫ്) അദാനി പോർട്ട്സ് പദ്ധതി രേഖയിൽ കണക്കാക്കിയ 20 വർഷം മുതൽ 60 വർഷം വരെയുള്ള വരുമാനം എത്ര കോടി വീതമാണ്; വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്

2931. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ആദ്യമായി ഇന്ത്യാ ഗവൺമെന്റിന് സമർപ്പിച്ചത് എപ്പോഴാണ്;

(ബി) പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായി ഇന്ത്യാ ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണ്;

(സി) ഏൺസ്റ്റ് ആന്റ് യങ്ങിനെ ഫിനാൻഷ്യൽ കൺസൾട്ടന്റായി നിശ്ചയിച്ചതെപ്പോഴാണ്;

(ഡി) എസ്.ബി.ഐ ക്യാപ്പിറ്റലിനെ ഫണ്ട് മാനേജരായി നിശ്ചയിച്ചതെപ്പോഴാണ്;

(ഇ) ടെക്നിക്കൽ കൺസൾട്ടന്റായി എയ്കോമിനെ നിശ്ചയിച്ചതെപ്പോഴാണ്;

(എഫ്) മേൽ ചോദ്യങ്ങളുടെ ഉത്തരങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

2932. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ആകെ എത്ര ഭൂമി ഏറ്റെടുക്കുവാനാണ് വിജ്ഞാപനം ചെയ്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര ഘട്ടമായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടെന്നും ഓരോ വിജ്ഞാപനവും പുറപ്പെടുവിച്ചതെന്നാണെന്നും വ്യക്തമാക്കുമോ;

(സി) ഓരോ വിജ്ഞാപന പ്രകാരവും ഇതിനോടകം എത്ര ഭൂമി ഏറ്റെടുക്കുകയുണ്ടായെന്നും ആകെ എത്ര നഷ്ടപരിഹാരം നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി 2011 മെയ് മാസത്തിനു ശേഷം ആകെ എത്ര ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക നഷ്ട പരിഹാരമായി നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ?

വിഴിഞ്ഞം പോർട്ട് എസ്റ്റേറ്റ് ഡവലപ്പ്മെൻറ്

2933. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ കരാർ വ്യവസ്ഥ പ്രകാരം പോർട്ട് എസ്റ്റേറ്റ് ഡവലപ്പ്മെൻറിനു മാത്രമായി ഉപയോഗിക്കുന്ന ഭൂമി എത്രയായിരിക്കും ; ഇതിൽ റസിഡൻഷ്യൽ ആവശ്യാർത്ഥം നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എത്ര സ്ക്വയർഫീറ്റ് ആയിരിക്കും ; ഇതിനായുള്ള എസ്റ്റിമേറ്റുകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പോർട്ട് എസ്റ്റേറ്റ് ഡവലപ്പ്മെൻറിൻെറ ഭാഗമായി റീട്ടയിൽ, കൊമേഴ്ഷ്യൽ, ഹോസ്പിറ്റാലിറ്റി തുടങ്ങിയവയുടെ എസ്റ്റിമേറ്റ് തുക എത്ര ; ഈ പദ്ധതിയുടെ ഇൻവെസ്റ്റ്മെൻറ് നടത്തുന്നത് പൂർണ്ണമായും അദാനി കമ്പനിയാണോ; ഇവയിലൂടെയുള്ള റവന്യൂ വരുമാനത്തിൻെറ പത്ത് ശതമാനമാണോ ലാഭത്തിൻെറ പത്ത് ശതമാനമാണോ സംസ്ഥാനത്തിന് നൽകുന്നത് ; ഏതാണ് നൽകുന്നത് ; ഏത് തീയതി മുതൽ ;

(സി) ഡവലപ്പ് ചെയ്യുന്ന പോർട്ട് എസ്റ്റേറ്റ് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലായിരിക്കുമോ ; ഇതിൻെറ ലൈസൻസ് പീരിഡ് അവസാനിക്കുന്ന തീയതി ഏതായിരിക്കും ; അന്നുമുതൽ പോർട്ട് എസ്റ്റേറ്റിൻെറ ഉടമസ്ഥതയും വരുമാനവും പൂർണ്ണമായും സംസ്ഥാനത്തിനായിരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണം

2934. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണത്തിന് അദാനിഗ്രൂപ്പുമായി കരാറിൽ ഏർപ്പെടാൻ അനുമതി നല്കിക്കൊണ്ടുള്ള ഉത്തരവിന്റെയും ഇതിനായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്മേൽ ധനകാര്യം, നിയമം തുടങ്ങി ഏതെല്ലാം വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നു; ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിന്റെ പൂർണ്ണ രൂപത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ?

വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള പി.പി.പി. മോഡൽ ടെണ്ടർ

2935. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള പി.പി.പി. മോഡലിന്റെ ടെണ്ടറിൽ ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ചർച്ച നടത്തി എഗ്രിമെന്റിലേർപ്പെടുന്നത്, ടെണ്ടർ നടപടിക്രമങ്ങൾ

സബന്ധിച്ച ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ടെണ്ടറിൽ ക്വാട്ട് ചെയ്യുന്നത് ഏക കമ്പനിയായിരിക്കുമ്പോൾ മത്സരാധിഷ്ഠിതമല്ലാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങൾ എന്തെല്ലാമായിരുന്നു ; അവ പാലിക്കപ്പെട്ടിട്ടുണ്ടോ ; വ്യക്തമാകുമോ ;

(സി) അദാനിയുടെ ടെണ്ടർ ഉറപ്പിച്ചില്ലെങ്കിൽ വിഴിഞ്ഞം വികസനത്തിനുള്ള അവസാന അവസരമായിരിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെയടിസ്ഥാനം എന്തായിരുന്നു; വ്യക്തമാക്കാമോ ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിക്ക് വേണ്ടി അദാനി സമ്മർദ്ദ തന്ത്രങ്ങൾ നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>അദാനിയുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച</u>

2936. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ ക്വാട്ട് ചെയ്ത അദാനി പോർട്സ് ഉടമ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിൽ വെച്ച് നടത്തിയ കൂടിക്കാഴ്ച ഔദ്യോഗികമായിരുന്നുവോ;

(ബി) അദാനിയുമായി കൂടിക്കാഴ്ച നടത്താൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ; തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ;

(സി) കൂടിക്കാഴ്ചയ്ക്കുവേണ്ടി മുഖ്യമന്ത്രി നടത്തിയ കറസ്പോണ്ടൻസ് എന്തൊക്കെയായിരുന്നു; പ്രസ്തുത കൂടിക്കാഴ്ച യോഗത്തിന്റെ മിനിട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഒരു വൻകിട പദ്ധതിയുടെ ടെണ്ടറിനു പങ്കെടുത്ത ഒരു കമ്പനി ഉടമയുമായി ഇത്തരത്തിൽ നടത്തിയ ചർച്ച ടെണ്ടർനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വ്യവസ്ഥകളുടെ ഏത് വ്യവസ്ഥയനുസരിച്ചാണെന്നു വെളിപ്പെടുത്താമോ ?

<u>അരൂർ മണ്ഡലത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾ</u>

2937. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് വഴിയും ഹാർബർ എൻജിനീയറിംഗ് മുഖേനയും അരൂർ മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>താനൂർ ഓട്ടുമ്പ്രം- കെട്ടുങ്ങൽ പാലം നിർമ്മാണം</u>

2938. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഓട്ടുമ്പ്രം- കെട്ടുങ്ങൽ പാലംനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;അപ്രോച്ച് റോഡിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) താനൂർ ഓട്ടുമ്പ്രം- കെട്ടുങ്ങൽ പാലം നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

2939. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഏക ടെണ്ടർ പ്രശ്നത്തിൽ നിയമവകുപ്പിൽ നിന്നും സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും തുറമുഖ വകുപ്പ് നിയമോപദേശം തേടിയിയിരുന്നോ ;

(ബി) നിയമ - സ്റ്റോർ പർച്ചേസ് വകുപ്പുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പ്രസ്തുത ഫയലുകൾ കാണുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത് ബന്ധപ്പെട്ട നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പദ്ധതിക്കുവേണ്ടി ഇതിനകം വിളിച്ച ടെണ്ടറുകളെല്ലാം വ്യത്യസ്ത മോഡലുകളിലായിരുന്നോ ; എങ്കിൽ 2013-ൽ വിളിച്ച മോഡലിൽ എത്ര തവണ ടെണ്ടർ വിളിച്ചിരുന്നു ; റീടെണ്ടർ വിളിക്കാതിരുന്നതിന്റെ കാരണം നിയമോപദേശം കൊടുത്തവർ പരിഗണിക്കുകയുണ്ടായോ ; വിശദമാക്കാമോ ?

## കയ്പമംഗലം നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

2940. **ശ്രീ.വി.എസ്.സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി പൂർത്തീകരിച്ച റോഡുകളുടെ വിവരം വ്യക്തമാക്കാമോ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിവരം അസംബ്ലി നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## ധർമ്മടം മണ്ഡലത്തിലെ റോഡുനിർമ്മാണം

2941. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം തീരദേശ റോഡുകളുടെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;ഇതിൽ ഓരോ റോഡുകൾക്കും ചെലവഴിച്ച തുക എത്രയെന്നു ഇനം തിരിച്ച് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

2942. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ പേരും വർഷവും തരം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഭരണാനുമതി ലഭിക്കാത്ത റോഡുകളുടെ പേരുവിവരം വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത റോഡുകളുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ഓലക്കൽക്കടവിൽ പാലം നിർമ്മാണം

2943. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ രാമന്തളി, മാടായി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരപ്രദേശത്ത് സ്ഥിതിചെയ്യുന്നതുമായ ഓലക്കൽക്കടവിൽ പാലം പണിയുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് 10/7/2013 ന് സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ ഭരണാനുമതി ലഭിക്കാത്തതിന് കാരണമെന്ത് ; വിശദമാക്കാമോ ;

(ബി) 11/7/2014 ലെ സബ്മിഷന് ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പ് മന്ത്രി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകുന്നതാണെന്ന് മറുപടി നൽകിയിരുന്നെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ഫണ്ട് അനുവദിക്കാത്തത് എന്തുകൊണ്ട് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലത്തിന് നബാർഡിന്റെ RIDF 21 സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

T 2944. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രത്യേക ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## മണ്ണെണ്ണ ബങ്ക് നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി

2945. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് നിർമ്മിക്കുന്നതിന് ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് എൻ.ഒ.സി ലഭ്യമാകേണ്ടത് എന്നറിയിക്കാമോ;

(ബി) എൻ.ഒ.സി ലഭിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ഇതിനകം ഏതെല്ലാം വകുപ്പുകളിൽ നിന്നും എൻ.ഒ.സി ലഭിച്ചു എന്നറിയിക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

2946. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖ വകുപ്പുകൾ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി നിലവിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ഏതൊക്കെ?

## ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

2947. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കരുതെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

## പോള നിർമ്മാർജ്ജനം

2948. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തോടുകളിലും ആറുകളിലും പോള നിറഞ്ഞ് അതിരൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിർമ മുഖാന്തിരം നേരത്തെ കുട്ടനാട്ടിൽ നടപ്പിലാക്കിയിരുന്നതുപോലെ പോള നിർമ്മാർജ്ജനം നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) പോള നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

കേരള അക്വേറിയം റിഫോംസ് ആക്ട്

2949. ശ്രീ.കെ. ദാസന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച കേരള അക്വേറിയം റിഫോംസ് ആക്ടിന് കേന്ദ്ര സര്‍ക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആക്ടിന്റെ അംഗീകാരത്തിനായി ഈ സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തൊക്കെയാണെന്നു വിശദമാക്കുമോ?

ഖനാമീ ചെമ്മീന്‍ കൃഷി

2950. ശ്രീ.ജി.എസ്.ജയലാല്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത ഖനാമീ എന്ന ഇനം ചെമ്മീന്‍ കൃഷി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഏതൊക്കെ ജില്ലകളിലാണ് പ്രാഥമികമായി പ്രസ്തുത ചെമ്മീന്‍ കൃഷി നടത്തിയതെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) നിലവില്‍ കൃഷി ചെയ്തുവരുന്ന ചെമ്മീന്‍ ഇനങ്ങളില്‍ നിന്നും ഖനാമീ ചെമ്മീനിനുള്ള പ്രത്യേക ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം അറിയിക്കുമോ;

(ഡി) ഖനാമീ ചെമ്മീന്‍ കൃഷി നടത്തുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത്; ഇതിന് പ്രത്യേക ലൈസന്‍സ് ആവശ്യമുണ്ടോ; എങ്കില്‍ അതിനുള്ള നടപടിക്രമങ്ങള്‍ എന്തൊക്കെയാണ്;

(ഇ) പ്രസ്തുത ചെമ്മീന്‍ കൃഷി സംസ്ഥാനത്ത് വ്യാപകമാക്കുവാന്‍ ഉദ്ദേശിക്കുന്നുവോ; എങ്കില്‍വിശദാംശംവ്യക്തമാക്കുമോ?

മത്സ്യ സമൃദ്ധി പദ്ധതി

2951. ശ്രീ.സി.കൃഷ്ണന്‍ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതി നിലവില്‍ വന്നതിനുശേഷം നേരത്തെ മത്സ്യകൃഷിക്ക് ഉപയോഗിക്കാതിരുന്ന എത്ര ഹെക്ടറില്‍ മത്സ്യ കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് ഓരു ജലം, ശുദ്ധജലം എന്നിവ തിരിച്ചുള്ള വിവരം ജില്ല അടിസ്ഥാനത്തില്‍ വിശദമാക്കാമോ ?

മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

2952. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിൻെറ കാലത്ത് ഫിഷറീസ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിന്മേൽ കൂടുതൽ സമഗ്ര പരിശോധന വേണമെന്ന നിഗമനത്തിൽ പുതിയ കമ്മിറ്റി രൂപീകരിച്ചോ; ആരാണ് ഈ കമ്മിറ്റിയുടെ ചെയർമാൻ, ഈ കമ്മിറ്റിയുടെ എത്ര യോഗങ്ങൾ ചേർന്നു;

(സി) ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള ഏതെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വയനാട് ജില്ലയിൽ മത്സ്യ വിത്ത് ഹാച്ചറി ആരംഭിക്കുന്നതിന് നടപടി</u>

2953. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം അനുകൂല ഘടകങ്ങളാണുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം മത്സ്യ കൃഷിക്കായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയെത്രയെന്നും ലഭിച്ച വരുമാനം എത്രയെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) മത്സ്യ കൃഷി പ്രോത്സാഹനത്തിൻെറ ഭാഗമായി ജില്ലയിൽ മത്സ്യ വിത്ത് ഹാച്ചറി , മത്സ്യ തീറ്റ ഉൽപാദന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>മത്സ്യ സങ്കേതങ്ങൾ</u>

2954. ശ്രീ.പി.സി വിഷ്ണുനാഥ്

,, എം.എ. വാഹീദ്

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ:വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ:

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് : വിശദമാക്കുമോ?

## മാതൃകാ മത്സ്യഗ്രാമം പദ്ധതി

2955. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആനുകല്യങ്ങളാണ് പദ്ധതി മുഖേന നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മാതൃകാ മത്സ്യഗ്രാമപദ്ധതി

2956. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം, പുല്ലുവിള എന്നീ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തുമെന്നുള്ള 2014 -15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ടി മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കിയതെന്നും, അതിനായി ചെലവഴിച്ച തുക എത്രയെന്നും, ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

## മത്സ്യ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

2957. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്തെ മത്സ്യ തൊഴിലാളി കുടുംബങ്ങൾ കടുത്ത പട്ടിണിയിലും വറുതിയിലുമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് നൽകേണ്ടുന്ന പഞ്ഞമാസ ആനുകൂല്യങ്ങൾ യഥാസമയം നൽകാതെ കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ഞമാസാനുകൂല്യം യഥാസമയം നൽകി മത്സ്യബന്ധന തൊഴിലാളികളെ സംരക്ഷിക്കാൻ കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(സി) ഈ വർഷം കൊയിലാണ്ടി മണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് പഞ്ഞമാസ ആനുകൂല്യം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് നൽകാനുണ്ട്;

(ഡി) സൗജന്യ റേഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതുവരെ എത്ര മത്സ്യ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചു?

<u>മലപ്പുറം ജില്ലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട്</u>

2958. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തീരപ്രദേശത്തുള്ള ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ വീട് ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലഭ്യമായ അപേക്ഷകരിൽ എത്രപേർ പ്രസ്തുത പദ്ധതിയ്ക്ക് അർഹരായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഇതിൽ എത്രപേർക്ക് വീട് അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ഡി) ഭവനങ്ങൾ നൽകുന്നതിനുള്ള പുതിയ അപേക്ഷകൾ എന്നത്തേയ്ക്ക് സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

<u>ചേർത്തല അർത്തുങ്കൽ റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ</u>

2959. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല അർത്തുങ്കൽ റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഈ സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചു ; പ്രസ്തുത സ്കൂൾ അധികൃതർ എന്തെല്ലാം ആവശ്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനമാണ് സർക്കാരിന് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ ?

(ബി) തീരദേശത്തുള്ളതും മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും വരുന്ന സാധാരണക്കാരായ നിരവധി കുട്ടികൾ പഠിക്കുന്നതുമായ റസിഡൻഷ്യൽ സ്കൂളായിട്ടും നല്ല കട്ടിലുകളും പ്രാഥമികമായ ഒട്ടേറെ സൗകര്യങ്ങളും ഇനിയും പ്രസ്തുത സ്കൂളിൽ ഇല്ലെന്നുള്ള കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം</u>

2960. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ധനസഹായം നൽകി; ധനസഹായം ലഭിച്ചത് ആർക്കെല്ലാം; പേരും വിലാസവും വിശദമാക്കി പട്ടിക ലഭ്യമാക്കുമോ;

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട്

എന്നും അവർ ആരെല്ലാം എന്നും പേര്, വിലാസം എന്നിവ വിശദമാക്കി പട്ടിക ലഭ്യമാക്കുമോ;

(സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന എതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി ഭവന പദ്ധതിയിൽ ഗുണഭോക്താക്കളുടെ എത്ര ശതമാനമാണ് സർക്കാർ ക്വാട്ടയിൽ തെരഞ്ഞെടുക്കുന്നത്; സർക്കാർ ക്വാട്ടയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

<u>വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണം</u>

2961. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഏതെല്ലാം മത്സ്യങ്ങളുടെ മത്സ്യബന്ധനമാണ് നിരോധിച്ചിട്ടുള്ളത് ; പ്രസ്തുത മത്സ്യങ്ങളുടെ അനധികൃതമായ മത്സ്യബന്ധനം തടയുന്നതിന് നടത്തുന്ന പരിശോധനകൾ എന്തെല്ലാമാണ് ;

(സി) കടലിന്റെ അടിത്തട്ടിളക്കിയുള്ള മത്സ്യബന്ധനം മൂലം മത്സ്യ സമ്പത്തും കടലിനടിയിലെ ജൈവ സമ്പത്തും നശിപ്പിക്കപ്പെടുന്നതിനാൽ ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ജീവൻരക്ഷാ ബോട്ടുകൾ</u>

2962. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപെട്ടാൽ രക്ഷിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വാടകയ്ക്ക് എടുത്ത ബോട്ടുകളാണോ ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇങ്ങനെ വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളിൽ എന്തെല്ലാം ജീവൻരക്ഷാ സംവിധാനങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബോട്ടുകൾ രൂക്ഷമായ കടലിൽ രക്ഷാ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണോ;

(ഡി) പര്യാപ്തമാണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാർ ഉണ്ടാകാറുണ്ടോ?

<u>ജീവൻരക്ഷാ പ്രവർത്തനങ്ങൾക്ക് യോഗ്യമായ രക്ഷാബോട്ടുകൾ</u>

2963. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കായി യോഗ്യമായ രക്ഷാബോട്ടുകൾ ഫിഷറീസ് വകുപ്പിൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം ഉണ്ടെന്നും ഇവ ഏതെല്ലാം ജില്ലകളിലെ തുറമുഖങ്ങളിലാണുള്ളതെന്നും വിശദമാക്കുമോ;

(സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള രക്ഷാബോട്ടുകളിൽ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള എന്തെല്ലാം സജ്ജീകരണങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ രക്ഷാബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാരുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ ബോട്ടിലും എത്രപേർ വീതമുണ്ടെന്ന് വിശദമാക്കുമോ?

മത്സ്യഫെഡിലെ തസ്തികകൾ

2964. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ അംഗീകൃത തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ എത്രപേർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമൊ;

(ബി) മത്സ്യഫെഡിൽ എത്ര ജൂനിയർ അസിസ്റ്റന്റ് തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മൽസ്യഗ്രാമ വികസന പദ്ധതി

2965. ശ്രീ.വർക്കല കഹാർ

,, ഹൈബി ഈഡൻ

,, കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്, വിശദാംശങ്ങൾ നൽകുമോ?

ധർമ്മടത്തെ തീരദേശ റോഡുകൾ

2966. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ വീതികൂട്ടി ഗതാഗതയോഗ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി രക്ഷാബോട്ട്</u>

2967. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി-വടകര ഭാഗങ്ങളിലെ കടലിൽ അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി ബേപ്പൂർ ബേസിൽ നിന്നും രക്ഷാബോട്ട് അയക്കുന്നത് പ്രായോഗികമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദനബോണസ്</u>

2968. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദനബോണസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2 കോടി രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയോ;

(ബി) എങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നു വ്യക്തമാക്കുമോ?

<u>കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെടുന്നവർക്ക് ധനസഹായം</u>

2969. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും അനുബന്ധ ഉപകരണങ്ങളും നഷ്ടമാകുന്നവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ മതിയായ സഹായധനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കടൽക്ഷോഭത്തിൽപ്പെടുന്നവരെ സഹായിക്കാൻ ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) രക്ഷാപ്രവർത്തനം നടത്തുന്നതിന് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ബോട്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനം

നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം</u>

2970. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതികളൊന്നും നിലവിലില്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം</u>

2971. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ, ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു ; ഇവരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി മത്സ്യഗ്രാമം അടിസ്ഥാനത്തിൽ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ സാനിറ്റേഷൻ ടോയ്ലെറ്റ് ഗ്രാന്റ് പദ്ധതികളിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചു ; പ്രസ്തുത ധനസഹായം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കി മത്സ്യഗ്രാമം അടിസ്ഥാനത്തിൽ പട്ടിക ലഭ്യമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ ക്വാട്ടയിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നത് പേര്, വിലാസം എന്നിവ വ്യക്തമാക്കി വിശദമാക്കാമോ ;

(ഡി) സർക്കാർ ക്വാട്ടയിൽ വീട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ?

<u>മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ-പരിശീലന കേന്ദ്രം</u>

2972. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി താനൂർ നിയോജകമണ്ഡലത്തിലെ ഉണ്ണ്യാലിൽ ആരംഭിക്കുന്ന കേന്ദ്രത്തിൻെറ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്കായി നബാർഡിൽ നിന്ന് ലഭ്യമായിട്ടുള്ളത്;

(സി) പ്രസ്തുത കേന്ദ്രം എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ നൽകാമോ;

ആറന്മുള വിമാനത്താവളം

2973. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിന് അനുമതി നിഷേധിച്ച കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കേന്ദ്രത്തിലെ ഏതൊക്കെ മന്ത്രാലയങ്ങളാണ് ആറന്മുള വിമാനത്താവളത്തിന് അനുമതി നിഷേധിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; ഇവയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആറന്മുള വിമാനത്താവളം നടപ്പാക്കുന്നതിനെക്കുറിച്ചുള്ള നിലപാട് വിശദമാക്കുമോ ?

കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾ.

2974. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) യാത്രാരേഖകൾ, കസ്റ്റംസ് ക്ലിയറൻസ് എന്നിവ പരിശോധിക്കുന്നതിന് കോഴിക്കോട് എയർപോർട്ടിൽ സൗകര്യപ്പെടുത്തുന്നതിനും നെടുമ്പാശ്ശേരിയിലേക്ക് കണക്ഷൻ ഫ്ലൈറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റൺവേ അറ്റകുറ്റപ്പണികൾ വേഗത്തിൽ ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കേന്ദ്ര വ്യോമയാന വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഉന്നതതല ചർച്ച സംഘടിപ്പിക്കുമോ ?

റോഡ് അപകടങ്ങൾ

2975. ശ്രീ.വി.ഡി.സതീശൻ

,, എ.റ്റി.ജോർജ്

,, ലൂഡി ലൂയിസ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം കാൽനടയാത്രക്കാർ, ബൈക്ക് യാത്രികർ, മറ്റ് വാഹനങ്ങളിലെ യാത്രക്കാർ എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതും അമിത വേഗതയും മൂലമാണ് അപകടങ്ങൾ വർദ്ധിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## വിദ്യാലയ ജനമൈത്രി പോലീസ്

2976. ശ്രീ.കെ.മുരളീധരൻ

,, സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എവിടെയെല്ലാം പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## വർഗ്ഗീയ സംഘടനകളുടെ ആക്രമണം

2977. ശ്രീ.എം.എ.ബേബി

,, ബി.സത്യൻ

,, എളമരം കരീം

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതും വർഗ്ഗീയ സംഘർഷങ്ങൾക്കിടവരുത്തുന്നതുമായ തരത്തിലുള്ള ചില വർഗ്ഗീയ സംഘടനകളുടെ ബോധപൂർവ്വമായ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ശക്തികളുടെ പ്രവർത്തനം സ്വൈര്യജീവിതം തകർക്കുമെന്നറിയാമോ ; എങ്കിൽ വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ മതനിരപേക്ഷ നിലപാടിലുറച്ച നടപടികൾ സ്വീകരിക്കുമോ ;

(സി) ആറ്റിങ്ങലിൽ പ്രാർത്ഥനയ്ക്കിടെ ക്രൈസ്തവ വിശ്വാസികളെ ക്രൂരമായി ആക്രമിച്ച ഒരു വിഭാഗം ആർ.എസ്.എസ് - ബി.ജെ.പി പ്രവർത്തകർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) എല്ലാ പ്രതികളെയും പിടികൂടി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുമോ ?

## മതപരിവർത്തനത്തിനെതിരെ നടപടി

2978. ശ്രീ.ഇ.പി.ജയരാജൻ

,, എ.കെ.ബാലൻ

,, ബി.സത്യൻ

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതപരിവർത്തനം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ പോലീസ് നേരിട്ട് കേസ്സെടുക്കുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന" ഘർവാപസി "ഘടകത്തിന്റെയും പുനർമത പരിവർത്തനത്തിനുള്ള ഹെൽപ് ലൈനിന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ;

(ഇ) ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ; ഇക്കാര്യത്തിൽ സംഘടനകളെ പ്രീണിപ്പിക്കുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(എഫ്) ജനങ്ങളെ വർഗ്ഗീയമായി ചേരിതിരിച്ച് മുതലെടുക്കാൻ ശ്രമിക്കുന്ന സംഘടനകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാമോ?

## ഐ.ജി. കോപ്പിയടിച്ച സംഭവം

2979. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ റേഞ്ച് ഐ.ജി. ടി.ജെ. ജോസ് കോപ്പിയടിച്ച നടപടിയുമായി ബന്ധപ്പെട്ട എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് ഡി.ജി.പി.യ്ക്ക് കിട്ടിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഡി.ജി.പി.യുടെ ശുപാർശ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഐ.ജി. ടി. ജെ. ജോസിനെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

## എ.ആർ വില്ലിംഗ് അനുവദിക്കൽ

2980. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ഒരേ ബാച്ചിൽപ്പെട്ട ജീവനക്കാരിൽ പകുതി പേർക്ക് എ.ആർ വില്ലിംഗ് അനുവദിക്കുകയും ബാക്കിയുള്ളവർക്ക് നിഷേധിക്കുകയും ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : വിശദമാക്കുമോ ?

(ബി) 2007- ൽ സർവ്വീസിൽ പ്രവേശിക്കുകയും 2008 ൽ ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത എത്ര ജീവനക്കാർക്ക് എ.ആർ വില്ലിംഗ് അനുവദിച്ചിട്ടുണ്ട്; ലിസ്റ്റ് നൽകാമോ?

(സി) എ.ആർ ബറ്റാലിയൻ അബോളിഷ് ചെയ്തതാണ് ഇതിനു കാരണമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അബോളിഷ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

(ഡി) അബോളിഷ് ചെയ്തിട്ടില്ലായെങ്കിൽ 2007 ബാച്ചിലെ മുഴുവൻ സേനാംഗങ്ങൾക്കും എ.ആർ വില്ലിംഗ് അനുവദിക്കുമോ?

(ഇ) ഇല്ലെങ്കിൽ അതിനുള്ള സാങ്കേതികവും നിയമപരവുമായ പ്രതിബന്ധങ്ങൾ വിശദമാക്കാമോ ;

(എഫ്) എങ്കിൽ ഒരേ ബാച്ചിൽപ്പെട്ട സേനാംഗങ്ങൾക്ക് വ്യത്യസ്ത നീതി നടപ്പാകുന്നുവെന്ന പോരായ്മ പരിഹരിക്കാൻ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്?

## യു.എ.പി.എ പ്രകാരം ചാർജ് ചെയ്ത കേസുകൾ

2981. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യു.എ.പി.എ ചുമത്തി ഏതെല്ലാം കേസുകളാണ് ചാർജ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇവ ഓരോന്നിലേയും പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

2982. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 സെപ്റ്റംബർ 2 ന് നിലവിൽ വന്ന എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകി. വിശദമാക്കാമോ;

(ബി) നിലവിൽഎം.എസ്.പി. പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## എം.എൽ.എ. ശ്രീ.എം.എ.വാഹിദിനെതിരെ ശ്രീമതി ഇ.എസ്.ബിജിമോൾ എം.എൽ.എ. നൽകിയ പരാതി

2983. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺഗ്രസ്സ് എം.എൽ.എ ശ്രീ.എം.എ.വാഹീദിനെതിരെ ശ്രീമതി ഇ.എസ്.ബിജിമോൾ എം.എൽ.എ. നൽകിയ പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) ശ്രീമതി ബിജിമോളെ അപമാനിക്കുക എന്ന ഉദ്ദേശത്തോടെ ശ്രീ. വാഹീദ് പ്രസംഗിച്ചു എന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നത് ഏത് പോലീസ് ഉദ്യോഗസ്ഥനായിരുന്നു; പ്രസ്തുത ഉദ്യോഗസ്ഥന്റെ അന്വേഷണറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ശ്രീ.വാഹീദിനെതിരെ എതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുക്കുന്നത് ; വിശദമാക്കാമോ?

<u>ടീം സോളാർ കമ്പനി</u>

2984. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതിയുടെ പേരിൽ നിരവധി ആളുകളിൽ നിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത ടീം സോളാർ കമ്പനിയെ സംസ്ഥാന സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്താത്തത് എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ടീം സോളാർ കമ്പനിയുടെ പേരിൽ സരിത എസ്. നായർ നടത്തിയ തട്ടിപ്പിനെപ്പറ്റി കേന്ദ്ര കമ്പനികാര്യവകുപ്പിനെ സംസ്ഥാന സർക്കാർ ഇതുവരെ അറിയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നുവ്യക്തമാക്കുമോ;

(സി) ടീം സോളാർ കമ്പനി ഇപ്പോഴും ആക്ടീവ് കമ്പനികളുടെ പട്ടികയിലാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇനിയും തട്ടിപ്പ് തുടരാതിരിക്കാൻ പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

<u>നാനോ എക്സൽ കമ്പനി തട്ടിപ്പ്</u>

2985. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാനോ എക്സൽ കമ്പനി കേരളത്തിൽ നിന്ന് എത്ര കോടി രൂപയുടെ തട്ടിപ്പ് നടത്തിയതായാണ് പോലീസ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നാനോ എക്സൽ കമ്പനിക്കെതിരെ കേരളത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര കേസുകളിൽ കുറ്റപത്രം കൊടുത്തു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കമ്പനിയുടെ എത്ര ഡയറക്ടർമാർ കേസിൽ പ്രതികളാണ് ; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു ;

(ഡി) കമ്പനിയുടെ എത്ര ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട് ; എങ്കിൽ ഏതെല്ലാം തീയതികളിലെന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്പനി ഡയറകടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടുകെട്ടിയിട്ടുണ്ടോ ; എങ്കിൽ

ഏതെല്ലാം തീയതികളിലാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) കമ്പനിയുടെ തൃശ്ശൂർ ഓഫീസിൽ നിന്നും എറണാകുളത്തേക്ക് കൊണ്ടുവന്ന 63 ലക്ഷം രൂപ പറവൂരിൽ വച്ച് 13-12-2010-ൽ പിടികൂടിയിട്ടുണ്ടോ ; എങ്കിൽ ഈ വിവരം റവന്യൂ ഇന്റലിജൻസിനെ അറിയിക്കുകയോ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; ഏതെങ്കിലും റിമാൻഡ് പ്രതിയിൽ നിന്നും 35,500രൂപ പിടികൂടിയിട്ടുണ്ടോ; എങ്കിൽ ആരിൽനിന്നാണ് പണം പിടികൂടിയതെന്ന് വ്യക്തമാക്കുമോ?

<u>കള്ള നോട്ടുകളുടെ പ്രചാരം തടയുന്നതിന് നടപടി</u>

2986. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള നോട്ടുകളുടെ പ്രചാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കള്ള നോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കള്ളനോട്ട് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>കേരള യൂണിവേഴ്സിറ്റി ഓഫീസിനകത്തെ വിദ്യാർത്ഥി സംഘർഷം</u>

2987. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ 23 ന് ഉച്ചയ്ക്ക് ശേഷം കേരള യൂണിവേഴ്സിറ്റി ഓഫീസിനകത്ത് വിദ്യാർത്ഥി സംഘടനകൾ തമ്മിലുള്ള സംഘർഷത്തെത്തുടർന്ന് പോലീസ് എത്ര വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അറസ്റ്റ് ചെയ്യപ്പെട്ടവർ ആരൊക്കെ ;

(ബി) ഇവർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പ് പ്രകാരം ; വിശദമാക്കാമോ ;

(സി) നന്ദാവനം പോലീസ് ക്യാമ്പിലേക്ക് പോലീസ് എത്ര പേരെയാണ് വാഹനത്തിൽ കയറ്റിക്കൊണ്ടുപോയത് ; ഇവരെ പോലീസിന് കൈമാറിയത് ആരെല്ലാം ;

(ഡി) ഇവരെ അറസ്റ്റ് ചെയ്തു കൊണ്ടുപോയത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ പോലീസ് സംഘമായിരുന്നു?

<u>മുൻ ചീഫ് സെക്രട്ടറി സി.പി. നായർ വധശ്രമകേസ്</u>

2988. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ചീഫ് സെക്രട്ടറി സി.പി. നായർ വധശ്രമകേസ് പിൻവലിക്കുന്നതിനുള്ള തീരുമാനം എടുത്ത ആഭ്യന്തര വകുപ്പിൻെറ ഫയലിൽ അന്തിമമായി അംഗീകാരം നല്കിയത് ആരാണ്; ഏത് സാഹചര്യത്തിലാണിപ്രകാരം തീരുമാനം എടുത്തിരുന്നത്;

(ബി) ശ്രീ. സി.പി നായർ ഇതിനായി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ; ശ്രീ.സി.പി. നായർ കേസ് പിൻവലിക്കരുതെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയ്ക്ക് അപേക്ഷ നല്കിയിട്ടുണ്ടായിരുന്നുവോ;

(സി) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു; വിചാരണ പൂർത്തിയായിട്ടുണ്ടായിരുന്നുവോ; പ്രതികൾക്കെതിരായ കുറ്റങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ ?

<u>ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംങ് നെറ്റ് വർക്ക് ആന്റ് സിസ്റ്റംസ്</u>

2989. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംങ് നെറ്റ് വർക്ക് ആന്റ് സിസ്റ്റംസ് (സി. സി. റ്റി. എൻ. എസ്.) പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ് ; ഇതുവരെ അതിനായി എത്ര തുക ചെലവഴിച്ചു ; ഇതിനായി കേന്ദ്ര സഹായം എത്ര ലഭിച്ചു ; വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പുചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ; എന്തെല്ലാം വ്യവസ്ഥകളാണ് ഇതു സംബന്ധിച്ച് അംഗീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>പുതിയ പോലീസ് സ്റ്റേഷൻ</u>

2990. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

<u>ബോംബ് സ്ഫോടന കേസ്സുകൾ</u>

2991. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോംബ് സ്ഫോടനത്തിൽ ആളുകൾ മരണപ്പെട്ടത് സംബന്ധിച്ച് ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന കേസ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നാദാപുരത്തെ നരിക്കാട്ടേരിയിൽ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ എത്ര ആളുകൾ മരണപ്പെട്ടിട്ടുണ്ടായിരുന്നു; ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരായിരുന്നു ബോംബ് നിർമ്മാണത്തിനിടയിൽ മരണപ്പെട്ടവർ; സംഭവം നടന്നത് ഏതു തീയതിയിലായിരുന്നു;

(സി) നരിക്കാട്ടേരിയിൽ നിർമ്മിക്കപ്പെട്ട ബോംബ് ഏത് രാഷ്ട്രീയ വിരോധികൾക്ക് നേരെ ഉപയോഗിക്കാനായിരുന്നുവെന്ന് അന്വേഷണത്തിൽ തെളിയുകയുണ്ടായിട്ടുണ്ടോ;

(ഡി) കൊളവല്ലൂരിലെ ബോംബ് നിർമ്മാണം സംബന്ധിച്ച അന്വേഷണത്തിൽ തെളിയിക്കപ്പെട്ടത് എന്തായിരുന്നു; അന്വേഷണം പൂർത്തിയായത് എപ്പോഴായിരുന്നു; അന്വേഷണം പൂർത്തിയാക്കുന്നതിന് മുൻപായി എന്തെങ്കിലും അനുമാനത്തിലെത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നു?

<u>കാപ്പ നിയമത്തിന്റെ പ്രയോഗം</u>

2992. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ കാപ്പ നിയമ പ്രകാരം നാളിതുവരെ എത്ര പേരെ നാടുകടത്തിയെന്നും അവർ ആരൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമ പ്രകാരം വടകര താലൂക്കിൽ ഇപ്പോൾ ആർക്കൊക്കെ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യകതമാക്കുമോ;

(സി) പ്രസ്തുത നോട്ടീസ് ലഭിച്ചിട്ടുള്ള ആളുകളുടെ രാഷ്ട്രീയ പാർട്ടി ബന്ധങ്ങൾ വ്യക്തമാക്കുമോ?

<u>സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം.</u>

2993. **ശ്രീ.കെ.മുരളീധരൻ**

**,,** തേറമ്പിൽ രാമകൃഷ്ണൻ

**,,** വി.പി.സജീന്ദ്രൻ

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കാണ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം ബാധകമായി വരുന്നത് ;

(സി) ഏന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

<u>അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളും നിയമോപദേശവും കോടതിവിധികളും</u>

2994. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,,** രാജു എബ്രഹാം

**,,** എസ്.ശർമ്മ

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴപ്പണം വാങ്ങൽ കുറ്റം സംബന്ധിച്ച് അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും അത് സംബന്ധമായ സുപ്രിംകോടതി വിധികളും ഉദ്ധരിച്ച് വിശദമാക്കുമോ;

(ബി) അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം, ഒരു പ്രതി കോഴ കൈപ്പറ്റിയെന്ന ആരോപണം തെളിയിക്കാനുള്ള വസ്തുതാ പരിശോധനയിൽ, എത്ര ശതമാനം തെളിവുകൾ ലഭിച്ചാൽ അന്വേഷണ ഉദ്യോഗസ്ഥന് പ്രതിക്കെതിരെ കുറ്റം ചുമത്തി കുറ്റപത്രം കോടതിയിൽ സമർപ്പിക്കാമെന്ന് വിശദമാക്കുമോ;

(സി) കോഴപ്പണം കൈപ്പറ്റിയതിന്റെ പേരിൽ എത്ര കേസുകളിൽ വിജിലൻസ് ഡയറക്ടർ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്; അവയെല്ലാം നൂറ് ശതമാനവും കുറ്റം തെളിയിക്കുന്നതിനുള്ള തെളിവുകൾ ശേഖരിച്ചതിനു ശേഷം മാത്രമായിരുന്നുവോയെന്നു വിശദമാക്കുമോ;

(ഡി) അവയിൽ ഓരോ കേസിലും അഡ്വക്കേറ്റ് ജനറൽ / അറ്റോർണി ജനറൽ/ സോളിസിറ്റർ ജനറൽ തുടങ്ങിയവരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടായിരുന്നുവോയെന്നു വിശദമാക്കാമോ?

<u>റാന്നി പോലീസ് സ്റ്റേഷനിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ</u>

2995. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷനിൽ ഓഫീസർമാരടക്കം എത്ര തസ്തികകളാണ് അനുവദിച്ചിട്ടുളളത്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്നു പറയാമോ;

(ബി) എന്തുകൊണ്ടാണ് ഇത്രയും തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നത്; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) ഗതാഗതം നിയന്ത്രിക്കാൻ ആവശ്യത്തിന് പോലീസുകാരെ നിയോഗിക്കാത്തതിനാൽ റാന്നി പെരുമ്പുഴയിലും ഇട്ടിയപാറയിലും ഉണ്ടായിരുന്ന ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്നു വ്യക്തമാക്കാമോ?

<u>പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണം</u>

2996. ശ്രീ.പാലോട് രവി

,, വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിസ്റ്റമാറ്റിക് ഹെൽത്ത് അസ്സെസ്സ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ?

പട്ടിക വർഗ്ഗ സമൂഹങ്ങൾക്കുള്ള പദ്ധതികളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണം

2997. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടിക വർഗ്ഗ സമൂഹവുമായി ബന്ധപ്പെട്ട് അഥവാ അവരുടെ പദ്ധതികളുമായി ബന്ധപ്പെട്ട് എത്ര പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകളിൽ വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചുവെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ; ഇവയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾ

2998. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏറ്റെടുത്ത പ്രവർത്തികൾ എന്തെല്ലാമെന്നും ആയതിനു ചെലവഴിച്ച തുക എത്രയെന്നും വ്യക് തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ആയതിനു ചെലവഴിച്ച തുക എത്രയെന്നും വ്യക് തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം അടുത്ത സാമ്പത്തിക വർഷം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക് തമാക്കുമോ;

പോലീസ് വകുപ്പിലെ ഡ്രൈവർ നിയമനം

2999. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ഡ്രൈവർ തസ്തികയുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ലിസ്റ്റ് നിലവിലുണ്ടെന്ന് പറയാമോ;

(ബി) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ നികത്തുവാൻ കാലതാമസം വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അത് പരിഹിരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുള്ള ഏതെങ്കിലും ജില്ലയിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അത്തരം നടപടികൾ ഒഴിവാക്കി നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

## പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളാകുന്ന കേസുകൾ

3000. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളാകുന്ന കേസുകൾ സർക്കാർ ശ്രദ്ധിക്കാറുണ്ടോ ;

(ബി) കോടതി വെറുതെവിട്ട കേസുകളുടെ നടത്തിപ്പിനുവേണ്ടി ചെലവായ തുക സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകാറുണ്ടോ ;

(സി) 1993-95 കാലയളവിൽ നോർത്ത് പറവൂർ സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. എസ്. ഗോപിനാഥന് സിസി 229/94 പ്രകാരം കോടതി അലക്ഷ്യകേസ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക അനുവദിക്കാനുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാന പോലീസ് മേധാവി ഡി.ഒ. നം. U2-13125/2006 തീയതി 8.05.2014 പ്രകാരം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) തുക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

## സുരക്ഷാ ഭീഷണി

3001. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകേന്ദ്രമന്ത്രിമാരായ ആർക്കെങ്കിലും നിലവിൽ സുരക്ഷാ ഭീഷണിയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആർക്കെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) മുൻകേന്ദ്രമന്ത്രിമാർക്കോ എം.പി. മാർക്കോ സുരക്ഷാഭടൻമാരെ അനുവദിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ വിശദീകരിക്കാമോ;

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കെങ്കിലും സുരക്ഷാ ഭടൻമാരെ അനുവദിച്ച് കൊടുത്തിട്ടുണ്ടോ;എങ്കിൽ ആർക്കൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) സുരക്ഷാഭീക്ഷണിയുമില്ലാത്തവർക്ക് സുരക്ഷാ ഭടൻമാരെ അനുവദിച്ചതായി പറയപ്പെടുന്ന നടപടി പുന:പരിശോധിക്കാനുദ്ദേശമുണ്ടോ; ജോലിയ്ക്ക് ഹാജരാകാതെ ഹാജർ അടയാളപ്പെടുത്തിയതായി ഏതെങ്കിലും സുരക്ഷാ ഭടനെതിരെ പരാതി ഉണ്ടായിട്ടുണ്ടോ?

## നിർഭയ കേരളം സുരക്ഷിത കേരളം

3002. **ഡോ.കെ.ടി.ജലീൽ**

**ശ്രീമതി.കെ.കെ.ലതിക**

**,, കെ.എസ്.സലീഖ**

**ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ കേരളം സുരക്ഷിത കേരളം എന്ന പേരിൽ സ്ത്രീകളുടെ സുരക്ഷയ്ക്കായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനിടയായ സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ എത്രത്തോളം നിലവിലുണ്ട് ; സ്ത്രീകൾ ബസ്സുകളിലും ട്രെയിനുകളിലും മറ്റ് വാഹനങ്ങളിലും സുരക്ഷിതർ അല്ലെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിന്റെ പ്രവർത്തനം അവലോകനം ചെയ്യുകയുണ്ടായോ ;

(ഡി) ഇതിനായി രൂപീകരിച്ച കമ്മിറ്റി എത്ര തവണ യോഗം ചേരുകയുണ്ടായി ;

(ഇ) ഇതിന്റെ ഭാഗമായി കേരള പോലീസിൽ രൂപീകരിച്ച വനിതാബറ്റാലിയന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

## ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

3003. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥിസംഘടനകളുമായി ചർച്ചകൾ നടത്തുന്നതിനും കാമ്പസുകളിൽ വ്യാപകമായ പ്രചരണങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്കൂൾ പരിസരത്ത് പുകയില ലഹരിയുൽപന്നങ്ങൾ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോൽസാഹനം നൽകുന്നതിനായി അവാർഡുകൾ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യം പരിഗണിക്കുമോ ;

(ഡി) പുകയില, ലഹരി ഉൽപന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും വാർത്താമാധ്യമങ്ങളിലും കൂടുതൽ പ്രചരണങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

## പോലീസ് സേനയിലെ വനിതാജീവനക്കാർ

3004. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിലവിൽ എത്ര ശതമാനം വനിതാജീവനക്കാരുണ്ട് ; ഇത് 33 ശതമാനം ആയി ഉയർത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ

വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിലെ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിർദ്ദേശങ്ങളിൽ, സംസ്ഥാന സർക്കാർ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) വനിതാ ജീവനക്കാരുടെ എണ്ണം 33 ശതമാനമാക്കുന്നതിനായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നും എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ നിയമനം നൽകി എന്നും വ്യക്തമാക്കുമോ ;

(ഡി) പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി നിർഭയം ചെല്ലുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>ആലപ്പുഴ ജില്ലയിലെ ജനമൈത്രി പോലീസ്</u>

3005. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചു വരുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലെ അംഗസംഖ്യയ്ക്ക് പുറമെ എത്ര പോലീസ് ഉദ്യോഗസ്ഥരെ അധികമായി അനുവദിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ പ്രസ്തുത സംവിധാനമുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിയ്ക്കുമോ?

## <u>നടപ്പാത കൈയ്യേറിയുള്ള അനധികൃത പാർക്കിങ്ങും വ്യാപാരവും</u>

3006. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാത കൈയ്യേറി അനധികൃത പാർക്കിങ്ങും വ്യാപാരവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കൈയ്യേറ്റം മൂലം കാൽനടയാത്രക്കാർ റോഡിലൂടെ നടക്കേണ്ട അവസ്ഥയുണ്ടാകുന്നതായും നിരവധി അപകടങ്ങൾ സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വ്യാപാരവും പാർക്കിംഗും തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

## <u>ശ്രീമതി ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവം</u>

3007. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ മാസം രണ്ടാം തീയതി കൊല്ലത്ത് നടന്ന മൂന്നാമത് പ്രസിഡന്റ് ട്രോഫി ജല ഉത്സവ വേദിയിൽ നടി ശ്രീമതി ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവത്തിൽ, കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ;ആർക്കെല്ലാം എതിരായിട്ടായിരുന്നു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നത് ; കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?

<u>സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നത് സംബന്ധിച്ച് .</u>

3008. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി സർക്കാർ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി.കളിൽ ശേഖരിക്കപ്പെടുന്ന ദൃശ്യങ്ങൾ സി.ഡി.കളിലാക്കി സൂക്ഷിക്കാറുണ്ടോ;

(ബി) ഇത് സംബന്ധമായി ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നത് പിന്നീട് ഉണ്ടാകുന്ന അന്വേഷണങ്ങൾക്ക് പ്രയോജനപ്പെടുത്താറുണ്ടോ; വിശദമാക്കാമോ?

<u>ബാർകോഴ കേസ്</u>

3009. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസ്സിൽ വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് ഏത് തീയതിയിലായിരുന്നു; പ്രസ്തുത ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

(ബി) ക്

<u>ടിപ്പർ ലോറി അപകടങ്ങൾ</u>

3010. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളുമായി ബന്ധപ്പെട്ടുള്ള എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) ടിപ്പർ ലോറി അപകടവുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കുമോ;

(സി) ടിപ്പർ ലോറികളുടെ അമിത വേഗത മൂലം വർദ്ധിച്ചുവരുന്ന അത്യാഹിതങ്ങൾ

നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ടോമിയുടെ ദുരൂഹ മരണത്തിന്റെ അന്വേഷണ പുരോഗതി

3011. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പഞ്ചായത്തിൽ മോനിപ്പള്ളി വില്ലേജിൽ ടോമിയുടെ ദുരൂഹ മരണത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് 1277/വി ഐ പി/2014 നമ്പർ പരാതിയിൽ എ ഡി ജി പി സൗത്ത് സോണിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർ നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത മരണം കൊലപാതകം ആണെന്ന നിഗമനത്തിൽ പോലീസ് എത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കരിമണൽ കടത്ത്

3012. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ കരിമണൽ കടത്തിയതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) കരിമണൽ കടത്തിനെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് ; അവ ഓരോന്നിലെയും പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളുടെ തീരപ്രദേശങ്ങളിൽ മണൽ മാഫിയ സംഘം കരിമണൽ കടത്ത് തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ പ്രശ്നങ്ങൾ

3013. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ അരക്ഷിതാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സുരക്ഷാ ജീവനക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ചേലമ്പ്ര നാരായണൻ നായർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി ബുക്കുകൾ നഷ്ടപ്പെട്ടത്

3014. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചേലമ്പ്ര നാരായണൻ നായർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും കുട്ടികൾക്ക് വിതരണം ചെയ്യാൻ സൂക്ഷിച്ചിരുന്ന എസ്.എസ്.എൽ.സി ബുക്കുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിരുന്നോ ; ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എത്ര എസ്.എസ്.എൽ.സി. ബുക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത് ;

(സി) കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ ; ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണ ചുമതല നൽകിയിട്ടുള്ളത് ; അന്വേഷണ പുരോഗതി അറിയിക്കാമോ ;

(ഡി) എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടിട്ട് ഒരു വർഷത്തിലധികം പിന്നിട്ടിട്ടും കേസിന് തുമ്പുണ്ടാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(ഇ) കേസ് അന്വേഷണം ക്രൈബ്രാഞ്ചിന് കൈമാറണമെന്ന ആവശ്യം ഉന്നയിച്ച് ആഭ്യന്തര വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(എഫ്) മോഷ്ടിക്കപ്പെട്ട എസ്.എസ്.എൽ.സി. ബുക്കുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത തടയുന്നതിനും മോഷ്ടാക്കളെ കണ്ടുപിടിക്കുന്നതിനും അന്വേഷണം ഊർജ്ജിതപ്പെടുത്തുമോ ?

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ യോഗത്തിലെ അതിക്രമം

3015. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഭരണസമിതി യോഗം നടക്കുമ്പോൾ അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരാതി ആരാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സംഭവത്തിൽ ആരുടെയൊക്കെ പേരിലാണ് കേസ്സ് എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഇ) ഏതെല്ലാം വകുപ്പ് ചേർത്താണ് പ്രസ്തുത കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; പ്രതികൾ ഏത് സംഘടനയിൽ ഉൾപ്പെട്ടതാണ് എന്ന് വെളിപ്പെടുത്തുമോ?

പാറ്റൂർ ഭൂമി തട്ടിപ്പ്

3016. ശ്രീ.പി.കെ.ഗുരുദാസൻ

,, സി.കെ സദാശിവൻ

,, എസ്.രാജേന്ദ്രൻ

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി തട്ടിപ്പിനെക്കുറിച്ചുള്ള വിജിലൻസ് റിപ്പോർട്ട് ഏതെങ്കിലും ഏജൻസി കൈമാറിയിട്ടുണ്ടോ ; സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിൽ സ്വകാര്യ സ്ഥാപനത്തിന് ഉന്നതർ സഹായം ചെയ്തതായി പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ;

(ബി) ഉത്തരവാദികൾ ആരെല്ലാമാണെന്നും ഓരോരുത്തരുടെയും പങ്ക് എന്തായിരുന്നുവെന്നും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എന്തെല്ലാം തെളിവുകളിലൂടെയാണ് ഓരോരുത്തരുടെയും നേരിട്ടുള്ള പങ്ക് കണ്ടെത്തിയിരിക്കുന്നത് l;

(സി) ഫ്ലാറ്റ് പണിയുന്നതിനു പുറമ്പോക്കിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ സ്വകാര്യ കമ്പനി നൽകിയ അപേക്ഷയിൽ അനുകൂലമായി അന്തിമ തീരുമാനം എടുത്തത് ആരായിരുന്നു ;

(ഡി) വിജിലൻസ് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം നൽകാവുന്ന ഒന്നാണോ ; ഇത് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

## വർഗ്ഗീയ സംഘട്ടനങ്ങൾ

3017. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു ; വർഗ്ഗീയ സംഘർഷം ഇപ്പോഴും നിലനില്ക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കുന്ന സംഘടനകളെ നിരീക്ഷിക്കുന്നുണ്ടോ ;

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

## വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ നിയന്ത്രണം

3018. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ബി. അബ്ദുൾ റസാക്

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാധാനപരമായ സാമൂഹ്യ ജീവിതത്തിന് വൻഭീഷണി സൃഷ്ടിക്കുന്ന ആയുധ നിർമ്മാണവും ബോംബ് നിർമ്മാണവും നിയന്ത്രിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കുമോ ;

(ബി) ബോംബുകൾ നിർമ്മിക്കുന്നതിടെയുണ്ടാകുന്ന അപകടങ്ങൾ വരാനിരിക്കുന്ന വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ സൂചനയാവാമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമേഖലയിൽ രാഷ്ട്രീയപാർട്ടി പ്രവർത്തകർ ഉൾപ്പെട്ട, മരണമോ ഗുരുതര പരിക്കോ ഉണ്ടായ ബോംബ് അപകടങ്ങളെക്കുറിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രവണത അവസാനിപ്പിക്കാൻ സമവായമുണ്ടാക്കുന്നതിനായി സർവ്വകക്ഷിയോഗം വിളിക്കുമോ ?

<u>കാസർഗോഡ് എൽ.ബി.എസ്. കോളേജിൽ നടന്ന അക്രമം</u>

3019. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് മാസത്തിൽ കാസർഗോഡ് എൽ.ബി.എസ്. കോളേജിൽ ക്ലാസ് നടക്കവെ ക്ലാസിൽ കയറി എസ്.എഫ്.ഐ. പ്രവർത്തകരെയും അധ്യാപകരെയും ആക്രമിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ആരൊക്കെയാണ് പ്രതികൾ; സംഭവം നടന്നിട്ട് ഇതുവരെയായി എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഓപ്പറേഷൻ കുബേര</u>

3020. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയിട്ടും ബ്ലേഡ് മാഫിയകളുടെ ഭീഷണിയും പീഡനവും മൂലം ആത്മഹത്യകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(സി) ബ്ലേഡ് മാഫിയകളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച പദ്ധതികൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

<u>ഓപ്പറേഷൻ കുബേര</u>

3021. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കെതിരെ ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത് ; കാപ്പ ചുമത്തിയിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ പേരിൽ ചെറിയ ചെറിയ പലിശക്കാരെയും ചില്ലറ പിടിച്ചുപറിക്കാരെയുമാണ് അറസ്റ്റുചെയ്യുന്നതെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത രംഗത്തെ വൻകിടക്കാർക്കെതിരെ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

## ഓപ്പറേഷൻ കുബേര രണ്ടാം ഘട്ടം

3022. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടത്തിൽ എത്ര കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനക്കാരായ അമിത പലിശക്കാർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

## കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണയം

3023. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കരട് വിജ്ഞാപനത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ1-21566/12 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഡി) മലപ്പുറം നഗരത്തിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം , പതുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

## കോഴിക്കോട് ജയിലിലെ ബംഗ്ലാദേശികൾ

3024. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രേഖകളില്ലാത്തതുകൊണ്ട് അറസ്റ്റിലായ ഏഴ് ബംഗ്ലാദേശികൾ കോഴിക്കോട് ജയിലിൽ മാസങ്ങളായി കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്കെതിരെ ചുമത്തിയ കുറ്റങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പട്ടിണി സഹിക്കവയ്യാതെ നാട്ടുവിട്ടുവന്നവരാണ് ഈ ഏഴ് പേരുമെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; എന്തെങ്കിലും ക്രിമിനൽ പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുകയും എംബസ്സിയുമായി ബന്ധപ്പെട്ട് ഇവരെ റിലീസ് ചെയ്യാനുമുള്ള നടപടി അടിയന്തരമായി സ്വീകരിക്കുകയും ചെയ്യുമോ?

<u>തിരക്കേറിയ പാതകളിലെ വാഹന പാർക്കിംഗ്</u>

3025. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ വിവേചനമില്ലാത്ത വാഹന പാർക്കിംഗ് വാഹന ഗതാഗതത്തിനും സൈക്കിൾ, കാൽനട യാത്രക്കാർക്കും ഗുരുതര ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ വശങ്ങളിലും ഫുട്പാത്തിലും അലക്ഷ്യമായി വാഹനം പാർക്കു ചെയ്യുകയും അതു നിയന്ത്രിക്കാൻ ശ്രമിക്കുന്ന ട്രാഫിക് ജീവനക്കാരെ വകവയ്ക്കാതിരിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടിക്ക് നിർദ്ദേശം നൽകുമോ;

(സി) തിരക്കേറിയ പ്രധാന പാതകളിലും ഇടുങ്ങിയ റോഡുകളിലും പാർക്കിംഗ് നിരോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഓപ്പറേഷൻ കുബേരയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും</u>

3026. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര ഒന്നാം ഘട്ടം അവസാനിപ്പിച്ചുവോ എന്നും എങ്കിൽ രണ്ടാം ഘട്ടം ആരംഭിച്ചത് എന്നാണെന്നും രണ്ടാം ഘട്ടം പുനരാരംഭിക്കേണ്ട കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ബ്ലേഡ് മാഫിയ മൂലം സംഭവിച്ച ദുരന്തങ്ങൾ ഏതെല്ലാമെന്നും എന്തു സഹായം പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ നൽകി എന്നും ഏതെല്ലാം കേസ്സുകളിൽ കുറ്റപത്രം നൽകിയെന്നും എത്ര പ്രതികൾക്ക് ശിക്ഷ നാളിതുവരെ ലഭിച്ചുവെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഓപ്പറേഷൻ ഒന്നാം ഘട്ടം നിർജ്ജീവമായശേഷം സംസ്ഥാനത്ത് ബ്ലേഡ് മാഫിയ മൂലം എത്ര മരണങ്ങൾ നടന്നു എന്നും മരണപ്പെട്ടവർ ആരാണെന്നും അവർക്ക് സർക്കാർ എന്തു സഹായം നൽകി എന്നും കേസ്സുകളിൽ പ്രതികൾ ആരെല്ലാമെന്നും എത്ര പേരെ അറസ്റ്റു ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ഡി) ഒന്നാംഘട്ട ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പിടിച്ചെടുത്ത പണവും ചെക്കും എത്രയെന്നും ആരുടെയെല്ലാം ആധാരങ്ങൾ ലഭിച്ചുവെന്നും പ്രസ്തുത കേസ്സുകളിൽ സംസ്ഥാനവ്യാപകമായി എത്ര റെയ്ഡുകൾ നടത്തിയെന്നും പിടിയിലായ പ്രതികൾ ആരെല്ലാമെന്നും പിടി കിട്ടാത്ത പ്രതികൾ ആരെല്ലാമെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഓപ്പറേഷൻ കുബേര (രണ്ടാം ഘട്ടം) പ്രഖ്യാപിച്ച ശേഷം പിടികൂടപ്പെട്ട ബ്ലേഡ് മാഫിയാംഗങ്ങൾ ആരെല്ലാമെന്നും ഇതിൽ മറ്റു സംസ്ഥാനക്കാർ ആരെല്ലാമെന്നും മറ്റു സംസ്ഥാനങ്ങളിൽ ചിട്ടി തുടങ്ങി പണമിടപാടു രജിസ്ട്രേഷൻ സമ്പാദിച്ചശേഷം സംസ്ഥാനത്ത് ബ്ലേഡ് പ്രവർത്തനം നടത്തുന്ന അതിർത്തി പ്രദേശത്തുള്ളവർ ആരെല്ലാമെന്നും, ഇവരെ സംബന്ധിച്ച് എത്ര പരാതികൾ ഒന്നാം ഘട്ടത്തിൽ ലഭിച്ചുവെന്നും പിടികൂടാത്തവരെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുമോ എന്നും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഇരുമ്പയിര് തട്ടിപ്പ് കേസ്സ് .</u>

3027. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പയിര് തട്ടിപ്പ് കേസ്സിൽ കർണ്ണാടക പോലീസിന്റെ പിടിയിലായ ചങ്ങനാശ്ശേരി സ്വദേശി ഫിലിപ്പിന് കേരള പോലീസിൽ നിന്ന് വിവരങ്ങൾ ചോർത്തിക്കിട്ടിയെന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ പാലയിൽ ആഡംബര ബംഗ്ലാവ് നിർമ്മിച്ച് താമസിക്കുന്ന ഫിലിപ്പിനെതിരെ ചങ്ങനാശ്ശേരിയിലോ പാലയിലോ കേരളത്തിൽ എവിടെയെങ്കിലും കേസ്സുകൾ വല്ലതും നിലനിൽക്കുന്നുണ്ടോ;

(സി) കനറാ ബാങ്കിൽ നിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത കേസ്സിൽ ജയിലിൽ ആയിരുന്ന ജെ. ഫിലിപ്പ് ഗസറ്റ് വിജ്ഞാപനം വഴി പുതിയ പേര് സ്വീകരിച്ചതായുള്ള റിപ്പോർട്ടുകൾ ശരിയാണോ;

(ഡി) കർണ്ണാടക പോലീസിന്റെ നീക്കങ്ങൾ ഫിലിപ്പിന് ചോർത്തിക്കൊടുത്തതായി പരാതിയുള്ളതായി പറയപ്പെടുന്ന കേരള പോലീസ് സേനയിലെ അംഗങ്ങളെക്കുറിച്ച് അന്വേഷിക്കുമോ?

<u>സാമ്പത്തിക തട്ടിപ്പ് കേസ്സുകൾ</u>

3028. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതേവരെ രജിസ്റ്റർ ചെയ്ത സാമ്പത്തിക തട്ടിപ്പ് കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഓരോ കേസ്സിലും എന്തു തുകയുടെ തട്ടിപ്പാണ് നടന്നതെന്നും സംസ്ഥാനത്താകെ എത്ര കോടി രൂപയുടെ തട്ടിപ്പുകളാണ് നടന്നതെന്നും വിശദമാക്കുമോ ?

കോഴിക്കോട് വിമാനത്താവളത്തിലെ വെടിവെപ്പ്

3029. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ വെടിവെപ്പിനും ഒരു സി.ഐ.എസ്.എഫ് ജവാൻ മരണപ്പെടാനും ഇടയാക്കിയ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് ഏതെല്ലാം കേസ്സ് എടുത്തിട്ടുണ്ടെന്നും ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) വിമാനത്താവളത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ക്രമസമാധാന പ്രശ്നമായി വളരുന്നത് തടയാനും യാത്രക്കാർക്കും മറ്റും സുരക്ഷിതത്വം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) വിമാനത്താവളത്തിൽ ആവശ്യമെങ്കിൽ കേരള പോലീസിന്റെ സുരക്ഷയും കൂടി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പിൻവലിച്ച കേസുകൾ

3030. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കേസുകൾ പിൻവലിച്ചു എന്ന കാര്യം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേസുകൾ പിൻവലിക്കുന്നതിൽ സർക്കാർ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) രാഷ്ട്രീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ടോ രാഷ്ട്രീയ പ്രവർത്തകർ പ്രതികളായിട്ടുള്ളതോ ആയ എത്ര കേസുകൾ പ്രസ്തുത കാലയളവിൽ പിൻവലിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് ഈ കാലയളവിൽ പിൻവലിച്ചത് എന്നും പ്രസ്തുത കേസുകളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അന്യ സംസ്ഥാനക്കാർ

3031. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എത്ര അന്യ സംസ്ഥാനക്കാരായ ആളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെത്തിയിട്ടുള്ള അന്യ സംസ്ഥാനക്കാരിൽ എത്ര ആളുകൾ ക്രിമിനൽ

കേസുകളിൽ പ്രതിയായിട്ടുണ്ടെന്നു ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) അന്യ സംസ്ഥാനക്കാരുടെ കണക്കെടുക്കുന്നതിൽ എന്തു മാനദണ്ഡമാണ് സംസ്ഥാനത്ത് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അവരവരുടെ നാട്ടുകളിൽ തന്നെ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ളവർ സംസ്ഥാനത്ത് എത്തുന്നത് തടയാൻ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

## പിൻവലിച്ച കേസുകൾ

3032. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം നാളിതുവരെയായി എത്ര കേസുകൾ പിൻവലിക്കുകയുണ്ടായി ;

(ബി) ഓരോ ജില്ലയിലെയും എത്ര കേസ്സുകൾ പിൻവലിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) പിൻവലിച്ച കേസ്സുകളിലെല്ലാം കൂടി ആകെ എത്ര പ്രതികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

## അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനം

3033. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭിക്ഷാടന മാഫിയകൾ ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും മോഷണങ്ങളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നതുമായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഭിക്ഷാടന മാഫിയകളെ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇവരെ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

## ഓപ്പറേഷൻ കുബേരയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത കേസ്സുകൾ

3034. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ, ശിക്ഷിക്കപ്പെട്ടവ, പ്രതികളെ ഇതേവരെ അറസ്റ്റ് ചെയ്യുവാൻ സാധ്യമായിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് എണ്ണം വ്യക്തമാക്കാമോ ;

(ബി) വൻകിട ബ്ലേഡ് കമ്പനി ഉടമകളായ എത്ര പേരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി ;

അതിൽ എത്രപേർ ശിക്ഷിക്കപ്പെട്ടു ;

(സി) പരാതികളില്ലാതെ പോലീസ് സ്വന്തം നിലയിൽ ബ്ലേഡ് കമ്പനിക്കാരെയും വട്ടിപ്പലിശക്കാരെയും കണ്ടെത്തി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

## പിൻവലിച്ച കേസ്സുകൾ

3035. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11 ലെ സർക്കാരിന്റെ കാലത്ത് കേസ്സുകൾ പിൻവലിക്കുന്നതിന് എത്ര നിരാക്ഷേപ പത്രങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസ്സുകളാണ് പിൻവലിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ?

## അന്യസംസ്ഥാന തൊഴിലാളികൾ

3036. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിശദമാക്കാമോ?

## അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന കേസുകൾ

3037. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന വിവരശേഖരണത്തിന് ഫലപ്രദമായ നടപടിയില്ലാത്തതിനാൽ നിരവധി ക്രിമിനൽ കേസ്സുകളും മറ്റുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് അന്വേഷണങ്ങൾ പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കഴിഞ്ഞ നാലുവർഷം അന്യസംസ്ഥാനതൊഴിലാളികളുമായി ബന്ധപ്പെട്ടുള്ള ക്രിമിനൽ കേസ്സുകളുടെ എണ്ണം ജില്ലതിരിച്ച്, വർഷാടിസ്ഥാനത്തിൽ അറിയിക്കുമോ;

## റോഡപകടങ്ങളും മരണങ്ങളും

3038. ശ്രീ.വി.ഡി.സതീശൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളും തുടർന്നുള്ള മരണങ്ങളും കുറഞ്ഞിട്ടുണ്ടോ :വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) റോഡപകടങ്ങൾ കുറയ്ക്കാൻ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ശബ്ദമലിനീകരണം</u>

T 3039. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബ്ദമലിനീകരണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിവിധ ശബ്ദമേഖലകൾ നിർണ്ണയിച്ച് സൂചനാബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ മേഖലകളിൽ ശബ്ദപരിധി ലംഘിക്കുന്ന തരത്തിൽ ശബ്ദമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) മോട്ടോർ ബൈക്കുകളിലും മറ്റ് വാഹനങ്ങളിലും ശബ്ദനിയന്ത്രണ സംവിധാനങ്ങളിൽ മാറ്റം വരുത്തിയും മറ്റും ശബ്ദമലിനീകരണം സൃഷ്ടിക്കുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; ഇത്തരത്തിലുള്ള വാഹനങ്ങൾ കണ്ടുകെട്ടുന്നതിന് തയ്യാറാകുമോ ?

<u>ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ നിരീക്ഷണ ക്യാമറകൾ</u>

3040. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പോലീസ് ചീഫിന്റെ നിർദ്ദേശാനുസരണം ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി എത്ര നിരീക്ഷണ ക്യാമറകളാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ എപ്പോഴാണ് സ്ഥാപിച്ചതെന്ന് പറയാമോ;

(സി) ക്യാമറകൾ സ്ഥാപിക്കുന്നതിന് ഏത് സ്ഥാപനത്തിനായിരുന്നു ചുമതലയെന്നും, ആ സ്ഥാപനവുമായി ഉണ്ടാക്കിയ കരാറുകൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ഡി) സ്ഥാപിച്ച ക്യാമറകൾക്ക് ഗ്യാരണ്ടി /വാറണ്ടിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) സ്ഥാപിച്ച എത്ര ക്യാമറകളാണ് ഇപ്പോൾ പ്രവർത്തന ക്ഷമമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എത്ര ക്യാമറകളാണ് പൂർണ്ണമായും പ്രവർത്തനം നിലച്ചതെന്ന് പറയാമോ;

പ്രവർത്തന ക്ഷമമല്ലാത്ത ക്യാമറകൾ കേടുപാടുകൾ പരിഹരിക്കുന്നതിനോ മാറ്റി പുനസ്ഥാപിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

3041. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ജലസേചന വകുപ്പ് ഭൂമിയിലും കെട്ടിടത്തിലും പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച് കരാർ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ജലസേചനവകുപ്പിൽ നിന്ന് അനുവദിച്ചത് എപ്പോഴാണ് ;

(ഡി) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിനുള്ള നടപടികൾ നീണ്ടുപോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

<u>തെരഞ്ഞെടുപ്പ് കാലത്ത് രേഖകൾ ഇല്ലാതെ പണം കടത്തിയ കേസുകൾ</u>

3042. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് സംസ്ഥാനത്ത് മതിയായ രേഖകൾ ഇല്ലാതെ പണം കടത്തിയതുമായി ബന്ധപ്പെട്ട അൻപതോളം കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എടുത്ത കേസുകളിൽ ഇപ്പോഴും അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തവ എത്ര ?

<u>ടെലിഫോണുകളുടെ നിരീക്ഷണം</u>

3043. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെലിഫോണുകൾ നിരീക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും നൽകിയ അനുമതി ഉത്തരവുകൾ നിരീക്ഷിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റി ഏറ്റവും ഒടുവിൽ ചേർന്നത് എപ്പോഴാണ്;

(സി) ഈ സർക്കാരിന്റെ കാലത്ത് ടെലിഫോണുകൾ നിരീക്ഷിക്കുന്നതിന് നൽകിയ അനുമതി ഉത്തരവുകൾ എത്രയാണ്;

(ഡി) കമ്മിറ്റിയുടെ നിരീക്ഷണത്തിനായി പരിഗണനയിലുള്ള കേസുകൾ എത്ര;

(ഇ) ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ ചിലരുടെ ഫോണുകൾ പോലീസ് ഉദ്യോഗസ്ഥന്മാർ നിരീക്ഷിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എൻ.എസ്.എസ്. ജനറൽ സെക്രട്ടറി തന്റെ ഫോൺ സംഭാഷണം നിരീക്ഷിക്കുന്നതായി പത്രസമ്മേളനത്തിലൂടെ പരാതിപ്പെട്ടിരുന്നുവോ; എങ്കിൽ അന്വേഷിക്കുകയുണ്ടായോ?

മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

3044. ശ്രീ.സി.പി.മുഹമ്മദ്

,, ഐ.സി.ബാലകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് മാവോയിസ്റ്റ് പ്രവർത്തനം ഉള്ളതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) തമിഴ് നാട്, കർണ്ണാടക അതിർത്തി കേന്ദ്രീകരിച്ച് പശ്ചിമഘട്ട മേഖലയിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കണ്ടത്തിയിട്ടുണ്ടോ ;

(സി) ഇത് സംസ്ഥാനത്തിൻെറ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ഉയർത്തിയിട്ടുണ്ടോ ;

(ഡി) മാവോയിസ്റ്റ് പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആറ്റിങ്ങലിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണം

3045. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറി ഹാളിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇവർ ഏത് സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്നും കേസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

മാവേലിക്കരയിലെ മോഷണവും ഭവനഭേദനവും

3046. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യാപകമായ മോഷണവും ഭവനഭേദനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് മാവേലിക്കരയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എടുത്ത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം</u>

3047. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ അംഗീകാരം നൽകുന്നതിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ; ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ;

(സി) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുവാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>ആരാധനാലയങ്ങളിലെ കവർച്ച .</u>

3048. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളിലെ കവർച്ചയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികൾക്ക് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(സി) ആരാധനാലയങ്ങളിൽ നടക്കുന്ന കവർച്ച തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഹോംഗാർഡുകളുടെ വേതനം</u>

3049. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംഗാർഡുകൾക്ക് നിലവിൽ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വേതനം ഇതര താൽക്കാലിക ജീവനക്കാരുടെ പ്രതിഫലം,ജീവിത സാഹചര്യങ്ങൾ,വിലക്കയറ്റം എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗത്തിന്റെ വേതന വർദ്ധനവിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഹോം ഗാർഡുകൾക്ക് എത്ര രൂപയാണ് യൂണിഫോം അലവൻസായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ; ഒരേ ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത യൂണിഫോം അലവൻസ് നൽകുന്നത് പരിഹരിക്കുന്നതിനും ഹോംഗാർഡുകളുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കുറ്റകൃത്യങ്ങളും നടപടികളും

3050. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്നും ഈ നടപടികൾ കൊണ്ട് എത്രമാത്രം പ്രയോജനമുണ്ടായി എന്നും വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ നടപടികൾ സ്വീകരിക്കുമ്പോൾ വിവിധയിനം കുറ്റകൃത്യങ്ങൾ കൂടുതലായി സംഭവിക്കുന്ന സാഹചര്യങ്ങളും സമയവും പ്രദേശങ്ങളും വിലയിരുത്തുകയോ പഠിക്കുകയോ ചെയ്യാറുണ്ടോ ; ഇത് സംബന്ധിച്ച് ജനങ്ങൾക്ക് വ്യക്തമായ സൂചനകൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വിവിധ കുറ്റകൃത്യങ്ങളും അവയുടെ സാഹചര്യങ്ങളും സാധാരണ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെ ഭീതിജനകമായ രീതിയിൽ സ്വാധീനിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കുന്നതിനും അവർക്ക് സുരക്ഷിതമായ സാമൂഹ്യ ജീവിതം ഉറപ്പ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സതീഷിനെതിരെയുള്ള കൊലക്കേസ്

3051. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിൽ വച്ച് രഘു എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ സതീഷിനെ പോലീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(ബി) കൊലക്കേസിൽ സതീഷിനെതിരെയുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എന്തെല്ലാം കുറ്റങ്ങളാണ് ആരോപിക്കപ്പെട്ടിരിക്കുന്നത് ;

(സി) ഇന്റലിജൻസ് സെക്യൂരിറ്റി വിംഗിൽ ഒരു കൊലക്കേസ് പ്രതി ജോലി ചെയ്യുന്നത് ശരിയാണോ ; ഇയാളെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് പാർലമെന്റ് അംഗത്തിന്റെ ;

(ഡി) പ്രസ്തുത പാർലമെന്റ് അംഗം കൊലപാതക കേസിൽ നിന്നും സതീഷിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണം

3052. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ ചെറുപുഴ കാക്കയം ചാലിൽ മൂന്ന് വർഷം മുമ്പ് കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള

അന്വേഷണത്തിൻെറ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) അന്വേഷണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## കുട്ടാർകരയിൽ പ്രമോദിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

3053. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കുട്ടാർകരയിൽ ചെല്ലുവേലിൽ വീട്ടിൽ പ്രമോദിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഇഴഞ്ഞുനീങ്ങുന്നതായി കാണിച്ച് ടിയാന്റെ മാതാവ് ഓമന പരാതി നൽകിയിരുന്നുവോ:

(ബി) എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ:

(സി) അന്വേഷണത്തിന്റെ ചുമതല ഏത് ഓഫീസിനാണ്; വിശദമാക്കുമോ?

## കസ്റ്റഡിയിലായവരെ മോചിപ്പിച്ചുകൊണ്ടു പോയ സംഭവങ്ങൾ

3054. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലായിരുന്നവരെ മോചിപ്പിച്ചുകൊണ്ടു പോയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഏതെല്ലാം സംഭവങ്ങളുടെ അന്വേഷണത്തിന്റെ ഭാഗമായി പോലീസ് അറസ്റ്റ് ചെയ്തു ആരെയെല്ലാം, ആരെല്ലാം ചേർന്ന് പോലീസിനെ ഭീഷണിപ്പെടുത്തിയും അല്ലാതെയും ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ നിന്ന് മോചിപ്പിച്ച് കൊണ്ടുപോകുകയുണ്ടായിട്ടുണ്ട്;

(സി) ഇപ്രകാരം പ്രതിയെ മോചിപ്പിച്ചുകൊണ്ടുപോയിട്ടുള്ള ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു;

(ഡി) ഇത്തരം എത്ര കേസുകൾ പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്?

## കുറ്റകൃത്യങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ്

3055. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി പെരുകുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ അതു തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീകൾക്കെതിരെയും, കുട്ടികൾക്കെതിരയെും നടന്ന പീഡനക്കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതിന്റെ 1-7-2011 മുതൽ 30-6-2015 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കസ്റ്റഡി മരണങ്ങൾ, ക്വട്ടേഷൻ സംഘങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയവർ, മണൽ മാഫിയകളുടെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ 1-7-2011 മുതൽ 30-6-2015 വരെയുള്ളതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## മാധ്യമപ്രവർത്തകരെ മർദ്ദിച്ച കേസ്

3056. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് 2015 ജൂൺ 30 ന് മാധ്യമപ്രവർത്തകരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരെയൊക്കെ പ്രതി ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

## കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

3057. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണം സംഭവിക്കുന്നരുടെ ആശ്രീതർക്കും, അംഗവൈകല്യം സംഭവിക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിനകം എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കെ.എ.പി **3rd** ബറ്റാലിയനിലേക്ക് ആലപ്പുഴ ജില്ലയിൽനിന്നുള്ള നിയമനം

3058. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ തലത്തിലുള്ള നിയമനം നിർത്തിയശേഷം 2015 ഏപ്രിൽ 30വരെ എത്ര ഒഴിവുകൾ കെ.എ.പി 3rd ബറ്റാലിയനിലേക്ക് ആലപ്പുഴ ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ ആലപ്പുഴ ജില്ലയിലുള്ള എത്രപർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നിർത്തിയശേഷം എത്രപേർ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ മുഖേന ആലപ്പുഴ ജില്ലയിൽ നിയമനം നേടിയിട്ടുണ്ട്;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ നടത്തുന്നത് മൂലം ആലപ്പുഴ ജില്ലയിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മാണം

3059. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിലേക്കായി ആഭ്യന്തര മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നത് എന്നാണെന്നും പ്രസ്തുത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) എന്നത്തേക്ക് ഭൂമി കൈമാറ്റം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത യോഗത്തിലെ മറ്റ് തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കുമോ?

<u>മുങ്ങൽ വിദഗ്ധർ</u>

3060. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ & റസ്ക്യു സർവ്വീസിന് കീഴിൽ പരിശീലനം നൽകി രൂപീകരിച്ചിട്ടുള്ള SCUBA മുങ്ങൽ വിദഗ്ധരുടെ എത്ര ടീമുകൾക്ക് രൂപം നൽകിയിട്ടുണ്ട്; ആകെ എത്ര പേരാണ് ഈ സംഘത്തിൽ നിലവിലുള്ളത്;

(ബി) പ്രസ്തുത ടീമിലെ അംഗങ്ങൾക്ക് അപകടം പിടിച്ച പാറമടകളിലും കുളങ്ങളിലും പലപ്പോഴും 120 അടിയോളം താഴ്ചയിൽ രക്ഷാ പ്രവർത്തനത്തിനായി മുങ്ങൽ നടത്തേണ്ടി വരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പലപ്പോഴും ഇത്തരത്തിൽ 120 അടിയോളം താഴ്ചയിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത് ഈ ടീമിലെ അംഗങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയാക്കുമെന്നും അപകട സാധ്യതയുണ്ടാക്കുന്നതാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആഴത്തിൽ മുങ്ങുന്നതിന് ആവശ്യമായ പ്രത്യേക സ്യൂട്ട്, ഓക്സിജൻ മാസ്ക്, സിലിണ്ടർ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അതീവ അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന പ്രസ്തുത ടീമംഗങ്ങൾക്ക് യാതൊരുവിധ പ്രത്യേക അലവൻസുകളും നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രത്യേക വിഭാഗത്തിന് പ്രത്യേക അലവൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുമോ;

(ഇ) ഈ വിഭാഗത്തിന് പ്രത്യേക വാഹന സൗകര്യം ലഭ്യമാണോ; വാഹന സൗകര്യം ലഭ്യമല്ലാത്തത് ഈ ടീമിന്റെ രക്ഷാ ദൗത്യങ്ങളെ പലപ്പോഴും ബാധിക്കാറുള്ള സാഹചര്യത്തിൽ പ്രത്യേക വാഹനം അനുവദിയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ?

<u>കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ</u>

3061. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിപ്പാറയിൽ ഇടയ്ക്കിടെ ഉണ്ടാവുന്ന തീപ്പിടുത്തവും കല്യാശ്ശേരിയിൽ ഉണ്ടാവുന്ന ടാങ്കർ ലോറി അപകടവും പഴയങ്ങാടി വ്യാപാരമേഖല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ആയുർവ്വേദ കോളേജ് എന്നിവ കണക്കിലെടുത്തും പഴയങ്ങാടി കേന്ദ്രമായി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിൽ ഫയർസ്റ്റേഷൻ ഇല്ലാത്ത കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>നിരാക്ഷേപ പത്രം</u>

3062. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പിൽ നിന്ന് ബഹുനിലമന്ദിരങ്ങൾക്കും പാർപ്പിട സമുച്ചയങ്ങൾക്കും നൽകിയ നിരാക്ഷേപ പത്രങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ:

(ബി) നാഷണൽ ബിൽഡിംഗ് കോഡ്, 2005 പ്രകാരമുള്ള ഫയർ& ലൈഫ് സേഫ്റ്റിക്ക് വേണ്ടി നഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണോ പ്രസ്തുത നിരാക്ഷേപ പത്രങ്ങൾ എല്ലാം നൽകിയിട്ടുള്ളത് : അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ:

(സി) എത്ര നിർമ്മാണ അപേക്ഷകൾ ഈ കാലയളവിൽ സമർപ്പിക്കുകയുണ്ടായിട്ടുണ്ട്: വിശദമാക്കാമോ:

(ഡി) എത്ര മീറ്റർ ഉയരമുള്ള, എത്ര നിലകൾക്ക് മുകളിലുള്ള കെട്ടിടങ്ങൾക്കാണ് പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപ പത്രങ്ങൾ ആവശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ: പ്രസ്തുത അനുമതിയുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ വിശദമാക്കാമോ?

<u>കാസർകോട് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനും ക്വാർട്ടേഴ്സ് കെട്ടിടവും</u>

3063. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനും ക്വാർട്ടേഴ്സ് കെട്ടിടവും ജീർണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർകോട് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ ; എങ്കിൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ നല്കാനാവുമെന്ന് വ്യക്തമാക്കുമോ ?

## കോഴിക്കോട് ജില്ല -ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്

3064. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന് വേണ്ടി ലഭിച്ച വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ; അതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പേരാമ്പ്ര ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ ലഭ്യമാക്കിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം ലഭ്യമാക്കുമോ?

## ട്രെയിനിംഗ് പീരിയഡിലെ ഡി.എ.

3065. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെയിനിംഗ് പീരിയഡ് വിജയകരമായി പൂർത്തിയാക്കിയ പതിനാറാമത് ബാച്ച് ഫയർമാൻമാർക്ക് ഡി.എ. കുടിശ്ശിക നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ട്രെയിനിംഗ് പൂർത്തിയാക്കി സർവ്വീസിൽ തുടർന്നു വരവെ പി.എസ്.സി. വഴി മറ്റു വകുപ്പുകളിൽ നിയമനം ലഭിച്ചവർക്ക് ഡി.എ. കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് ഡി.എ. കുടിശ്ശിക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ട്രെയിനിംഗ് പീരിയഡിൽ ഡി.എ. കുടിശ്ശിക വാങ്ങിയശേഷം മറ്റ് വകുപ്പുകളിലേക്ക് നിയമനം ലഭിച്ചവർക്ക് പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണെന്ന ഉത്തരവ് നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

## ബഹു. ഭക്ഷ്യ വകുപ്പുമന്ത്രിക്കെതിരെ അന്വേഷണം

T 3066. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. ഭക്ഷ്യ വകുപ്പുമന്ത്രിക്കെതിരെ അഴിമതി സംബന്ധിച്ച് ഇപ്പോൾ ഏതൊക്കെ അന്വേഷണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും അവയുടെ ഓരോന്നിന്റേയും നിലവിലുള്ള സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ?

## ഭൂമി തട്ടിപ്പ് കേസുകൾ

3067. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസുകളിൽ കോടികളുടെ ഇടപാട് നടന്നിട്ടുള്ളതായി സംശയമുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഈ സംശയങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിലൂടെ സത്യം പുറത്ത് കൊണ്ടുവരാൻ വിജിലൻസിന് സാധിക്കാതെ പോയത് എന്തുകൊണ്ടായിരുന്നു ;

(സി) സലീംരാജ് ഭൂമി തട്ടിപ്പുകൾ നടത്തിയത് മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ചുകൊണ്ടായിരുന്നു എന്നറിയാമോ ; മുഖ്യമന്ത്രിയുടെ ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം സംബന്ധിച്ച കേസിന്മേലുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധി ന്യായത്തിൽ 130-ാം പേജിലെ വാചകങ്ങൾ എന്തെല്ലാമായിരുന്നു ; വിധി പകർപ്പ് ഉദ്ധരിച്ച് വിശദീകിരക്കുമോ ;

(ഡി) സി.ബി.ഐ.യുടെ അന്വേഷണത്തിലൂടെ ,വിജിലൻസ് കണ്ടെത്താത്ത എന്തെല്ലാം വസ്തുതകൾ പുറത്ത് വന്നിട്ടുണ്ട് ?

<u>ഭൂമി തട്ടിപ്പ് കേസ്സുകളുടെ അന്വേഷണം .</u>

3068. ശ്രീ.കെ.രാധാകൃഷ്ണൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.കെ.നാരായണൻ

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസ്സുകളുടെ അന്വേഷണം സിബിഐ ഏറ്റെടുത്തത് കോടതി ഉത്തരവിനെ തുടർന്നായിരുന്നുവോ;

(ബി) വിധിയിൽ മുഖ്യമന്ത്രിയേയും ഓഫീസിനേയും കുറിച്ച് നടത്തിയ വിമർശനങ്ങൾ എന്തായിരുന്നു; വിധിപ്പകർപ്പ് ഉദ്ധരിച്ച് വിശദമാക്കാമോ;

(സി) വിമർശനങ്ങൾ സ്റ്റേ ചെയ്യാൻ സർക്കാർ ഡിവിഷൻ ബെഞ്ചിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

<u>മുൻ എം.പി. ശ്രീ.കെ.സുധാകരന്റെ പേരിലുണ്ടായിരുന്ന വിജിലൻസ് കേസ്</u>

3069. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എം.പി. ശ്രീ.കെ.സുധാകരന്റെ പേരിലുണ്ടായിരുന്ന ഏതെങ്കിലും വിജിലൻസ് കേസ് പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എന്തെല്ലാം കുറ്റങ്ങൾ ആരോപിച്ചുകൊണ്ടുള്ളതായിരുന്നു വിജിലൻസ് കേസ്; കേസ് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമായിരുന്നു ;

(സി) കേസ് പിൻവലിക്കുന്നതിന് ഉത്തരവിട്ട മന്ത്രി ആരായിരുന്നു ;

(ഡി) ഇത് സംബന്ധിച്ച് വിജിലൻസിന് ലഭിച്ച നിയമോപദേശം വ്യക്തമാക്കാമോ ?

ബാർ കോഴക്കേസ്

3070. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിൽ ധനകാര്യമന്ത്രിയ്ക്കെതിരെ കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിയമ ഉപദേശങ്ങളുടെയടിസ്ഥാനത്തിലായിരുന്നു;

(ബി) നിയമോപദേശം വാങ്ങിയ ഇനത്തിൽ ആർക്കെല്ലാം എത്ര തുക വീതം ഫീസ് നൽകേണ്ടതായിവരും; വിശദമാക്കാമോ; ഫീസ് നൽകുന്നത് ആരായിരിക്കും ; ഏത് ഹെഡ്ഡിൽ നിന്നായിരിക്കും;

(സി) സുപ്രീംകോടതിയിലെ അഭിഭാഷകനായ അഡ്വ.എൽ നാഗേശ്വർ റാവുവിൽ നിന്നും നിയമോപദേശം വാങ്ങുകയുണ്ടായോ; നിയമോപദേശത്തിന് ഇദ്ദേഹത്തെ സമീപിക്കാൻ കാരണം എന്തായിരുന്നു; ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു; ഇദ്ദേഹത്തിനു എന്തു തുക ഫീസ് നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെയുള്ള നിയമവ്യവസ്ഥകൾ

3071. ശ്രീ.എം.ചന്ദ്രൻ
,, പി.ടി.എ. റഹീം
,, സി.കൃഷ്ണൻ
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെയുള്ള നിയമ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ബി) വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക പദവിയിലുള്ളവരുണ്ടോ ;

(സി) വിജിലൻസ് ത്വരിത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ അഴിമതി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരുടെയും ഐ.എ.എസ്/ഐ.പി.എസ്.ആപ്പീസർമാരുടെയും പേരിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട് ; വിശദമാക്കാമോ?

ബാർകോഴ കേസിൽ വിജിലൻസ് അന്വേഷണം

3072. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ വിജിലൻസ് ഡയറക്ടർ നാളിതുവരെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ ആരിൽ നിന്നെല്ലാം നിയമോപദേശം തേടിയിട്ടുണ്ട് ;

(ബി) ആരുടെയെല്ലാം നിയമോപദേശങ്ങൾ ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി ; ഏതെല്ലാം തീയതികളിൽ ; ലഭിച്ച നിയമോപദേശങ്ങളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) ബാർ കോഴ കേസന്വേഷണം സംബന്ധിച്ച് ഹൈക്കോടതിയിൽ വന്ന ഹർജികൾ തീർപ്പാക്കിക്കൊണ്ട് കോടതി വിജിലൻസിന് നൽകിയ നിർദ്ദേശം എന്തായിരുന്നു ; അത് ഏത് തീയതിയിലായിരുന്നു ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥൻ വസ്തുതാവിവരണ റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു ;

(ഇ) കോടതി നിർദ്ദേശം അനുസരിച്ച്, അന്വേഷണ ഉദ്യോഗസ്ഥൻെറ വസ്തുതാ വിവരണ റിപ്പോർട്ട് കിട്ടിയ ഉടൻ ആയത് കോടതിയിൽ സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു ?

## പാമോലിൻ ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം

3073. ശ്രീ.എസ്.ശർമ്മ

,, വി.ശിവൻകുട്ടി

,, പുരുഷൻ കടലുണ്ടി

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമോലിൻ ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പാമൊലിൻ ഇറക്കുമതി അന്നത്തെ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ തെറ്റാണെന്നു ബോധിപ്പിച്ചിട്ടുണ്ടോ ;വെളിപ്പെടുത്തുമോ ;

(സി) ഇറക്കുമതി ചെയ്യുന്ന കാര്യത്തിലെ തന്റെ വിയോജിപ്പ് സംബന്ധിച്ച് 2-6-2015-ന് ചീഫ് സെക്രട്ടറി നടത്തിയ പ്രസ്താവന വസ്തുതാപരമാണോയെന്നു അറിയിക്കുമോ ;

(ഡി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർ മേൽപറഞ്ഞ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയുണ്ടായോയെന്നു വ്യക്തമാക്കുമോ ;

(ഇ) ആരുടെ നേതൃത്വത്തിലുള്ള സംഘമാണിപ്പോൾ അന്വേഷണം നടത്തിവരുന്നത് എന്നും പാമൊലിൻ ഇറക്കുമതി നടത്തിയ ഘട്ടത്തിൽ മുഖ്യമന്ത്രിയും ധനകാര്യവകുപ്പ് മന്ത്രിയും ആരൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ ?

## വിജിലൻസിന് സ്വയംഭരണാവകാശം

3074. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.വി.വിജയദാസ്

,, റ്റി.വി.രാജേഷ്

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസിന് സ്വയംഭരണാവകാശം നൽകുമോ ; നയം വ്യക്തമാക്കാമോ ;

(ബി) ഇത് ഉദ്യോഗസ്ഥരുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് ഉപകരിക്കുമെന്നുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോടതി ഇത്തരത്തിൽ അഭിപ്രായപ്പെടാനിടയായ സാഹചര്യം പരിശോധിക്കുമോ ;

## കൺസ്യൂമർ ഫെഡ് അഴിമതി

3075. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) വിജിലൻസ് അന്വേഷണം നടത്തി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

## സ്കൂളുകളിലെ പാഠപുസ്തക അച്ചടി

3076. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സിന് നിയമവിരുദ്ധമായി നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങൾ വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ?

## കൈക്കൂലിക്കേസ്സുകൾ

3077. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോവർഷവും കൈക്കൂലിക്കേസ്സുകളിൽ പിടിക്കപ്പെട്ട പോലീസ്, വനം, എക്സൈസ്, റവന്യൂ ഉദ്യോഗസ്ഥർ ആരെല്ലാം; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ ഉന്നത ഉദ്യോഗസ്ഥർ, ഐ.എഫ്.എസ്, ഐ.എ.എസ്, ഐ.പി.എസ് ഉൾപ്പെടെ സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും, വിജിലൻസ് പിടികൂടിയവരിൽ ശിക്ഷിക്കപ്പെട്ടവർ ആരെല്ലാം എന്നും, എത്രപേരുടെ പേരിൽ നിലവിൽ കോടതികളിൽ കേസ്സുകൾ നിലനിൽക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) വിജിലൻസ് വകുപ്പ് ഇവരിൽ നിന്നും പിടിച്ചെടുത്ത പണം എത്ര; ജില്ല, വകുപ്പ് ഇവ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ അഴിമതിക്കേസ്സുകളിൽ ഉൾപ്പെട്ട മന്ത്രിമാർ /പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ആരെല്ലാം; എത്രപേർ ഇതിൽ നിന്ന് കുറ്റവിമുക്തരായി; എത്രപേരുടെ പേരിൽ നിലവിൽ അന്വേഷണവും കേസ്സുകളും കോടതികളിലുണ്ട്; അവർ ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

<u>ശിക്ഷാ ഇളവ് ലഭിച്ച തടവുകാർ</u>

3078. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം നാളിതുവരെ വിവിധ ജയിലുകളിലുണ്ടായിരുന്ന എത്ര തടവുകാർക്ക് ശിക്ഷാ ഇളവ് നൽകി മോചിപ്പിക്കുകയുണ്ടായി ;

(ബി) തടവുകാർക്ക് ശിക്ഷാ ഇളവുനൽകുന്നതിന് കോടതി ഉത്തരവുകളോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) തടവുകാർക്ക് ശിക്ഷാ ഇളവു നൽകി മോചിപ്പിക്കുന്നതു സംബന്ധിച്ച് നിലവിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ജയിൽ ഉൽപന്നങ്ങൾ</u>

3079. **ശ്രീ.വർക്കല കഹാർ**

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** പി.സി വിഷ്ണുനാഥ്

**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപന്നങ്ങൾ പൊതു വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇക്കാലയളവിൽ ജയിൽ വരുമാനത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ; വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ?

<u>കരുതൽ തടങ്കലിലുള്ള അന്യസംസ്ഥാന തൊഴിലാളികൾ</u>

3080. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജയിലുകളിലായി അന്യസംസ്ഥാന തൊഴിലാളികളായിട്ടുള്ള എത്ര പേർ കരുതൽ തടങ്കലിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര വനിതകൾ, കുട്ടികൾ

എന്നിവർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

<u>തടവുകാരുടെ ചികിത്സ</u>

3081. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാരെ ചികിത്സിക്കുന്നതിനായി ആശുപത്രിയിൽ എത്തിക്കുന്നതിന് പോലീസ് അകമ്പടി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തടവുകാരെ ചികിത്സയ്ക്കായി എത്തിക്കുന്നതിന് പോലീസ് അകമ്പടി കൃത്യമായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ജയിലിന് സമീപത്തെ സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ആഴ്ചയിൽ രണ്ട് ദിവസം ജയിൽ സന്ദർശിച്ച് തടവുകാർക്ക് ആവശ്യമായ ചികിത്സ നൽകണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ;

(ഡി) ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ സർക്കാർ ഡോക്ടർമാർ ആഴ്ചയിൽ രണ്ട് ദിവസം സന്ദർശനം നടത്തി തടവുകാർക്ക് ചികിത്സ നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കുന്നുണ്ടോ?

<u>കാസർകോട് ജില്ലയിലെ ജയിലുകളിലെ തടവുകാർ</u>

3082. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ജയിലുകളിൽ റിമാന്റ്/വിചാരണ തടവുകാരുടെ എണ്ണം അനുവദിക്കപ്പെട്ടതിലും ഇരട്ടിയോളം വരുന്നതിനെ തുടർന്ന് സ്ഥിരമായി കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി പാർപ്പിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ മാറ്റപ്പെട്ടവരെ കണ്ണൂരിൽ നിന്നും കാസർകോട്ടെ കോടതികളിൽ എത്തിക്കുന്നതിന് അധിക ബാധ്യതയുണ്ടാകുന്നുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനത്തിനോ തടവുകാർക്കോ ഏതെങ്കിലും തരത്തിൽ സുരക്ഷാഭീഷണി നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കാസർകോട് ജില്ലയിലെ റിമാന്റ് /വിചാരണ തടവുകാരെ ജില്ലയിൽ തന്നെ പാർപ്പിക്കുന്നതിനായി ജില്ലാ ജയിൽ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാണോ ; ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>തടവുകാർക്ക് തൊഴിൽ പരിശീലനം</u>

3083. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് ഏതെല്ലാം തൊഴിലുകളിൽ പരിശീലനം നൽകുന്നുണ്ട് ;

(ബി) ജയിലുകൾക്ക് പുറത്ത് ഇവർക്ക് പരിശീലനം നൽകുന്നതിന് ഏതെല്ലാം ഏജൻസികളെ നിയോഗിച്ചിട്ടുണ്ട് ;

(സി) എല്ലാ അന്തേവാസികൾക്കും തൊഴിൽ പരിശീലനം നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) ഇവർക്ക് കാലാനുസൃതമായി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>വനിതാതടവുകാർ</u>

3084. **ശ്രീ.**മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി, ശിക്ഷിക്കപ്പെട്ട എത്ര വനിതകളെ പാർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജയിലുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>വിചാരണത്തടവുകാരുടെ കേസുകൾ</u>

3085. **ശ്രീ.**റോഷി അഗസ്റ്റിൻ

**,,** എം**.**വി**.**ശ്രേയാംസ് കുമാർ

ഡോ**.**എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിചാരണത്തടവുകാരുടെ കേസുകൾ വേഗത്തിൽ പൂർത്തിയാക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ ;

(സി) വിചാരണ തടവുകാരിൽ നിരപരാധികളെന്നു കണ്ടെത്തുന്നവരുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ</u>

3086. **ശ്രീ.**കെ**.**അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ജോലി ചെയ്തു വന്നിരുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അർഹതപ്പെട്ട മറ്റേതെങ്കിലും ജീവനക്കാർക്ക് ജോലി ലഭിച്ചില്ല എന്ന പരാതി ഉയർന്നിട്ടുണ്ടോ ;

(ബി) സ്ഥിരപ്പെടുത്തിയ താല്ക്കാലിക ജീവനക്കാർക്ക് വനംവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത ഇല്ല എന്ന പരാതി ആർക്കെങ്കിലും എതിരെ ഉയർന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൽ എന്തു നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(സി) ഇരുപതും ഇരുപത്തിയഞ്ചും വർഷമായി വനം വകുപ്പിൽ താല്ക്കാലിക ജോലിക്കാരായി തുടർന്നുവരുന്ന 56 വയസ്സ് പൂർത്തിയായിക്കഴിഞ്ഞ താത്കാലിക ജീവനക്കാർക്ക് തങ്ങളുടെ ജീവിതാന്ത്യംവരെ ഒരു നിശ്ചിത തുക ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ?

<u>വനം വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള കാലതാമസം</u>

3087. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്നതിന് അനാവശ്യമായ കാലതാമസം വരുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികൾ ഉയർന്നുവരാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കാലതാമസം വരുത്തുന്ന കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ;

(സി) എറണാകുളം ജില്ലയിൽ സ്കൂൾ ബസ്സിനുമുകളിലേയ്ക്ക് മരം വീണ് കുട്ടികൾ മരണപ്പെട്ട ദാരുണ സംഭവം, പ്രസ്തുത മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടും വനം വകുപ്പിൽ നിന്നുള്ള അനുമതി നീണ്ടുപോയതിന്റെ പശ്ചാത്തലത്തിലാണുണ്ടായതെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സത്വരനടപടി കൈക്കൊള്ളുമോ ?

<u>പുലി ഭീഷണി</u>

3088. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപ കാലത്ത് വന്യ മൃഗങ്ങൾ പ്രത്യേകിച്ച് പുലികൾ നാട്ടിൻപ്രദേശങ്ങളിലും കാട് വളരെ അകലെയുള്ള പ്രദേശങ്ങളിലും പ്രത്യക്ഷപ്പെട്ട് ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന സംഭവങ്ങൾ ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ പുലി ഇറങ്ങി ജനങ്ങൾ പരിഭ്രാന്തരായതും തുടർച്ചയായി പുലികളുടെ സാന്നിദ്ധ്യം ഉണ്ടെന്ന റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(സി) വനം വകുപ്പിന്റെ റാപ്പിഡ് റസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ:

(ഡി) വനപ്രദേങ്ങളിൽ നിന്നും വളരെ ദൂരത്തുള്ള പ്രദേശങ്ങളിൽ ഇത്തരത്തിൽ പുലികൾ എത്തിപ്പെടുന്നത് എങ്ങിനെയാണെന്ന് കണ്ടെത്താൻ വനംവകുപ്പ് നടപടി സ്വീകരിക്കുമോ?

<u>കാവ് സംരക്ഷണ പദ്ധതി</u>

3089. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാവ് സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) കാവും കുളവും സംരക്ഷിക്കുന്നത് സംബന്ധിച്ച് വനവും പരിസ്ഥിതിയും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഈ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ആരെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ചുമതല വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്താമോ?

## കൃഷി രക്ഷാപദ്ധതി

3090. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കൃഷി രക്ഷാപദ്ധതിയിൽ ഉൾപ്പെടുത്തി മലയാറ്റൂർ, വാഴച്ചാൽ ഡിവിഷനുകൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്;

(ബി) ഈ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

## ഇക്കോ കേഡറ്റ് കോർ

3091. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് ; വിശദമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

## മറയൂർ ചന്ദന മോഷണ കേസുകൾ

3092. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിൽ ഉണ്ടായ ചന്ദന മോഷണങ്ങളെക്കുറിച്ചുള്ള കേസുകളെക്കുറിച്ച് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഈ കേസുകളിൽ പൂർണമായി പ്രതികളെ കണ്ടെത്തിയ കേസുകളും ഭാഗികമായി പ്രതികളെ കണ്ടെത്തിയ കേസുകളും ഒരു പ്രതിയെയും

കിട്ടാത്ത കേസുകളും എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ, മറയൂരിലെ ചന്ദന മോഷണ കേസുകളിൽ റിസർവ് വനത്തിലെ കേസുകളും, സ്വകാര്യ ഭൂമിയിലെ കേസുകളും എത്രവീതമെന്ന് പ്രത്യേകമായി വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മറയൂരിലെ ചന്ദന മോഷണങ്ങൾ വർദ്ധിച്ചത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ?

## മറയൂരിലെ വനഭൂമി കൈയ്യേറ്റം .

3093. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി മറയൂരിൽ 44 ആദിവാസി കുടുംബങ്ങൾ വനഭൂമി കയ്യേറി കുടിൽ കെട്ടി താമസം തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2009-ൽ ഉണ്ടായ ഉരുൾ പൊട്ടലിൽ കുടിലുകൾ തകർന്ന ആദിവാസികൾക്ക് പകരം ഭൂമി കൊടുക്കാമെന്നുള്ള സർക്കാർ വാഗ്ദാനം പാലിക്കാത്തതുമൂലമാണ് ഇവർ വനഭൂമി കയ്യേറിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരുടെ വീഴ്ച മൂലമാണ് ആദിവാസികൾക്ക് നാളിതുവരെ ഭൂമി നൽകാതിരുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ആദിവാസികളെ വനംവകുപ്പ് അധികൃതർ ബലമായി ഒഴിപ്പിക്കാൻ ശ്രമിച്ചപ്പോൾ സ്ത്രീകൾ ഉൾപ്പെടെ ആത്മഹത്യാഭീഷണി മുഴക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## മരങ്ങൾ മുറിയ്ക്കുന്നതിനുള്ള അനുമതി

3094. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം ലഭിച്ച കൈവശ ഭൂമികളിൽ പട്ടയം ലഭിച്ചവയിലുള്ള മരങ്ങൾ മുറിയ്ക്കുന്നതിന് നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; പുതിയ ഉത്തരവിന്റെയും മുൻ ഉത്തരവുകളുടെയും കോപ്പികൾ ലഭ്യമാക്കാമോ;

(ബി) കൈവശ ഭൂമിയിലെ ഏതൊക്കെ മരങ്ങൾ മുറിയ്ക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഈ മരങ്ങൾ മുറിയ്ക്കുന്നതിന് മുമ്പ് കർഷകർ ഏതെങ്കിലും അനുമതി വാങ്ങേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളുടെ അനുമതിയാണ് വാങ്ങേണ്ടത്;വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനുമതി നൽകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; നിർദ്ദേശം ലഭിക്കാത്തതുമൂലം റാന്നി പമ്പാവാലി മേഖലയിലെ കൈവശ

കർഷകർ പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

## സോഷ്യൽ ഫോറസ്ട്രി

3095. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സോഷ്യൽ ഫോറസ്റ്ററി പത്തനംതിട്ട ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്നുമുള്ള വിവരം നിയോജകമണ്ഡല അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവിട്ട തുകയുടെ വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ/ഭാഗിക വിഹിതം ലക്ഷ്യമാക്കി ജില്ലയിൽ ഇത്തരം ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## വനമേഖലയിലെ വന്യജീവി ആക്രമണം

3096. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയ്ക്കടുത്തും മറ്റും താമസിക്കുന്ന കർഷകരുടെ കൃഷിഭൂമിയിൽ വിളവുകൾ നശിപ്പിക്കുന്നതും മനുഷ്യരെ ആക്രമിക്കുന്നതുമായ വന്യമൃഗങ്ങളെ കൊല്ലുന്നതിനുമായി എന്തെങ്കിലും പുതിയ നിയമം പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര മനുഷ്യ ജീവൻ പൊലിഞ്ഞിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കാവുസംരക്ഷണ പദ്ധതികൾ

3097. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

## വനാവകാശനിയമം

3098. ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശനിയമം ഉടൻ നടപ്പാക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള കാലതാമസിന്റെ കാരണം വ്യക്തമാക്കുമോ?

## വനംവകുപ്പിൽ വാച്ചർമാരായിട്ടുള്ള പട്ടികവർഗ്ഗക്കാർ

3099. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ വാച്ചർമാരായി എത്ര പട്ടികവർഗ്ഗക്കാർ ജോലി നോക്കുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇവർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയായി നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മുടക്കം കൂടാതെ എല്ലാ മാസവും ഇവർക്ക് വേതനം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## പട്ടയഭൂമിയിലെ മരം മുറിക്കുന്നതിനുള്ള അനുമതി

3100. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം നീക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടയഭൂമികളിൽ വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്നത് തടയുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

## ആദിവാസികൾക്ക് ഭൂമി വിതരണം

3101. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി ഉത്തരവ് അനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത് ; വ്യക്തമാക്കാമോ ;

(ബി) ആദിവാസികൾക്ക് എത്ര ഏക്കർ വീതം ,ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു ; ഭൂമി വിതരണം ചെയ്യുന്നതിനായി വനം വകുപ്പ് പ്രത്യേകം ഓഫീസ് തുറന്നിരുന്നോ ; പ്രസ്തുത ഓഫീസ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ; ഈ ഓഫീസ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കാമോ ?

<u>അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി</u>

3102. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ അപകടകരമാംവിധത്തിലുള്ള വൃക്ഷങ്ങൾ വീണ് യാത്രക്കാർക്ക് ജീവഹാനിയും പരിക്കുകളും പറ്റുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ നീക്കം ചെയ്യുന്നതിന് കാലതാമസം എടുക്കുന്നതും, വിവിധ വകുപ്പുകളിൽ നിന്നും മരം മുറിക്കുന്നതിനുള്ള അനുമതി വൈകുന്നതും ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ഇത്തരം പരാതികൾ എവിടെ നൽകണമെന്നും ഇതിനുള്ള പരിഹാരം ഏത് വകുപ്പിൽ നിന്ന് ലഭിക്കുമെന്നും വ്യക്തമാക്കുമോ ?

<u>കാട്ടുമൃഗങ്ങളുടെ ആക്രമണം</u>

3103. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും ജീവനും ഭീഷണിയുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര ആക്രമണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ആക്രമണങ്ങൾക്കിരയായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം വകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; നഷ്ടപരിഹാരം നിശ്ചയിക്കാനുള്ള മാനദണ്ഡം എന്തൊണെന്നു വിശദീകരിക്കാമോ;

(ബി) വനമേഖലയോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലേക്ക് കാട്ടുമൃഗങ്ങൾ ഇറങ്ങുന്നതു തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ ഭാഗങ്ങളിലാണ് സംരക്ഷണം ഒരുക്കിയിരിക്കുന്നത്?

<u>ആനിമൽ റെസ്ക്യൂ ഷെൽട്ടർ സ്ഥാപിക്കുന്നതിന് സാധ്യതാ പഠനം</u>

3104. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജീവിതത്തിന് ഭീഷണി ഉയർത്തുന്ന വന്യജീവികളെയും നാട്ടു മൃഗങ്ങളെയും പാർപ്പിക്കുന്നതിലേക്കായി പരീക്ഷണാടിസ്ഥാനത്തിൽ ആനിമൽ റെസ്ക്യൂ ഷെൽട്ടർ സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആനിമൽ റെസ്ക്യൂ ഷെൽട്ടർസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി - സംസ്ഥാനത്തിന്റെ നിലപാടുകൾ

3105. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, എൻ. ഷംസുദ്ദീൻ

,, പി.കെ.ബഷീർ

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശുപാർശകളിന്മേൽ സർക്കാർ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്നും അതിനുള്ള കാരണങ്ങളെന്താണെന്നും വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാടുകൾ അംഗീകരിച്ചുകിട്ടാൻ എന്തൊക്കെ പ്രായോഗിക നിലപാടുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## ഓക്സ്ബോ തടാക സംരക്ഷണം

3106. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനും, ജൈവ വൈവിധ്യബോർഡിന്റെ കീഴിൽ പ്രകൃതി പൈതൃക ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ വിശദ വിവരങ്ങൾ അറിയിക്കാമോ?

## കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠനം

3107. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ഏജൻസികളുടെ എന്തെങ്കിലും പഠനം ഇതേക്കുറിച്ച് നടന്നിട്ടുണ്ടോ ;

(സി) ഉഷ്ണക്കാറ്റ് വീശി പരിസ്ഥിതിക്ക് കോട്ടം സംഭവിച്ചത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

വിശദാംശങ്ങൾ നൽകാമോ ?

പൈക, സൈമൽ പദ്ധതികൾ

3108. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് വകുപ്പിന്റെ വിവിധ പദ്ധതികളായ പൈക, സൈമൽ എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടി എന്താണ് ; വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും നടപ്പിലാക്കിയ പ്രവർത്തികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ?

കേരള സ്പോർട്സ് ആക്ട്

3109. ശ്രീ.ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, പി.എ.മാധവൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് ഭേദഗതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) സ്പോർട്സ് രംഗത്തെ പ്രവർത്തനത്തിനും വളർച്ചയ്ക്കും ആയത് എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ;

(ഡി) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

വട്ടുതല ജമാ അത്ത് ഹയർ സെക്കന്ററി സ്കൂളിൽ സ്പോർട്സ് ഗ്രൗണ്ട്

3110. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരുകുറ്റി പഞ്ചായത്തിലെ വടുതല ജമാ അത്ത് ഹയർ സെക്കന്ററി സ്കൂളിൽ സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് സഹിതം ഒരു പ്രൊപ്പോസൽ സ്പോർട്സ് കൗൺസിലിന് നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി കായിക താരങ്ങൾ ഉള്ള ഈ പ്രദേശത്ത് സ്പോർട്സ് ഗ്രൗണ്ടില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് അകറ്റുന്നതിനായി അടിയന്തിരമായി സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മതിലകം ബ്ലോക്ക് പഞ്ചായത്ത് സ്ഥലത്ത് നീന്തൽ കുളം

3111. ശ്രീ.വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നീന്തൽ കുളം നിർമ്മിക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നീന്തൽ കുളം നിർമ്മിക്കുന്നതിനായുള്ള സർക്കാർ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ?

ജില്ലാ, സംസ്ഥാന കളരിപ്പയറ്റ് മത്സരങ്ങളിലെ വിജയികൾ

3112. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, സംസ്ഥാന കളരിപ്പയറ്റ് മത്സരങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ചില കളരിപ്പയറ്റ് അഭ്യാസികളെ വിജയികളായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 54,55,56-ാമതു ജില്ലാ-സംസ്ഥാന കളരിപ്പയറ്റ് മത്സരങ്ങളിലെ വ്യക്തിഗതം, ടീമിനം, വാൾപ്പയറ്റ് എന്നീ ഇനങ്ങളിൽ (തെക്കൻ സമ്പ്രദായം) ഒന്നാം സ്ഥാനക്കാർ ആരൊക്കെയാണ്; ഇവർ പ്രതിനിധീകരിച്ച കളരിപ്പയറ്റ് സംഘത്തിന്റെ പേര് വെളിപ്പെടുത്താമോ; അവയുടെ രജിസ്റ്റർ നമ്പർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 54,55,56-ാമത് ജില്ലാ സംസ്ഥാന കളരിപ്പയറ്റ് മത്സരങ്ങളിലെ ഗുരുക്കന്മാർ ഈ മത്സരങ്ങൾ നടന്ന കാലയളവിൽ ജില്ല സംസ്ഥാന കളരിപ്പയറ്റ് അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്ഥാനം വഹിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാനങ്ങളാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലെ ജില്ല സംസ്ഥാന കളരിപ്പയറ്റ് അസോസിയേഷന്റെ കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ്; അവർ വഹിക്കുന്ന സ്ഥാനങ്ങൾ വ്യക്തമാക്കാമോ?

ഗെയിംസ് വില്ലേജിലെ വസതികളുടെ പുനർവിനിയോഗം

3113. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസ് വില്ലേജിലെ പ്രീഫാബ്രിക്കേറ്റഡ് വസതികളുടെ പുനർവിനിയോഗത്തിനായി ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവഃകോളേജ്, ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനി റെസിഡൻസ് അസോസിയേഷൻ, വിവിധ വിദ്യാലയങ്ങൾ

എന്നിവർ നൽകിയ അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി നടപടി സ്വീകരിക്കുമോ?

<u>ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജിൽ സിന്തറ്റിക് ബാസ്കറ്റ്ബോൾ കോർട്ട്</u>

3114. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജിൽ സിന്തറ്റിക് ബാസ്കറ്റ്ബോൾ കോർട്ട് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾക്ക് പാട്ടത്തിന് ലഭിച്ച സർക്കാർ ഭൂമി</u>

3115. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകാറുണ്ടോ; എങ്കിൽ അത്തരത്തിൽ എത്ര അസോസിയേഷനുകൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ;

(ബി) ഇതിൽ എത്ര അസോസിയേഷനുകൾ പാട്ടത്തിൽ ലഭിച്ച ഭൂമി അസോസിയേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചും സർക്കാർ നിയമമനുസരിച്ചും വിനിയോഗിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) ഇവയിൽ എത്രയെണ്ണം കൈമാറ്റം ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണം കമേഴ്സ്യൽ പർപ്പസിന് വിട്ടുനൽകിയിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ പരിശോധന നടന്നത് എന്നാണെന്നും അതിന്റെ വിവരങ്ങളും അറിയിക്കുമോ?

<u>കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി തുക</u>

3116. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണ്;

(ബി) ഏതെല്ലാം പദ്ധതി പ്രകാരമാണ് പ്രസ്തുത സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കെ. എസ്.എഫ്.ഡി.സി സിനിമാശാലകൾ

3117. ശ്രീ.സണ്ണി ജോസഫ്

,, പി.എ.മാധവൻ

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്.എഫ്.ഡി.സി.യുടെ കീഴിൽ എത്ര സിനിമാശാലകൾ പ്രവർത്തിക്കുന്നുവെന്നും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഈ സിനിമാശാലകളിൽ നിന്നുള്ള വരുമാനം എത്ര വീതമെന്നും അറിയിക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സിനിമാശാലകൾ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്;

(സി) സിനിമാശാലകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് കെ.എസ്.എഫ്.ഡി.സി. നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ പുതിയ തീയറ്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

## കലാമൂല്യമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ തീയേറ്ററുകൾ

3118. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലം ലഭ്യമാക്കുന്ന ഇടങ്ങളിൽ കലാമൂല്യമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനായി തീയേറ്ററുകൾ പണിതു നൽകും എന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരത്തിൽ തീയേറ്ററുകൾ അനുവദിച്ചിട്ടുള്ളത് ;

(ബി) എത്ര സ്ഥലമാണ് ഇത്തരത്തിൽ തീയേറ്റർ ആരംഭിക്കാനായി വേണ്ടത് ;

(സി) ഇങ്ങനെ പണിയുന്ന തീയേറ്ററുകളുടെ ഉടമസ്ഥത ആർക്കായിരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് അനുവദിച്ചതിൽ ഏതെങ്കിലും തീയേറ്ററിന്റെ പണി ആരംഭിച്ചിട്ടുണ്ടോ ; റാന്നി നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും ഇത്തരത്തിൽ തീയേറ്റർ ആരംഭിക്കാൻ നീക്കമുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി

3119. ശ്രീ.സണ്ണി ജോസഫ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തം നിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) അന്യ സംസ്ഥാനങ്ങളിലെ ചില ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സ്വകാര്യവത്കരിക്കുകയോ പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>കെ.എസ്.ആർ.ടി.സി യെ സംരക്ഷിക്കുന്നതിന് നടപടി</u>

3120. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൊതുജനത്തിന് പ്രയോജനകരമായ രീതിയിൽ കെ.എസ്.ആർ.ടി.സി. യെ സംരക്ഷിക്കുന്നതിന് ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>കെ.എസ്.ആർ.ടി.സി യുടെ വരുമാനവും ചെലവും</u>

3121. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി ക്ക് വസ്തുവകകൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മൊത്തം ആസ്തി എത്രയെന്നും മൊത്തം കടം ആർക്കെല്ലാം നൽകുവാനുണ്ടെന്നും ഇതിനായി പ്രതിമാസം മുതലിനത്തിൽ /പലിശയിനത്തിൽ എത്ര തുക നൽകി വരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രതിമാസം കെ.എസ്.ആർ.ടി.സി.യുടെ പരസ്യയിനം, വാടക, ടിക്കറ്റ് കളക്ഷൻ മറ്റുവരുമാനങ്ങൾ ഉൾപ്പെടെയുള്ള വരുമാനമെത്ര എന്നും വിവിധയിനങ്ങളിലെ പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി യാത്രക്കാരിൽ നിന്ന് സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എന്നുമുതൽ എന്നും മാസം തോറും പ്രസ്തുതയിനത്തിൽ എത്ര തുക ലഭിക്കുന്നുവെന്നും സെസ്സ് പിരിവിന്റെ പകർപ്പുകളുൾപ്പെടെ ലഭ്യമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കെ.യു.ആർ.ടി.സി വിഭാഗത്തിൽ നിന്നും ലഭിക്കുന്ന മാസവരുമാനം എത്രയെന്നും ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) കെ.യു.ആർ.ടി.സി വിഭാഗത്തിൽ നിന്നും സെസ്സ് പിരിക്കാൻ കെ.എസ്.ആർ.ടി.സി ക്ക് അവകാശമുണ്ടോ എന്നും അതിനായി പറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ</u>

3122. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ നിലവിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) 23-8-2012- ൽ നിലവിൽ വന്ന കെ.എസ്.ആർ.ടി.സി റിസർവ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽനിന്ന് പി.എസ്.സി എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്; നിയമന ശിപാർശ നൽകിയ എത്ര പേർക്ക് കെ.എസ്.ആർ.ടി.സി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിയമനം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ;

(ഇ) നിലവിൽ കെ.എസ്.ആർ.ടി.സി യിൽ എംപാനൽ ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഇത്തരം ആളുകൾക്ക് പകരം പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ?

## കെ.എസ്.ആർ.ടി.സി യിൽ ടിക്കറ്റിന് സെസ്

3123. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ടിക്കറ്റിന് സെസ് ഏർപ്പെടുത്തിയശേഷം എത്ര കോടി രൂപയാണ് മാസം അധികമായി ലഭിച്ചത്;

(ബി) എത്ര കോടിയാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സെസ് ഏർപ്പെടുത്തിയതിനുശേഷം യാത്രക്കാരുടെ എണ്ണത്തിൽ കുറവുണ്ടായതായി കരുതുന്നുണ്ടോ; എങ്കിൽ മുൻപുണ്ടായതിൽ നിന്നും എത്ര ശതമാനം കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

## കെ.എസ്.ആർ.ടി.സി എടത്വാ ഡിപ്പോ കെട്ടിടം നിർമ്മാണം

3124. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച എടത്വാ കെ.എസ്.ആർ.ടി.സി ഡിപ്പോ കെട്ടിടം നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കരാറുകാരന് എത്ര തുക അനുവദിച്ചുവെന്നും ഇനി ഏതെല്ലാം വർക്കുകൾ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ധനകാര്യ വകുപ്പ് തുക അനുവദിച്ച് തന്നിട്ടും സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി പെൻഷൻ കുടിശ്ശിക</u>

3125. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിലുള്ള പെൻഷൻകാർക്ക് ഏത് മാസം വരെയാണ് പെൻഷൻ നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) കുടിശ്ശിക എന്ന് നൽകാനാകും എന്ന് വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി പണിമുടക്ക്</u>

3126. ശ്രീ.എളമരം കരീം

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, ജെയിംസ് മാത്യു

,, കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കണമെന്നതുൾപ്പെടെയുള്ള അടിയന്തര ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.ആർ.ടി.സി എംപ്ലോയീസ് അസോസിയേഷൻ (സി.ഐ.ടി.യു) നേതൃത്വത്തിൽ സർക്കാരിന് പണിമുടക്ക് സമര നോട്ടീസ് നൽകിയിട്ടുണ്ടോ ; പ്രസ്തുത ആവശ്യങ്ങളിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത സംഘടനകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; അത് നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുത കാര്യം സമര നോട്ടീസിൽ ഉൾപെടുത്തിയിട്ടുണ്ടോ :

(സി) നോട്ടീസ് നൽകിയവരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം</u>

3127. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം എത്ര ;

## <u>കെ.എസ്.ആർ.ടി.സി. നടത്തുന്ന വിവിധ സർവ്വീസുകൾ</u>

3128. ശ്രീ.എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ബി. അബ്ദുൾ റസാക്

,, കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും

ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന വിവിധ സർവ്വീസുകളിൽ (ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ്) ഓരോ വിഭാഗത്തിലെയും ബസ്സൊന്നിനുള്ള പ്രതിമാസ ശരാശരി വരുമാനം കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ശരാശരി വരുമാനത്തിലെ ഏറ്റക്കുറച്ചിലും യാത്രാനിരക്കിലെ വ്യത്യാസവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

(സി) പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളെത്രയെന്നും പ്രതിദിന ശരാശരി വരുമാനം എത്രയെന്നും അറിയിക്കുമോ ?

## കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം

3129. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം;

(ബി) കെ.എസ്.ആർ.ടി.സി.യിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ടിക്കറ്റിതര വരുമാനത്തിന്റെ കണക്ക് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.റ്റി.സിയുടെ പുനരുദ്ധാരണം

3130. ശ്രീ.വി.ഡി.സതീശൻ

,, ആർ . സെൽവരാജ്

,, വർക്കല കഹാർ

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കർമ്മ പദ്ധതികൾക്കായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കോർപ്പറേഷൻെറ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ പ്രസ്തുത കർമ്മ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കർമ്മ പദ്ധതികൾക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

## ഗതാഗത നിയമങ്ങൾ .

3131. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗതാഗത നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിച്ച എത്ര കേസുകൾ പ്രതിവർഷം രജിസ്റ്റർ ചെയ്യപ്പെടുന്നു; വിശദമാക്കുമോ;

<u>കണ്ണൂർ ജില്ലയിലെ ജൻറം ബസ്സുകൾ</u>

3132. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര ജൻറം ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജൻറം ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ബസ്സുകൾ ; എവിടെയൊക്കെയാണ് അവ സർവ്വീസ് നടത്തുന്നത് ;

(സി) പയ്യന്നൂരിൽ നിന്നും ബംഗ്ലൂരുവിലേയ്ക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സൂപ്പർ ഡീലക്സ് ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ബംഗ്ലൂരുവിലേയ്ക്കുള്ള യാത്രക്കാരുടെ എണ്ണം പരിഗണിച്ച് പയ്യന്നൂരിൽ നിന്നും ഒരു എ.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കോരപ്പുഴ പാലത്തിലെ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം</u>

3133. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ദേശീയപാതയിലെ കോരപ്പുഴ പാലത്തിൽ സ്ഥാപിച്ച ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സിഗ്നൽ ലൈറ്റ് തകരാറിലായിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ ;

(സി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോരപ്പുഴ പാലത്തിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം പ്രവർത്തിപ്പിക്കാനുള്ള എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സംവിധാനം .</u>

3134. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, എ.റ്റി.ജോർജ്

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇത് വഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## ലോഫ്ലോർ ബസ്സുകൾ

3135. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര പുതിയ ലോഫ്ലോർ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട് ; ഇവ സർവ്വീസ് നടത്തുന്ന റൂട്ട് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കാസർകോഡ് ജില്ലയിൽ ലോഫ്ലോർ ബസ്സുകൾ സർവ്വീസ് ആരംഭിക്കാൻ വൈകുന്നത് എന്ത് കൊണ്ടാണ് ; അതിർത്തിപ്രദേശം എന്ന നിലയിലും പിന്നോക്ക ജില്ല എന്ന നിലയിലും ലോഫ്ലോർ ബസ്സുകളുടെ കാര്യത്തിൽ കാസർകോഡിന് നൽകിയ പരിഗണന വ്യക്തമാക്കാമോ ;

(സി) ലോഫ്ലോർ ബസ്സുകളുടെ സർവ്വീസ് നടത്തിപ്പിനായി ക്ലസ്റ്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ ; പ്രസ്തുത ക്ലസ്റ്ററുകൾ കൊണ്ട് എന്താണുദ്ദേശിക്കുന്നത് ; ഇതിന്റെ പ്രവർത്തനരീതി വിശദീകരിക്കാമോ ?

## പാലക്കാട് ജില്ലയിൽ എത്ര ലാഭകരമല്ലാത്ത ബസ്റൂട്ടുകൾ

3136. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം - പാലക്കാട് റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തിവരുന്നുണ്ട്;

(ബി) പാലക്കാട് നിന്നും മലപ്പുറത്തേക്കും, കോഴിക്കോട്ടേക്കും പോകുന്ന കെ.എസ്.ആർ.ടി.സി ബസുകളിൽ ഏതെല്ലാം ബസുകൾ യാത്രാക്ലേശം അനുഭവിക്കുന്ന ഒറ്റപ്പാലം - മലപ്പുറം റൂട്ട് വഴി തിരിച്ച് വിടാൻ കഴിയും എന്ന കാര്യം പരിശോധിക്കുമോ;

(സി) ഒറ്റപ്പാലം - ശ്രീകൃഷ്ണപുരം-കരിമ്പുഴ-തച്ചനാട്ടുകര എന്നീ പ്രദേശങ്ങൾ ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി യ്ക്ക് റൂട്ട് അനുവദിക്കണമെന്ന നിരന്തരമായ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) നിലവിൽ സംസ്ഥാനത്ത് ലാഭകരമല്ലാത്ത റൂട്ടുകൾ എത്രയെന്ന് കെ.എസ്.ആർ.ടി.സി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) പാലക്കാട് ജില്ലയിൽ എത്ര ലാഭകരമല്ലാത്ത റൂട്ടുകൾ ഉണ്ടെന്നാണ് കെ.എസ്.ആർ.ടി.സി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

<u>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ .</u>

3137. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ ;

(സി) അപകടങ്ങൾ പരമാവധി കുറയ്ക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ഡി) ഈ സർക്കാർ റോഡ് സുരക്ഷാ അതോറിറ്റിക്ക് ബജറ്റ് വിഹിതം വേണ്ടത്ര അനുവദിക്കുകയുണ്ടായോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക അതോറിറ്റിക്ക് ബജറ്റ് വിഹിതമായി അനുവദിച്ചുവെന്ന് ഓരോ സാമ്പത്തിക വർഷം തിരിച്ച് അനുവദിച്ചതെത്ര, ;ചെലവഴിച്ചതെത്ര എന്ന വിവരം ലഭ്യമാക്കാമോ?

<u>കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ</u>

3138. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്ത സർവ്വീസുകൾ ഏതെല്ലാമാണ് ; അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയ്ക്ക് എത്ര പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നു ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഡിപ്പോയിൽ നിന്നും ആരംഭിച്ച പുതിയ സർവ്വീസുകൾ ഏതെന്നും അവ ആരുടെ ശിപാർശപ്രകാരം ആരംഭിച്ചെന്നും അവയുടെ പ്രതിദിന ശരാശരി വരുമാനം എത്രയെന്നും വെളിപ്പെടുത്തുമോ?

<u>കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ</u>

3139. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ആകെ എത്ര ബസ്സ് സർവ്വീസുകളാണുള്ളതെന്നും അവ ഓരോന്നിനും 2015 ജനുവരി മുതലുള്ള മാസങ്ങളിലെ ശരാശരി കളക്ഷൻ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ 2014 ഒക്ടോബർ ഒന്നിനു ശേഷം ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമാണെന്നും, ഇവ ആരംഭിച്ചത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സർവ്വീസ് നിർത്തലാക്കിയ റൂട്ടുകൾ ഏതെല്ലാമാണെന്നും നിർത്തലാക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ഡി) സബ് ഡിപ്പോ നിലവിൽ വന്നതുമുതൽ എം.എൽ.എ. ആവശ്യപ്പെട്ട റൂട്ടുകളിൽ ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദീകരിക്കാമോ;

(ഇ) എം.എൽ.എ. ആവശ്യപ്പെട്ട റൂട്ടുകളിൽ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

<u>കിളിമാനൂർ ഡിപ്പോയിൽ നിന്നുള്ള ഫാസ്റ്റ് പാസഞ്ചർ ബസുകൾ</u>

3140. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി കിളിമാനൂർ ഡിപ്പോയിൽ നിന്നും ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നടത്തുന്ന എത്ര ബസുകൾ ഉണ്ടെന്നും ഈ ബസുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്നും ഓരോ സർവ്വീസിന്റേയും സമയക്രമവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ ഡിപ്പോയിൽ നിന്നുമുള്ള ബസുകളിൽ സമയവിവരം രേഖപ്പെടുത്താറില്ലെന്നതും ബസ് സർവ്വീസുകൾക്ക് സമയകൃത്യതയില്ലെന്നതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>കൊട്ടാരക്കര-പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി.സർവ്വീസ്</u>

3141. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര-പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി. വേണാട് സർവ്വീസ് ആരംഭിച്ചത് എന്നാണ്;

(ബി) ദിനംപ്രതി എത്ര സർവ്വീസുകൾ പ്രസ്തുത റൂട്ടിൽ നടത്തിവരുന്നു;

(സി) ഓരോ സർവ്വീസുകളുടെയും ശരാശരി പ്രതിദിന വരുമാനം എത്രയാണ്;

(ഡി) പ്രസ്തുത സർവ്വീസുകളുടെ കാര്യക്ഷമതയ്ക്കും പ്രതിദിന വരുമാന വർദ്ധനവിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

<u>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ നടപടി</u>

3142. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തണമെന്നും കൂടുതൽ വാഹനം നൽകി നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോയെന്ന വെളിപ്പെടുത്തുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിഗണിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര സർവ്വീസുകളാണ് ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഈ ആവശ്യത്തിലേക്കായി എത്ര വാഹനങ്ങളാണ് ഇപ്പോഴുള്ളതെന്നും അറിയിക്കുമോ;

(ഡി) വാഹനങ്ങളുടെ കുറവ് പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

## കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കൽ

3143. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വാഹനബാഹുല്യം കാരണം കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ സുരക്ഷിതമല്ലാതായി തീർന്നിരിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണവും ട്രാഫിക് തടസ്സങ്ങളും ഒഴിവാക്കുന്നതിന് കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പല പൊതുനിരത്തുകളും നടപ്പാതകളും കാൽനടയാത്രപോലും സാധ്യമാകാത്തവിധം സ്വകാര്യ വ്യാപാര സ്ഥാപനങ്ങളും മറ്റും കൈയ്യേറി പാർക്കിംഗ് ഏരിയ ആയി ഉപയോഗിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുന്നുണ്ട് ; വിശദമാക്കാമോ ?

## ആംബുലൻസുകളുടെ യാത്രാ പ്രശ്നം

3144. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംബുലൻസുകളുടെ യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവൻ രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി പോകുന്ന വാഹനങ്ങൾക്ക് ഗതാഗത നിയമത്തിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ;വ്യക്തമാകുമോ;

(സി) ആംബുലസുകളുടെ യാത്രാ സംബന്ധിച്ച് എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) അമിത വേഗത്തിൽ പോയതിന് ഈ സർക്കാരിന്റെ കാലത്ത് എത്ര ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

പെർമിറ്റില്ലാതെ യാത്ര നടത്തുന്ന സ്വകാര്യ ബസുകൾ

3145. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകളിൽ പെർമിറ്റില്ലാതെ സ്വകാര്യ ബസുകൾ യാത്ര നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കെ .എസ് .ആർ .ടി .സി യുമായുള്ള മൽസര ഓട്ടത്തിന് ഇടവരുത്തുകയും അപകടങ്ങളിലേക്ക് വഴിവെക്കുകയും ചെയ്യുകയും യാത്രക്കാർക്ക് അപകട ഇൻഷ്വറൻസു പോലും ലഭിക്കാത്ത അവസ്ഥവരെ ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ബസുകളുടെ പെർമിറ്റില്ലാത്ത റൂട്ടുകളിലെ യാത്രയുമായി ബന്ധപ്പെട്ട് സർക്കാരിന് പരാതി ലഭിക്കുകയുണ്ടായോ ;ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നിന്നാണ് പരാതി ലഭിച്ചതെന്നും ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

കരുനാഗപ്പള്ളിയിൽ നിന്ന് അന്തർ സംസ്ഥാന സർവ്വീസ്

3146. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് അന്തർ സംസ്ഥാന സർവ്വീസ് തുടങ്ങണമെന്ന നിരന്തരമായ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കുട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ

3147. ശ്രീ.തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എടത്വാ ഡിപ്പോയിൽ നിന്നുള്ള പൂപ്പള്ളി-ചമ്പക്കുളം സ്റ്റേ ബസ് കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്തത് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം സർവ്വീസുകളാണ് കളക്ഷൻ കുറവാണെന്ന കാരണത്താലും ബസ്സുകൾ ഇല്ലാത്തതിനാലും നിർത്തലാക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) എടത്വാ ഡിപ്പോയിൽ നിന്നും പുതിയതായി ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ആരംഭിച്ചപ്പോൾ ഓർഡിനറി ബസ്സുകൾ പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് ഫീസിബിലിറ്റി ലഭ്യമായ എടത്വാ ഡിപ്പോയിൽ നിന്നും ബസ്സ് സർവ്വീസുകൾ ഭാവിയിൽ ക്രമീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ജന്റം **( JNNURM)** ലോ ഫ്ലോർ എ. സി ബസ്സ് സർവ്വീസ്

3148. ശ്രീ.കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ്

,, വർക്കല കഹാർ

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാജില്ലകളിലും ജന്റം ( JNNURM) ലോ ഫ്ലോർ എ. സി ബസ്സുകൾ നിരത്തിലിറക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ എത്ര ലോ ഫ്ലോർ എ. സി ബസ്സുകളാണ് അധികമായി അനുവദിച്ചിട്ടുള്ളത്; അവ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പടിഞ്ഞാറത്തറ **-** കുറ്റിയാംവയൽ റൂട്ടിൽ **KSRTC** ബസ്സ് സർവ്വീസ്

3149. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ - കുറ്റിയാംവയൽ റൂട്ടിൽ KSRTC ബസ്സ് സർവ്വീസ് ആരംഭിക്കുന്നതു സംബന്ധിച്ച് ജ്യോതിസ് ബാലജനസഖ്യം സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പടിഞ്ഞാറത്തറ - കുറ്റിയാംവയൽ റൂട്ടിലൂടെ KSRTC ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് നടപടികൾ .

3150. ശ്രീ.ടി.എൻ. പ്രതാപൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത വകുപ്പിൽ എന്തെല്ലാം ശാക്തീകരണ പരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ഇതിനായി ഒരുക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) എൻഫോഴ്സ്മെൻറ് നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>പ്രീപെയ്ഡ് ഓട്ടോറിക്ഷ /ടാക്സികൗണ്ടറുകളുടെ നിരക്ക്</u>

3151. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീപെയ്ഡ് ഓട്ടോറിക്ഷ /ടാക്സി കൗണ്ടറുകളുടെ നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ളത് ആരാണ്;ഇത്തരം കൗണ്ടറുകളുടെ യാത്രാകൂലി നിരക്ക് ചില സ്ഥലങ്ങളിൽ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിലെ യാത്രാ നിരക്ക് നിശ്ചയിച്ച് നൽകുന്നതിൽ മോട്ടോർ വാഹന വകുപ്പിൻെറ അഭിപ്രായം തേടാറുണ്ടോ; ഇല്ലെങ്കിൽ മോട്ടോർ വാഹന വകുപ്പിൻെറ കൂടി ശ്രദ്ധ ഈ സംവിധാനത്തിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) ബസ്സുകളുടെ ഫെയർ സ്റ്റേജ് നിശ്ചയിക്കുന്ന മാതൃകയിൽ കിലോമീറ്റർ കണക്കാക്കി ഈ സംവിധാനത്തിലെ യാത്രാനിരക്ക് പുനർ നിർണ്ണയം നടത്തുന്ന കാര്യം പരിഗണിയ്ക്കുമോ ?

<u>ടാങ്കർലോറി അപകടങ്ങൾ ഒഴിവാക്കാൻ നടപടി</u>

3152. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ടാങ്കർലോറി അപകടങ്ങൾ അടിക്കടി ഉണ്ടാകുന്ന സ്ഥലങ്ങൾ എവിടെയൊക്കെയാണ്; പ്രസ്തുത സ്ഥലങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അപകട മേഖലകൾ കണ്ടെത്തി പ്രസ്തുത സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിനും ഡ്രൈവർമാർക്ക് മുന്നറിയിപ്പ് നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

<u>വിദ്യാർത്ഥികളുടെ യാത്രാവാഹനങ്ങളുടെ സുരക്ഷിതത്വം</u>

3153. **ശ്രീ.ലൂഡി ലൂയിസ്**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുന്ന മോട്ടോർ വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഉപയോഗ യോഗ്യമല്ലാത്ത വാഹനങ്ങൾ ലേലത്തിൽ വാങ്ങി അറ്റകുറ്റപ്പണികൾ ചെയ്ത് വിദ്യാർത്ഥികളുടെ യാത്രക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
04-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.